# ഇനിയും വൈകണമോ?

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 682 311

# ഇനിയും വൈകണമോ?


•

**പ്രൊഫ. എം.വൈ. യോഹന്നാൻ**

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

•

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


•


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 682 311**

•

Printed at
Five Star Offset Printers, Cochin


•


All rights reserved with the publisher

# ആമുഖം

ഇത് എന്റെ അൻപതാമത്തെ പുസ്തകമാണ്. ഇത്രയും ഗ്രന്ഥങ്ങൾ രചിക്കാൻ കരുണയുള്ള കർത്താവ് എനിക്ക് കൃപയും ശക്തിയും ആരോഗ്യവും ആയുസ്സും തന്നതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ബൈബിളിലെ ഒടുവിലത്തെ ഗ്രന്ഥമായ വെളിപ്പാട് പുസ്തകത്തിൽ ഏഴു സഭകളെക്കുറിച്ചുള്ള ദൂതുകൾ എന്നെ ആകെ ഉലച്ചിട്ടുണ്ട്, ഇളക്കി മറിച്ചിട്ടുണ്ട്. "നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്" എന്ന് എഫേസോസ് സഭയോട് ദൈവത്തിന്റെ ആത്മാവ് അരുളിച്ചെയ്യുന്ന വാക്കുകൾ എന്നെ വളരെ സ്പർശിച്ചിട്ടുണ്ട്. ഏഴു നന്മകൾ ആ സഭയെക്കുറിച്ച് പറഞ്ഞിട്ടാണ് ഒരു കുറ്റം നിനക്കുണ്ട് എന്ന് പരിശുദ്ധാത്മാവ് പറയുന്നത്. അതു മൂലം ആ സഭയ്ക്കു വരുന്ന കെടുതി എന്നെ ഞെട്ടിച്ചു.

> *"നീ ഏതിൽ നിന്ന് വീണിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും.... ആത്മാവ് സഭകളോട് പറയുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ."* *വെളിപ്പാട് 2 : 5 – 7*

എ.ഡി. 95–ൽ ആണ് അപ്പോസ്തലനായ യോഹന്നാൻ വെളിപ്പാട് പുസ്തകം എഴുതിയത്. അതിന് 35 വർഷം മുമ്പ് എ.ഡി. 60 – ൽ ആണ് അപ്പോസ്തലനായ പൗലോസ് എഫെസ്യ ലേഖനം എഴുതിയത്. എ. ഡി. 60 – ൽ ഏറ്റവും ആത്മനിറവുള്ള, സർവ്വായുധ വർഗ്ഗം ധരിക്കുന്ന, സഭയാണ് എഫേസോസിലെ സഭ. കേവലം 35 വർഷം കഴിഞ്ഞപ്പോഴേയ്ക്കും ആദ്യ സ്നേഹം

നഷ്ടപ്പെട്ടു എന്നു മാത്രമല്ല, നിലവിളക്ക് നിലയിൽ നിന്ന് (Lamp Stand) നീങ്ങിപ്പോകത്തക്ക സ്ഥിതിയിൽ ആയി എന്നത് ആ സഭയുടെ അധഃപതനത്തിന്റെ വ്യക്തമായ ഒരു ചിത്രമാണ് തരുന്നത്.

രക്ഷിക്കപ്പെടുന്നവരുടെ സമൂഹമാണ് സഭ. എന്നാൽ എ.ഡി. 95 – ൽ ആ സഭ ഇനിയും മാനസാന്തരപ്പെടേണ്ട സ്ഥിതിയിലായിപ്പോയി. അതാണ് "നിന്റെ ആദ്യത്തെ പ്രവൃത്തി ചെയ്ക" എന്ന് പറയുന്നതിന്റെ പൊരുൾ. ഈ വചന ഭാഗത്തിൽ നിന്നാണ് മാനസാരപ്പെട്ടവരുടെ മാനസാന്തരമാണ് ഇന്നത്തെ അടിയന്തിരാവശ്യം എന്ന് പ്രസംഗിക്കാനും എഴുതാനും എനിക്ക് പ്രചോദനം ലഭിച്ചത്.

ഞാൻ പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ട് ജീവിതം ക്രിസ്തുവിന് കൈമാറിയതാണ്. അതിനു മുമ്പും പിമ്പും ഞാൻ പുകവലിച്ചിട്ടില്ല; മദ്യപിച്ചിട്ടില്ല; ചീത്ത പടങ്ങൾ കണ്ടിട്ടില്ല; അഴുക്കായ കൂട്ടുകെട്ടുകളിൽ പോയിട്ടില്ല, പല യുവാക്കന്മാരും ഏറ്റു പറഞ്ഞ് ഞാൻ കേട്ടിട്ടുള്ള സ്വയംഭോഗം, സോദോമ്യ പാപം മുതലായ മ്ലേച്ഛതകൾ ചെയ്തിട്ടില്ല. അവയെന്താണെന്നറിഞ്ഞിട്ടില്ല; അറിയാൻ ശ്രമിച്ചിട്ടില്ല. ആരേയും ദ്രോഹിക്കുകയോ ഉപദ്രവിക്കുവാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല.

പക്ഷേ മാനസാന്തരപ്പെട്ടതിനു ശേഷവും അശുദ്ധമായ ചിന്തകളും കടിഞ്ഞാണില്ലാത്ത മോഹവികാരങ്ങളും, കോപം, ഈർഷ്യ, സ്വാർത്ഥത, അഹങ്കാരം, സ്വയമഹത്വം, സ്ഥാനമോഹം, വേഷഭക്തി, ദ്രവ്യാഗ്രഹം എന്നിങ്ങനെയുള്ള അനേക പാപങ്ങളും ഹൃദയത്തിലുണ്ടായിരുന്നു. പ്രവൃത്തിയിലോ വാക്കിലോ ഒരു പാപവും വരുന്നില്ലല്ലൊ എന്ന ഒരു സംതൃപ്തിയിലായിരുന്നു അന്ന് ഞാൻ.

രണ്ടു നേരവും പ്രാർത്ഥനയും ഒരു ഞായറാഴ്ചയും മോറാനായ പെരുന്നാളും മുടക്കാതെയുള്ള പള്ളിയാരാധനയും നോമ്പ്, ഉപവാസം, വേദപുസ്തകവായന മുതലായവയിലുള്ള നിഷ്ഠയും എനിക്കുണ്ടായിരുന്നതുകൊണ്ട് ഞാൻ ഒരു പരീശ മനോഭാവം പുലർത്തിയിരുന്നു.

കർത്താവ് "അയ്യോ, കഷ്ടം" എന്ന് പറയുന്ന ഭയങ്കരമായ

ഒരുപാപമാണ് പരീശമനോഭാവം എന്ന് ഞാൻ തിരിച്ചറിയാതെ ധാരാളം സുവിശേഷ പ്രസംഗങ്ങൾ ചെയ്തു.

അക്കാലങ്ങളിൽ ഓർത്തഡോക്സ് സഭയുടെ മിഷ്യൻ ബോർഡിന്റെ സെക്രട്ടറി, സ്വമേധയാ മിഷ്യൻ ജനറൽ സെക്രട്ടറി, ഭദ്രാസന യുവജന പ്രസ്ഥാന സെക്രട്ടറി എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങളിൽ മുഴുകി ഞാൻ ജീവിച്ചു. ഒരു തികഞ്ഞ ആത്മീയൻ എന്ന ധാരണ പുലർത്തി ഞാൻ കഴിഞ്ഞ കാലത്താണ് "നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു" എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട് എന്ന ആത്മാവിന്റെ ശബ്ദം ഹൃദയത്തിൽ കടന്നു വന്നത്. അത് മുപ്പത്താറാമത്തെ വയസ്സിലാണ്.

ആദ്യ ലഹരിയിലേക്ക്, ആദ്യസമർപ്പണത്തിലേക്ക്, ആദ്യ വിശ്വാസത്തിലേക്ക് മടങ്ങി വരുവാൻ അതെന്നെ സഹായിച്ചു. അതോടെ എന്റെ വിളിയും തെരഞ്ഞെടുപ്പും എനിക്ക് വ്യക്തമായി. "മാനസാന്തരപ്പെട്ടവരുടെ മാനസാന്തരം" നാമധേയക്രിസ്ത്യാനികളുടെ മാനസാന്തരം എന്ന ലക്ഷ്യമാണ് എന്നെ കർത്താവ് ഭരമേല്പിച്ചിരിക്കുന്ന ദൗത്യം എന്നെനിക്ക് മനസ്സിലായി.

അതുകൊണ്ടാണ് മതപരിവർത്തനമോ സഭാമാറ്റമോ ഞാൻ ലാക്കാക്കാത്തത്. അതിനുള്ള വിളിയുള്ളവർ അത് ചെയ്യട്ടെ.

യഹൂദന്മാരുടെ ഇടയിലെ ശുശ്രൂഷ അപ്പോസ്തലനായ പത്രോസ് ചെയ്തപ്പോൾ ജാതികളുടെ ഇടയിലെ വേല അപ്പോസ്തലനായ പൗലോസ് ചെയ്തു. പക്ഷേ അവ പരസ്പര വിരുദ്ധമല്ലെന്ന് മാത്രമല്ല, പരസ്പര പൂരകവുമാണ്.

ഡോ. വാൻസ് ഹാവ്നർ എന്ന ഭക്തചിന്തകൻ ഒരിക്കൽ ഉറക്കെ ചിന്തിച്ചു. എന്തുകൊണ്ടാണ് ചില സഭകൾ, ചില ക്രിസ്തീയ ശുശ്രൂഷകൾ, ക്ഷീണിക്കുകയും ക്രമേണ നിർജ്ജീവമാകുകയും ചെയ്യുന്നതെന്ന്. അദ്ദേഹം പറയുകയാണ്.

"First there is a man,
then a movement,
then a machine,
and then a monument"

(ആദ്യം ഒരു മനുഷ്യൻ, പിന്നീട് ഒരു പ്രസ്ഥാനം, പിന്നീട് ഒരു യന്ത്രം, ഒടുവിൽ ഒരു സ്മാരകം!)

നാം ചിന്തിക്കേണ്ടതല്ലേ ഈ ആശയം? ഇന്ന് അനേകം കൂട്ടായ്മകളും ശുശ്രൂഷകളും ഒരു സ്മാരകമായി നിലകൊള്ളുകയല്ലേ?

ഈ പുസ്തകം വായിക്കുന്ന ബഹുമാന്യ സഹോദരങ്ങൾ ദയവായി ഒരു പുനശ്ചിന്തനത്തിന് തയ്യാറാകുമോ? ക്രിസ്തുവിന്റെ തിരുരക്തം വാർന്നൊലിക്കുന്ന പാദപീഠത്തിലേക്ക് ഒന്നണയുമോ? വൈകരുതേ. അതാണ് ഈ ഗ്രന്ഥത്തിന്റെ സന്ദേശം. ഒരു പുത്തൻ ആത്മീയ നവോത്ഥാനത്തിന്റെ കാഹളധ്വനിയായി ഇതിനെ സ്വീകരിക്കണമേ.

ഈ ഗ്രന്ഥത്തിന്റെ പ്രസാധനത്തിന്റെ പിന്നിൽ അദ്ധ്വാനിച്ച എന്റെ പ്രിയ സഹോദരങ്ങൾക്ക് കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ.

ഉണർവ്വിലേക്ക് ഒട്ടും വൈകാതെ നമുക്ക് നടന്നടുക്കാം.

സ്വന്തം,

**എം. വൈ. യോഹന്നാൻ**

# ഒന്ന്

*"അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും."*

*ഇയ്യോബ് 8 : 21*

*"സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."* *ഇയ്യോബ് 22 : 23*

*"ഇനിയും ആനന്ദഘോഷവും സന്തോഷധ്വനിയും മണവാളന്റെ സ്വരവും മണവാട്ടിയുടെ സ്വരവും സൈന്യങ്ങളുടെ യഹോവയെ സ്തുതിപ്പിൻ, യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത് എന്ന് പറയുന്നവരുടെ ശബ്ദവും യഹോവയുടെ ആലയത്തിൽ സ്തോത്രയാഗം കൊണ്ടുവരുന്നവരുടെ ശബ്ദവും കേൾക്കും; ഞാൻ ദേശത്തിന്റെ സ്ഥിതി മാറ്റി പണ്ടത്തെപ്പോലെ ആക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു."*

*യിരമ്യാവ് 33 : 11*

ഇനിയും നിന്റെ നാവിൽ ചിരിയുണ്ടാകും. നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷം ഉണ്ടാകും. ഇനിയും നിനക്ക് അഭിവൃദ്ധി ലഭിക്കും. ഇനിയും നിനക്ക് സന്തോഷധ്വനിയുണ്ടാകും. ഇനിയും നിനക്ക് ആനന്ദാഘോഷമുണ്ടാകും. എല്ലാം ഒരേ ഒരാശയമാണ്.

ഇനിയും നമുക്ക് സമാധാനത്തിന്റെ കാലങ്ങൾ ലഭിക്കും. ഇന്ന് ഇതു വായിക്കുന്ന അനേകം പേർ ഉള്ള് നൊന്തിരിക്കുന്നവരാണ്. മനസ്സ് ഭാരപ്പെട്ടിരിക്കുന്നവരാണ്. പല കാരണങ്ങളാൽ നിങ്ങളുടെ ഹൃദയം വ്യാകുലപ്പെട്ടിരിക്കുകയാണ്.

മനസ്സ് ഉരുകിയുരുകി തിളയ്ക്കുന്ന അനുഭവത്തിൽ വല

യുന്ന അനേകർ ഈ വാക്കുകളെ വായിക്കുന്നുണ്ടാകും.

രോഗത്തിന്റെ പീഡയുള്ളവരുണ്ട്. പണത്തിന്റെ ഞെരുക്കം ഉള്ളവരുണ്ട്. കടത്തിന്റെ ആകുലംകൊണ്ട് ജീവിതം തളർന്നു പോയവരുണ്ട്. കുടുംബത്തിലെ ക്ലേശങ്ങളും അഭിപ്രായവ്യത്യാസങ്ങളും സ്വൈര്യക്കേടുകളും മൂലം മനസ്സുതകർന്നു വലഞ്ഞവരുണ്ട്.

ഒരിക്കൽ ഒരാൾ എന്നെ വിളിച്ചു പറഞ്ഞു. ഞങ്ങളുടെ കുടുംബത്തിലെ ഏറ്റവും വലിയ കഷ്ടകാലമാണിത്. എന്റെ ഭർത്താവ് എന്നെ പിരിഞ്ഞു നിൽക്കാൻ തീരുമാനിച്ചു, വക്കീൽ നോട്ടീസ് കൊടുത്തിരിക്കുകയാണ്. വിവാഹ മോചനത്തിനുള്ള കേസ് കൊടുക്കുന്നതിനുള്ള നോട്ടീസ് തന്നിരിക്കുകയാണ്. എനിക്ക് സമാധാനമില്ല.

വേറൊരാൾ പറഞ്ഞു, കുടുംബത്തിൽ സമാധാനമില്ല, കുടുംബത്തിൽ ഐക്യമില്ല. ഞങ്ങൾ തമ്മിൽ പിണക്കമാണ്. ഞങ്ങളുടെ കുടുംബം നശിച്ചു. ഞങ്ങൾക്കിനി സമാധാനം കിട്ടുമോ? ഞങ്ങൾ ഒരു വീട്ടിൽതന്നെ താമസിക്കുന്നു. പക്ഷേ സമാധാനമില്ലാതെ കഴിയുന്നു.

അനേകർ നെടുവീർപ്പിട്ടു കഴിയുകയാണ്. ജീവിതമാകെ താറുമാറായി കിടക്കുകയാണ്. പള്ളിയുണ്ട്, ആരാധനയുണ്ട്, നമസ്കാരമുണ്ട്, എല്ലാ നല്ല കാര്യങ്ങളുമുണ്ട്. പക്ഷേ ജീവിതം തളർന്നു കിടക്കുന്നു. സമാധാനം മാത്രമില്ല.

നിങ്ങൾക്ക് സമാധാനം ഇനിയും വേണമെങ്കിൽ ലഭിക്കും, ഇനിയും നിങ്ങൾക്ക് നല്ലകാലങ്ങൾ വേണമെങ്കിൽ ലഭിക്കും, ഇനിയും നിങ്ങൾക്ക് ഐശ്വര്യ സമൃദ്ധമായ കാലങ്ങൾ ലഭിക്കും, ഇനിയും നിങ്ങൾക്ക് ശാന്തസുന്ദരമായ കാലങ്ങൾ ലഭിക്കും.

പിതാക്കന്മാർ പണ്ടുപാടി, കർത്താവേ, ഞങ്ങൾക്ക് ആനന്ദവും ഐശ്വര്യവുമുള്ള മാസങ്ങളും ആണ്ടുകളും തരണമേ എന്ന്. ആനന്ദൈശ്വര്യമെഴുന്ന മാസാബ്ദങ്ങളെ നൽകണമെ എന്നാണ് പിതാക്കന്മാർ പണ്ട് പ്രാർത്ഥിച്ചത്. നാമും അത് ചൊല്ലാറുണ്ട്.

"ആഹ്വാനം ചെയ്യും പാപികളിൽ,
കൃപയെ വിലക്കാത്തോൻ ദേവാ,
ആർദ്രതയാൽ കോപത്തിൻ വടിയും-
താഡനവും നീക്കീടണമെ
ആനന്ദൈശ്വര്യങ്ങളെഴും
മാസാബ്ദങ്ങളെ നൽകണമെ
സ്ളീബായുടെ വൻ റൂശ്മായാൽ
വിദ്ധ്വംസിക്കുക ദുഷ്ടനെ നിൻ,
ആർദ്രതയെ വാഴ്ത്തും ഞങ്ങൾ"

ആനന്ദവും ഐശ്വര്യവുമുള്ള മാസങ്ങളും ആണ്ടുകളും ലഭിക്കുമ്പോൾ കർത്താവെ ഞങ്ങൾ നിന്നെ വാഴ്ത്തും, ഞങ്ങൾ നിന്നെ സ്തുതിക്കും. അങ്ങനെ നാവിൽ ഉല്ലാസഘോഷം നിറയും, ഞങ്ങൾക്ക് സമാധാനത്തിന്റെ സൽക്കാലങ്ങൾ ലഭിക്കും.

"നീതിമാന്മാരുടെ കൂടാരങ്ങളിൽ ഉല്ലാസത്തിന്റേയും ജയത്തിന്റെയും ശബ്ദമെന്ന് ദാവീദു മുഖാന്തിരം പരിശുദ്ധ റൂഹാ പാടി." (സങ്കീർത്തനം 118 : 15)

നീതിമാന്റെ കൂടാരമായി നാം മാറുമ്പോൾ, യഹോവയിങ്കലേക്ക് തിരിഞ്ഞാൽ നിങ്ങൾ വീണ്ടും അഭിവൃദ്ധി പ്രാപിക്കും. ലൂക്കോസ് 16-ാം അദ്ധ്യായം 19 മുതലുള്ള വാക്യങ്ങളിൽ നാം കാണുന്നു.

ഒരു കാലത്തും പ്രാപിക്കാൻ സാധിക്കാത്ത സ്ഥിതിയിലേക്ക്, ധനവാനായ മനുഷ്യൻ മരണശേഷം കടന്നുപോയി. ധനവാനും പ്രാർത്ഥിച്ചു, പക്ഷേ, സമയം കഴിഞ്ഞുള്ള പ്രാർത്ഥന ആയിപ്പോയി. അവന് തിരികെയെത്താൻ കഴിഞ്ഞില്ല.

അവൻ ഈ ഭൂമിയിൽ വെച്ച് മുകളിലേക്ക് നോക്കിയിട്ടില്ല. പാതാളത്തിൽ യാതന അനുഭവിക്കുമ്പോഴാണ് അവൻ മുകളിലേക്ക് നോക്കിയത്. അപ്പോൾ അബ്രാഹാം പിതാവിന്റെ മടിയിൽ ലാസർ ഇരിക്കുന്നതു കണ്ടു. സന്തോഷത്തിന്റെ പറുദീസയിൽ ലാസർ വിശുദ്ധൻമാരുടെ നിരയിലിരിക്കുന്നത് അവൻ കണ്ടു. പക്ഷേ അവന് എന്നെന്നേക്കുമായി ആ സന്തോഷം നഷ്ടപ്പെട്ടു.

നാം ഈ ഭൂമിയിൽ ജീവിക്കുന്ന കാലത്ത് നമുക്ക്

സന്തോഷം തിരികെ വാങ്ങാം. നമുക്ക് സന്തോഷം തിരികെ പ്രാപിക്കാം.

മരിച്ചാൽ മതിയെന്നോർക്കുന്നവർ ആരെങ്കിലും ഈ വാക്കുകളെ വായിക്കുന്നുണ്ടോ? എന്നെ സ്നേഹിക്കാൻ എനിക്ക് ആരുമില്ലല്ലോ. ഞാനങ്ങ് മരിക്കുകയല്ലേ നല്ലത്? എന്ന് ഓർത്തിരിക്കുന്നവർ ആരെങ്കിലുമുണ്ടോ? ഞാനീ ഭൂമിയിൽ ആർക്കും വേണ്ടാത്തവളായിപ്പോയില്ലേ? ആർക്കും എന്നെ ഒരു വിലയുമില്ലല്ലോ, ഞാനങ്ങ് മരിക്കുകയല്ലേ നല്ലത് എന്ന് ചിന്തിക്കുന്നവരുണ്ടോ?

എന്റെയീ രോഗമുണ്ടോ മാറാൻ പോകുന്നു. ഞാനങ്ങു വേഗം മരിച്ചുപോയിരുന്നെങ്കിൽ എന്നു ചിന്തിക്കുന്നവരുണ്ടോ? സ്നേഹിതരേ ഓർക്കുക, നിങ്ങളുടെ ജീവിതത്തിൽ നല്ലകാലങ്ങൾ തരുവാൻ ക്രിസ്തുവിന് ഇനിയും കഴിയും.

തീർന്നില്ല നിങ്ങളുടെ സമയങ്ങൾ, നിങ്ങൾക്ക് ഇനിയും തിരിയുവാനുള്ള സമയം തീർന്നില്ല. യഹോവയിങ്കലേക്ക് തിരിഞ്ഞാൽ നീ വീണ്ടും അഭിവൃദ്ധി പ്രാപിക്കും.

കർത്താവ് മരണാനന്തരാവസ്ഥയെക്കുറിച്ച് പറഞ്ഞതായ സംഭവത്തിൽ ധനവാന് അവന്റെ നിലവിളിക്ക് ഫലം കിട്ടിയില്ല. അവൻ ഉറക്കെ നിലവിളിച്ചു എന്നാണ് നാം വായിക്കുന്നത്.

അബ്രാഹാം പിതാവേ, ആ ലാസറിനെ ഒന്നിങ്ങോട്ട് അയക്കണമേ എന്നപേക്ഷിച്ചു. പക്ഷേ ഫലം കിട്ടിയില്ല.

ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ ഒന്ന് ഇവിടം വരെ അയക്കണമെ എന്നു പ്രാർത്ഥിച്ചു. ഫലം കിട്ടിയില്ല.

അബ്രാഹാം പിതാവേ, എന്റെ അഞ്ച് സഹോദരന്മാർ അവിടെ ജീവിക്കുന്ന രീതിയിൽ ജീവിച്ചാൽ അവരും ഞാൻ ആയിരിക്കുന്ന ഈ യാതനാസ്ഥലത്ത് വരേണ്ടിവരുമല്ലോ. അതുകൊണ്ട് ഈ ലാസർചെന്ന്, അവൻ അനുഭവിക്കുന്ന കാര്യങ്ങൾ ഒരു സാക്ഷ്യം പറയട്ടേ, എന്ന് പ്രാർത്ഥിച്ചു നോക്കി. പക്ഷേ ഫലം കിട്ടിയില്ല.

സമയം കഴിഞ്ഞുള്ള പ്രാർത്ഥന ഫലം തരികയില്ല. ഇന്ന്

സമയം കഴിഞ്ഞിട്ടില്ല, ഇന്ന് വേണമെങ്കിൽ നമുക്ക് പ്രാർത്ഥിക്കാം, ഇന്ന് വേണമെങ്കിൽ നമുക്ക് മനം തിരിയാം, ഇനിയും നമുക്ക് സന്തോഷകാലങ്ങൾ ലഭിക്കും. അധരങ്ങളിൽ ചിരി ലഭിക്കും. നമ്മുടെ ഹൃദയത്തിൽ ഉല്ലാസഘോഷം നിറയ്ക്കും.

നിങ്ങൾ അതിനുവേണ്ടി മറ്റൊന്നും ചെയ്യണ്ടാ, ദൈവത്തിങ്കലേക്ക് തിരിഞ്ഞാൽ മതി. മനം തിരിയുക, മനസ്സുതിരിയുക, അതാണ് മാനസാന്തരം. മനസ്സ് മാറുക, സ്വഭാവം മാറുക, ഹൃദയം മാറുക, ശീലം മാറുക.

സഭ മാറേണ്ടാ, സമുദായം മാറേണ്ടാ ഒന്നുകൂടി കൃത്യപ്പെടുത്തി പറയാം. മതം മാറേണ്ടാ പിന്നെ എന്താണ് മാറേണ്ടത്? മാറേണ്ടത് ഹൃദയമാണ്.

ഹൃദയം മാറും. ക്രിസ്തു നിങ്ങളുടെ ഉള്ളിൽ വരുമ്പോൾ, ഹൃദയം ക്രിസ്തു മാറ്റും, നിങ്ങളുടെ സ്വഭാവം ക്രിസ്തു മാറ്റും.

# രണ്ട്

*"ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധര ങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും."*

*ഇയ്യോബ് 8 : 21*

മദ്യപാനംകൊണ്ട് ജീവിതം തകർത്തു കളഞ്ഞ കുടുംബ ങ്ങൾ. പക്ഷേ കുടുംബങ്ങളിൽ മാനസാന്തരം വന്നതോടുകൂടി, ഒരു വ്യക്തി മാനസാന്തരപ്പെട്ടതോടു കൂടി കുടുംബത്തിന്റെ ഛായ മാറി. കുടുംബത്തിന്റെ നിലവാരം മാറി.

ചീത്ത കൂട്ടുകെട്ടുകളിൽ ജീവിതം നശിപ്പിച്ചവരുണ്ട്, വ്യർത്ഥ മായ സംസാരങ്ങളിൽ ജീവിതം കളഞ്ഞു കുളിച്ചവരുണ്ട്, റ്റി. വി. യുടെ മുൻപിൽ ഇരുന്ന് സമയം പാഴാക്കിയവരുണ്ട്, സിനിമ കണ്ട് ജീവിതം താറുമാറാക്കിയവരുണ്ട്, മദ്യപാനം ചെയ്തും കഞ്ചാവടിച്ചും ജീവിതം നശിപ്പിച്ചു കളഞ്ഞവരുണ്ട്, മയക്കുമ രുന്നുകൾ കുത്തിവെച്ച് ജീവിതം കളഞ്ഞവരുണ്ട്, വ്യഭിചാര ജീവിതം കൊണ്ട് കുടുംബം തകർത്തവരുണ്ട്, വഴക്കും പിണ ക്കവും വ്യവഹാരവും കലഹവും കൊണ്ട് സമൂഹത്തിൽ ഛിദ്രത വരുത്തിയവരുണ്ട്.

എന്നാൽ നിങ്ങൾക്ക് ഇനിയും നല്ലകാലങ്ങൾ വേണമെ ങ്കിൽ ലഭിക്കും. അവൻ നിങ്ങളുടെ അധരങ്ങളിൽ ഇനിയും ഉല്ലാ സഘോഷം നിറയ്ക്കും, അവൻ നിങ്ങളുടെ നാവിൽ ചിരി തരും.

ഒരു ചെറുപ്പക്കാരൻ ഒരു ദിവസം ഒരു ഹോസ്പിറ്റലിൽ ചെല്ലുകയുണ്ടായി. വർഷങ്ങൾ വർഷങ്ങൾ മുൻപാണ്. അവൻ ഹോസ്പിറ്റലിലേയ്ക്ക് ഭയങ്കര നിലവിളി കേട്ടുകൊണ്ടാണ് ഓടിച്ചെന്നത്.

ഹോസ്പിറ്റലിൽ നാലഞ്ചു മല്ലൻമാർ ചേർന്ന് ഒരാളെ

പിടിച്ചു വെച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഓപ്പറേഷൻ നടത്താനാണ്.

അവന്റെ കാലിന്റെ തുടയിൽ ഒരു ഭാഗത്ത് ഏതോ ഒരു വലിയ സാധനം തറഞ്ഞു കയറി. അത് പുറത്തെടുക്കണം. അത് കത്തികൊണ്ട് കീറുകയാണ്. ചോര അമർത്തിപ്പിടിച്ചിരിക്കുകയാണ്.

നല്ല വൈദ്യവിദ്യാഭ്യാസം ഒന്നും ഉള്ള കാലമല്ല. വിഷമിച്ച് കീറിക്കീറി അതെടുത്തു. പാവം ആ മനുഷ്യൻ വേദനകൊണ്ട് പുളഞ്ഞു പുളഞ്ഞ് ബോധം കെട്ടതുപോലെയായി.

ഈ മരണവെപ്രാളം കണ്ടുകൊണ്ടിരുന്ന ആ യുവാവിന് തോന്നി, വേദനയറിയാതെ ഓപ്പറേഷൻ ചെയ്യാൻ പറ്റില്ലേ? വേദനയറിയാതെ ഓപ്പറേഷൻ നടത്തിയിരുന്നെങ്കിൽ!

പാവം, ആ മനുഷ്യനെ ആളുകൾ ബലമായി പിടിച്ചു കിടത്തികൊണ്ട് ഓപ്പറേഷൻ നടത്തുന്നു. തറഞ്ഞു കയറിയ ആ വസ്തു എടുക്കാൻ കീറിയേ പറ്റൂ. വേദന അറിയാതെ കീറാൻ പറ്റിയിരുന്നെങ്കിൽ! കുറെ നാളുകളിങ്ങനെ മനസ്സിൽ നീറ്റൽ പിടിച്ചുകൊണ്ടിരുന്നു. എന്താണിതിന് പോംവഴി. എങ്ങനെയാണ് വേദനയറിയാതെ ഓപ്പറേഷൻ നടത്താൻ പറ്റുക.

ഈ ചെറുപ്പക്കാരനൊരു ഭക്തനായിരുന്നു. പ്രാർത്ഥിക്കുന്നവനായിരുന്നു. അവന് വേദപുസ്തകം അറിയാമായിരുന്നു. വേദപുസ്തകം വായിച്ചപ്പോൾ ഉല്പത്തി പുസ്തകത്തിൽ ഒരു ഭാഗം കണ്ടു.

> *"ആകയാൽ യഹോവയായ ദൈവം മനുഷ്യന് ഒരു ഗാഢനിദ്രവരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അതിന് പകരം മാംസം പിടിപ്പിച്ചു."* *ഉല്പത്തി 2 : 21*

മനുഷ്യൻ ഉറങ്ങിയപ്പോൾ മനുഷ്യന് ഗാഢനിദ്രകൊടുത്തു. Deep sleep - ഉറങ്ങിയപ്പോൾ യഹോവയായ ദൈവം അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അതിന് പകരം മാംസം പിടിപ്പിച്ചു.

വാരിയെല്ലിൽ നിന്ന് ഹവ്വായെ ദൈവം സൃഷ്ടിച്ചതായ

സംഭവമാണിവിടെ പറഞ്ഞിരിക്കുന്നത്. ഈ ചെറുപ്പക്കാരനിതു വായിച്ചപ്പോൾ അവന്റെയുള്ളിൽ ഒരു ചിന്ത. ഗാഢനിദ്ര വരുത്തിയാൽ മതി, Deep Sleep, അതിനുള്ള വല്ല മാർഗ്ഗവുമുണ്ടെങ്കിൽ, ഈ ഓപ്പറേഷൻ വിജയകരമാക്കിത്തീർക്കാം. വേദനയറിയാതെ കീറിയെടുക്കാം.

ആ ചിന്തകൾ രൂപപ്പെട്ട് പ്രാപിച്ചതാണ് chloroform-ന്റെ കണ്ടുപിടിത്തം. ഇന്നത്തെ അനസ്തേഷ്യ. ഇന്ന് രോഗികൾ ഓപ്പറേഷന് വിധേയരാവുമ്പോൾ അവർക്ക് അനസ്തേഷ്യ കൊടുക്കും. മയക്കാനുള്ള മരുന്ന് കൊടുക്കും. മയങ്ങിക്കിടക്കാൻ, ഉറക്കം ഉണ്ടാകാനുള്ള മരുന്ന് കൊടുക്കും. അതിനുള്ളതായ മൂലക ഘടകം chloroform – കണ്ടുപിടിച്ചതങ്ങനെയാണ്.

കണ്ടു പിടിച്ച ശാസ്ത്രജ്ഞന്റെ പേര് ജയിംസ് സിംസൺ. ആ യുവാവാണ് പ്രസ്തുത ശാസ്ത്രജ്ഞൻ. ജയിംസ് സിംസൺ വേദപുസ്തകത്തിലെ വചന പ്രകാരം ചിന്തിച്ചാണ് ഈ വലിയ കണ്ടുപിടിത്തത്തിലേക്ക് വന്നത്. ഈ ബൈബിൾ നിസ്സാരമായ ഒരു പുസ്തകമല്ല. ഈ ബൈബിൾ ജീവനുള്ള വചനമാണ്. വേദപുസ്തകം ജീവന്റെ സത്യം ഉൾക്കൊള്ളുന്നതാണ്.

ഒന്നാം ലോകമഹായുദ്ധക്കാലത്ത് സ്ഫോടക വസ്തുക്കൾ കൊണ്ടുപോകണം. കേടുവരാതെ കൊണ്ടുപോകണം. അതിന് ചൂടു തട്ടിയാൽ സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിക്കും.

എന്നാൽ ഈ സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിയ്ക്കാതിരിക്കണമെങ്കിൽ അതെങ്ങനെ കൊണ്ടുപോകാൻ പറ്റും? ആലോചിച്ചു. ഡോ. വീസ്മാൻ എന്ന ശാസ്ത്രജ്ഞൻ ബൈബിൾ പണ്ഡിതൻ ആയിരുന്നു. ബൈബിൾ വായിച്ചു വന്നപ്പോൾ ഇയ്യോബിന്റെ പുസ്തകം വായിച്ചു. ഇയ്യോബിന്റെ പുസ്തകം വായിച്ചു വന്നപ്പോൾ “ഹിമത്തിന്റെ ഭണ്ഡാരത്തോളം നീ ചെന്നിട്ടുണ്ടോ?”

(ഹിമം മഞ്ഞാണ്. മഞ്ഞിന്റെ ഭണ്ഡാരം വരേയും നീ ചെന്നിട്ടുണ്ടോ?) പോരും പടയും ഉള്ള നാളുകളിലേക്ക് സംഗ്രഹിച്ചു വെച്ചിരിക്കുന്നു എന്ന വാക്യം കണ്ടു.

*“നീ ഹിമത്തിന്റെ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ?*

*കന്മഴയുടെ ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേക്കും പോരുംപടയുമുള്ള നാളിലേക്ക് സംഗ്രഹിച്ച് വെച്ചിരിക്കുന്നു."*

*ഇയ്യോബ് 38 : 22 – 23*

എന്തുണ്ടായി? വീസ്മാൻ എന്ന ശാസ്ത്രജ്ഞൻ ഇത് കണ്ടുപിടിച്ച്, അന്നത്തെ സൈനിക ശാസ്ത്രനേതൃത്വത്തിന് അറിവുകൊടുത്തു. മഞ്ഞിൽ പൊതിഞ്ഞ് സ്ഫോടക വസ്തുക്കൾ യുദ്ധ രംഗത്തേക്ക് കൊണ്ടുപോകാൻ പറ്റും എന്ന് പറഞ്ഞുകൊടുത്തു.

തന്മൂലം അന്ന് ലോകമഹായുദ്ധത്തെ വഴിതിരിച്ചുവിടുവാൻ സഖ്യകക്ഷികൾക്ക് കഴിഞ്ഞു.

ബൈബിളിലെ വാക്യങ്ങൾ നിസ്സാരമല്ല. ബൈബിളിലെ വാക്കുകളും വാക്യങ്ങളും വിലപ്പെട്ടതാണ്.

ഈ ബൈബിൾ വാക്യം നിങ്ങൾ വിശ്വസിച്ചാൽ, ബൈബിളിലെ തിരുവചനത്തിൽ നിങ്ങൾ ആശ്രയിച്ചാൽ, നിങ്ങളിൽ ഉല്ലാസഘോഷം നിറയും. നിങ്ങളിൽ ആനന്ദഘോഷം നിറയും. നിങ്ങളുടെ നാവിൽ ഇനിയും ചിരിയുണ്ടാകും. നിങ്ങളുടെ അധരങ്ങളിൽ ഉല്ലാസഘോഷം നിറയ്ക്കാൻ പറ്റും.

## മൂന്ന്

*"അതിന്റെ ശേഷം മറ്റെ കന്യകമാരും വന്നു: കർത്താവേ, കർത്താവേ ഞങ്ങൾക്ക് തുറക്കേണമേ എന്നു പറഞ്ഞു. അതിന് അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ലാ എന്ന് സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു."* *മത്തായി 25 : 11 – 12*

ആനന്ദഘോഷം കിട്ടേണ്ട സമയത്ത് കിട്ടിയില്ല. സന്തോഷദ്ധ്വനി പുറപ്പെടുവിയ്ക്കേണ്ട സമയത്ത് ലഭിച്ചില്ല. ഒരു ഭാഗം ആളുകൾ സന്തോഷധ്വനിയോട് കൂടി മണവറയ്ക്കകത്ത് കഴിയുന്നു.

അഞ്ച് കന്യകമാർ ബുദ്ധിയുള്ളവർ, അവർ അകത്ത് സന്തോഷമായി കഴിയുന്നു.

എന്നാൽ ബുദ്ധിയില്ലാത്ത കന്യകമാർ, നിലവിളിച്ചു. പ്രാർത്ഥിച്ചു. പക്ഷേ അവർക്ക് പ്രവേശനം കിട്ടിയില്ല.

അവരോട് പറഞ്ഞു :

"പോകുവിൻ, ഞാൻ നിങ്ങളെ അറിയുന്നില്ല" ഈ അപകടം നിങ്ങൾക്ക് വരരുത്. അത് ജീവിതത്തിൽ ഒരിക്കലും തിരുത്താൻ വയ്യാത്ത അബദ്ധമായിരിക്കും. നിങ്ങൾക്ക് ലഭിക്കുന്ന സമയം നിങ്ങൾ അതിവേഗം പ്രയോജനപ്പെടുത്തിക്കൊള്ളണം.

അഞ്ചു കന്യകമാർ പുറത്ത് നിന്ന് കരയുകയാണ്. അതേ സമയം അഞ്ചു കന്യകമാർ അകത്ത്, സന്തോഷത്തിന്റെ മണവറയിൽ, ഉല്ലസിക്കുകയാണ്.

അഞ്ച് കന്യകമാർ, വെളിയിൽ നിന്നുകൊണ്ട് വേദനയോടെ നിലവിളിക്കുന്നു: "കർത്താവേ, കർത്താവേ ഞങ്ങൾക്ക് തുറക്കണമേ."

വേദപുസ്തകം വായിക്കുമ്പോൾ ഇതുപോലുള്ള അനേകം സംഭവങ്ങൾ കാണാം. ഏശാവ് സമയം കഴിഞ്ഞു നിലവിളിച്ചു. പക്ഷേ "അവൻ കണ്ണുനീരോടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു. മാനസാന്തരത്തിന് ഇട കണ്ടില്ല." എബ്രായർ 12 : 17

ഈസ്കർയ്യോത്താ യൂദാ നിലവിളിച്ചു. അവൻ പ്രാർത്ഥിച്ചു. അവൻ അനുതപിച്ചു, പ്രായശ്ചിത്തം ചെയ്‌വാൻ തയ്യാറായി.

ഏറ്റു പറഞ്ഞു :

"ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തു" പക്ഷേ അവന് പ്രയോജനം കിട്ടിയില്ല. അവന് പാപമോചനം കിട്ടിയില്ല.
മത്തായി 27 : 3 - 8

ധനവാൻ, പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ നിലവിളിച്ചു. അവന് അബ്രാഹാം പിതാവിന്റെ സന്നിധിയിലേക്ക് പ്രാർത്ഥന ഉയർത്താൻ കഴിഞ്ഞു. പക്ഷേ അവന് കിട്ടേണ്ട അനുഗ്രഹം കിട്ടിയില്ല. അവൻ പാതാളത്തിൽ നിത്യയാതനയിലേക്ക് പോയി. ലൂക്കോസ് 16 : 24 - 31

ഇവിടെയെല്ലാം നാം കാണുന്നതെന്താണ്? സന്തോഷവും സമാധാനവും എന്നെന്നേക്കുമായി നഷ്ടപ്പെട്ടു.

ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർ വെളിയിൽ നിന്നു കൊണ്ട് കരയുകയാണ്. മണവറയ്ക്ക് അരികത്ത് എത്തിയതാണ്. ഒരു വാതിലിന്റെ അകലം മാത്രമെയുള്ളൂ. അകത്ത് ബുദ്ധിയുള്ള അഞ്ച് കന്യകമാരും പുറത്ത് ബുദ്ധിയില്ലാത്ത അഞ്ച് കന്യകമാരും. അവർ തമ്മിൽ ഒരു ചുമരിന്റെ അകലം മാത്രമെയുള്ളൂ. അഞ്ച് പേർ അകത്തും അഞ്ച് പേർ പുറത്തും.

ഏതാനും സമയം മുമ്പ് പത്ത്പേരും ഒരുമിച്ചിരുന്നതാണ്. അവർ അത്രയും കാലം ഒരുമിച്ച് നടന്നവരാണ്. അത്രയും കാലം ഒരുമിച്ച് ജീവിച്ചവരാണ്, മണവാളൻ വരുന്നു എന്നുള്ളതായ ആർപ്പുവിളി ഒരുമിച്ച് കേട്ടവരാണ്. മണവാളനെ എതിരേൽപ്പാൻ ഒരുങ്ങി പുറപ്പെട്ടവരാണ്. മണവാളനെ എതിരേൽക്കുന്നതിന് ദീപം അവരെല്ലാവരും ഒരുപോലെ കയ്യിൽ ഏന്തിയവരാണ്.

പത്തുപേരുടേയും കയ്യിൽ വിളക്കുണ്ട്. പത്തുപേരുടേയും

കയ്യിലെ വിളക്കിൽ എണ്ണയുണ്ട്. പത്തുപേരുടേയും വിളക്ക് കത്തുന്നുണ്ടായിരുന്നു.

എന്നാൽ മണവാളൻ താമസിക്കുന്നു എന്നറിഞ്ഞപ്പോൾ ഈ പത്തുപേരും ഒരുമിച്ച് മയക്കം പിടിച്ചുറങ്ങി. അതുവരേയും എല്ലാം ഒരുമിച്ചു തന്നെയാണ്.

അർദ്ധരാത്രി ആയപ്പോൾ പെട്ടെന്നാണ് വലിയ മുഴക്കമുണ്ടായത്. മണവാളൻ വരുന്നു എന്നുള്ളതായ മുഴക്കം. എല്ലാവരും ഉറക്കം തെളിഞ്ഞു. പത്തുപേരും ഉറക്കം തെളിഞ്ഞു.

അഞ്ചുപേർ ബുദ്ധിയില്ലാത്തവരും, അഞ്ചുപേർ ബുദ്ധിയുള്ളവരുമായിരുന്നു. അഞ്ച് പേര് എന്തു ചെയ്തു? അവർ വിളക്കിൽ എണ്ണ സംഭരിച്ചതിനു പുറമെ പാത്രത്തിൽകൂടി എണ്ണകരുതി. എത്രനേരം കഴിഞ്ഞാണ് മണവാളൻ വരുന്നതെന്ന് അറിഞ്ഞുകൂടാ, അതുകൊണ്ട് ഞങ്ങളുടെ വിളക്ക് കുറെ നേരം കത്തിക്കഴിയുമ്പോൾ വിളക്കിലെ എണ്ണ വറ്റുമല്ലോ. അതുകൊണ്ട് എണ്ണ സംഭരിച്ചുവെയ്ക്കണം. അപ്പോഴപ്പോൾ എണ്ണ പകർന്നു കൊടുക്കാൻ തക്കവണ്ണം, കുറയുന്ന മുറയ്ക്ക് എണ്ണ പകർന്നു കൊടുക്കുവാൻ തക്കവണ്ണം പാത്രത്തിൽ കൂടെ എണ്ണ കരുതണമെന്ന് ആ ബുദ്ധിയുള്ള കന്യകമാർ വിചാരിച്ചു. അതാണ് അവരുടെ ബുദ്ധി.

ഇത് കുറഞ്ഞു പോകാവുന്നതാണ്. ഇത് വറ്റിപ്പോകാവുന്നതാണ്. വറ്റിപ്പോകുമ്പോൾത്തന്നെ പകരേണ്ടതിന് റിസേർവ് ഓയിൽ കരുതേണ്ടതാണ്. വേറെ അൽപം കൂടി എണ്ണ കരുതി വെയ്ക്കേണ്ടതാണ്. വിളക്കിൽ മാത്രമല്ല പാത്രത്തിൽകൂടി എണ്ണ കരുതി വെയ്ക്കേണ്ടതാണ് എന്നു ചിന്തിക്കാനുള്ള ബുദ്ധി അവർക്കുണ്ടായിരുന്നു.

ബാക്കി അഞ്ച് കന്യകമാർ അവർ ബുദ്ധിയില്ലാത്തവരാകാൻ കാരണം. ഇപ്പോൾ വിളക്കു കത്തുന്നുണ്ടല്ലോ; പേടിക്കാനൊന്നുമില്ല എന്നു വിചാരിച്ചു.

പേടിയ്ക്കാനൊന്നുമില്ല, ആവശ്യം വരുമ്പോൾ ഒക്കെ തെളിഞ്ഞുകൊള്ളും എന്ന് അവർ വിചാരിച്ചു. എന്തുണ്ടായി?

മണവാളൻ വരുന്നു എന്നുള്ളതായ ആർപ്പുവിളി ഉണ്ടാ

യി. പത്തുപേരും ഒരുമിച്ച് ഉണർന്നു. അവർ ഒരുമിച്ച് വിളക്ക് തെളിയിച്ചു. അവർ വിളക്കിന്റെ തിരി നീട്ടികൊടുത്തു.

"They trimmed their lamps," നാടയുടെ അറ്റത്തുള്ള കരിന്തിരി കിള്ളിക്കളഞ്ഞു. അതിലെ കരിമഷി മാറ്റികളഞ്ഞു. അവർ വിളക്ക് തെളിയിച്ചുകൊടുത്തു.

അപ്പോഴാണ് മനസ്സിലായത്, അത് വരെ കത്തിനിന്നതായിരിക്കാം. പക്ഷേ ഇപ്പോൾ ഈ അഞ്ചുപേരുടെ വിളക്കു കത്തുന്നില്ല. തിരി കെട്ടുപോകുന്നു. ആവശ്യം വന്നപ്പോൾ കെട്ടുപോകുന്നു.

അതുവരെ കത്തിയിരുന്നതാണ്. വിളക്കിലെണ്ണയുണ്ടായിരുന്നു. അതുവരേയും കത്തിയിരുന്നതുകൊണ്ട് എണ്ണ വറ്റിപ്പോയി. അവർ പരിഭ്രമത്തിലായി.

മറ്റേ കന്യകമാർക്കും എണ്ണ വറ്റിപ്പോയി. പക്ഷേ അവർ പാത്രത്തിൽ എണ്ണ കരുതിയിരുന്നതുകൊണ്ട് അപ്പോഴപ്പോൾ എണ്ണ ഒഴിച്ചുകൊടുത്തു.

അവരുടെ വിളക്ക് തെളിഞ്ഞുനിന്നു. നല്ല ജ്വാല, നല്ല തിളക്കം അവർ മണവാളനെ എതിരേൽപ്പാൻ പുറപ്പെട്ടു. അഞ്ച് പേരുടെ വിളക്ക് കെട്ടുപോകുന്നു.

ഈ അഞ്ച് പേർ കൂട്ടുകാരോട് ചോദിച്ചു. നമ്മളൊരുമിച്ചല്ലെ പുറപ്പെട്ടത്? മണവാളനെ എതിരേൽപ്പാൻ ഒരുമിച്ചല്ലെ പുറപ്പെട്ടത്? നമ്മൾ ഒരു കൂട്ടായ്മയിൽ തന്നെയല്ലെ നിന്നത്? നമ്മൾ ഒരു സഭയിൽ തന്നെയല്ലെ നിന്നത്? ഒരു പള്ളിയിൽ തന്നെയല്ലെ നിന്നത്? കുർബ്ബാനകൊള്ളാൻ നമ്മൾ ഒരുമിച്ചല്ലെ പോയത്?

ഒരുമിച്ചല്ലെ നാം വചനം കേട്ടത്? ഒരുമിച്ചല്ലെ നാം കൂട്ടായ്മയ്ക്ക് പോയത്? ഒരു വാഹനത്തിലല്ലെ നാം യാത്രചെയ്തത്?

ഞങ്ങളുടെ വിളക്ക് കെട്ടുപോകുന്നല്ലൊ... ഞങ്ങളെ ഒന്ന് സഹായിക്കാമൊ? ഒരു ചെറിയ സഹായം ചെയ്യാമൊ?

ബുദ്ധിയുള്ള കന്യകമാർ പറഞ്ഞു. ഞങ്ങൾക്ക് നിർവ്വാഹമില്ലല്ലൊ? ഞങ്ങൾ നിങ്ങൾക്ക് തരാമായിരുന്നു. പക്ഷേ

ഞങ്ങൾ തന്നാൽ ഞങ്ങൾക്കും നിങ്ങൾക്കും പോരാതെ വരും. ഞങ്ങളും പുറത്താകേണ്ടി വരും.

നിങ്ങൾ ഒരു കാര്യം ചെയ്യൂ. ഞങ്ങൾ വാങ്ങിയ സ്ഥലമുണ്ട്. അവിടെ ചെന്നാൽ വാങ്ങാമല്ലോ? ഭാഗ്യം അർദ്ധരാത്രിക്കും കട തുറന്നിരിപ്പുണ്ട്. പാത്രത്തിൽ എണ്ണ പകർന്നു കൊടുക്കുന്ന കട തുറന്നിരിപ്പുണ്ട്.

അവർ വേഗം എണ്ണവാങ്ങാൻ പോയി. അപ്പോഴേയ്ക്കും മണവാളൻ വന്നു. ബുദ്ധിയുള്ള അഞ്ച് കന്യകമാർ തെളിഞ്ഞ വിളക്കോടുകൂടി മണവാളനെ എതിരേറ്റു. അകത്തു കടന്നു.

മണവറ വാതിൽ അടയ്ക്കുകയും ചെയ്തു. മറ്റെ കന്യകമാർ വന്നു. പക്ഷേ വൈകിപ്പോയി, അവർ വന്നപ്പോഴേക്കും വാതിൽ അടച്ചുപോയി. അവർ ഇങ്ങനെയാണ് പറയുന്നത്.

> *"കർത്താവേ കർത്താവേ ഞങ്ങൾക്കു തുറക്കേണമേ."* *മത്തായി 25 : 11*
>
> *"അതിനു അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു."* *മത്തായി 25 : 12*

വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങാൻ ഒരു സമയമുണ്ട്. സംഭരിപ്പാൻ ഒരു സമയമുണ്ട്. സമ്പാദിച്ചുവെയ്ക്കാൻ സമയമുണ്ട്. എണ്ണ സംഭരിക്കേണ്ട ഒരു കാലമുണ്ട്.

നിങ്ങൾ മറക്കരുത്. എണ്ണ സംഭരിയ്ക്കേണ്ട കാലം സംഭരിച്ചില്ലാ എന്നു വരരുത്. ബുദ്ധിയുള്ളവർ നേരത്തേ കരുതി വെച്ചു. ബുദ്ധിയില്ലാത്തവർ എണ്ണ കരുതിവെച്ചില്ല, അവർ എണ്ണ വാങ്ങി വെച്ചില്ല.

ഇന്ന് നിങ്ങൾക്ക് എണ്ണ പകർന്നു തരുവാൻ ദൈവം കൃപാലുവാണ്. എന്താണ് എണ്ണ?

"പരിശുദ്ധാത്മാവാകുന്ന സ്വർഗ്ഗീയ ശക്തിയുടെ കൃപയുടെ വ്യാപാരമാണ് ഈ എണ്ണ എന്നു പറയുന്നത്. നിങ്ങൾക്കിന്ന് വേണമെങ്കിൽ വിലകൊടുക്കാതെ വാങ്ങാം, നിങ്ങൾ ഒരു ചിലവും ചെയ്യണ്ടാ, നിങ്ങൾ ഒരു സംഭാവനയും കൊടുക്കണ്ട. യെശയ്യാവു പറയുന്നത് ശ്രദ്ധിക്കൂ.

*"നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ." യെശയ്യാവ് 55 : 1*

ദാഹമുണ്ടോ നിങ്ങൾക്ക്? എങ്കിൽ ദാഹിക്കുന്ന ഏവരും – ദ്രവ്യമില്ലാത്തവരുമായുള്ളവരെ, പൈസയില്ലാത്തവരുമായുള്ളവരേ, വെള്ളത്തിന് വരുവിൻ, വന്നു വാങ്ങിത്തിന്നുവിൻ ; വന്നു വാങ്ങി നിങ്ങൾ വെള്ളം കുടിപ്പിൻ; നിങ്ങൾ ഭക്ഷണം കഴിപ്പിൻ, നിങ്ങൾ വന്ന് ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും സൗജന്യമായി വാങ്ങിക്കൊൾവിൻ.

നിങ്ങൾക്ക് വേണമെങ്കിൽ വീഞ്ഞ് സൗജന്യമായി വാങ്ങാം. അത് ലഹരിപ്പിക്കുന്ന വീഞ്ഞത്രേ. അത് പരിശുദ്ധാത്മാവാണ്. പാല് തിരുവചനമാണ്. തിരുവചനവും പരിശുദ്ധാത്മാവും സൗജന്യമായി നിങ്ങൾക്ക് തരാമെന്നാണ് പറയുന്നത്. ഇന്ന് നിങ്ങൾ വില കൊടുക്കണ്ടാ. നിങ്ങൾക്ക് വേണ്ടി ഇന്ന് വിൽപനശാല തുറന്നു വെച്ചിരിക്കുകയാണ്, സൗജന്യമായി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

നിങ്ങൾ ഒന്നും ചെയ്യേണ്ടാ, നിങ്ങൾ ഈ വാക്കുകളെ വായിച്ചു കൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ഹൃദയം തുറന്നാൽ മതി. യേശുവേ, ഞാനിതാ നിന്റെ ആത്മാവിനുവേണ്ടി കൊതിക്കുന്നു. നിന്റെ പരിശുദ്ധാത്മാവിനെ എന്റെ ഉള്ളത്തിലേക്ക് തരേണമെ എന്നു നിങ്ങൾ പ്രാർത്ഥിക്കൂ.

പാപം മൂലം എന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവിന് ഇരിക്കാൻ ഇടമില്ലാതിരിക്കുന്നു. കർത്താവേ, എന്റെ സ്വഭാവം മൂലം പരിശുദ്ധാത്മാവിന് എന്നിൽ ഇരിക്കാൻ ഇടമില്ലാതിരിക്കുന്നു. കർത്താവേ എന്റെ കോപം മൂലം പരിശുദ്ധാത്മാവ് എന്നിൽ നിന്ന് ഇറങ്ങിപ്പോയിരിക്കുന്നു.

മാമോദീസായിൽ പരിശുദ്ധാത്മാവിനെ എനിക്ക് കിട്ടിയതാണ്. എന്നാൽ എന്റെ കോപം മൂലം പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ നിന്ന് ഇറങ്ങിപ്പോയി.

ശുദ്ധമുള്ള റൂഹായുടെ ശുദ്ധമുള്ള കുടിയിരിപ്പ് ഭവനമായിരുന്നു. എന്നാൽ ശുദ്ധമുള്ള കുടിയിരിപ്പ് ഭവനമായിരുന്ന എന്റെ ഹൃദയത്തിൽ നിന്ന് പരിശുദ്ധാത്മാവ് വിട്ടുപോയി.

കർത്താവേ, എനിക്ക് കോപം വന്നു, വാശി വന്നു, എനിക്ക് വഴക്കു വന്നു, എനിക്ക് മുഷിച്ചില് വന്നു, യേശുവേ, എനിക്ക് മോഷണ സ്വഭാവം വന്നു, എനിക്ക് ചിലരോട് അസൂയ വന്നു, എന്റെ ദൈവമേ എനിക്ക് ദ്രവ്യാഗ്രഹം വന്നു, യേശുവേ എന്റെ ഹൃദയത്തിൽ പകയും വിദ്വേഷവും വന്നു, എന്റെ ജീവിതത്തിൽ എല്ലാ തിന്മയും വന്നു പോയി, പുറത്ത് പറയാൻ അറയ്ക്കുന്ന പാപങ്ങൾ വന്നുപോയി. കർത്താവേ എന്റെ ഹൃദയത്തിൽ നിന്ന് പരിശുദ്ധാത്മാവ് ഇറങ്ങിപ്പോയി.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ കുടിയിരിപ്പ് ഭവനമായിരുന്ന എന്റെ ഹൃദയത്തിൽ ഇന്ന് പിശാച് വാഴുന്നു. കർത്താവേ, എനിക്ക് സൗജന്യമായി വീഞ്ഞു തരണമെ. സൗജന്യമായി എനിക്ക് പാല് തരണമെ. സൗജന്യമായി എനിക്ക് ആത്മാവിനെ തരേണമെ.

പരിശുദ്ധാത്മാവിനു വേണ്ടി പ്രാർത്ഥിപ്പിൻ, ശുദ്ധമുള്ള റൂഹായുടെ ശുദ്ധമുള്ള കുടിയിരിപ്പു ഭവനമായി നിങ്ങളെ ചമയ്ക്കുവാൻ നിങ്ങളെത്തന്നെ സമർപ്പിച്ചു പ്രാർത്ഥിക്കുവിൻ. യേശു നിങ്ങളിലേക്ക് കടന്നു വരട്ടെ. യേശു നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് ഇറങ്ങി വരട്ടെ.

# നാല്

*"അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ, വെള്ളത്തിനു വരുവിൻ, വന്ന് വാങ്ങി തിന്നുവിൻ; നിങ്ങൾ വന്ന് ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ."*

*യെശയ്യാവ് 55 : 1*

*"ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ."* *മത്തായി 25 : 9*

അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു.

ഒരുങ്ങിയിരുന്നവർ അവനോടുകൂടി കല്ല്യാണ സദ്യയ്ക്ക് ചെന്നു. വിളക്കു തെളിച്ചപ്പോൾ കെട്ടുപോകാതിരുന്നവരാണ് ഒരുങ്ങിയിരുന്നവർ. വാതിൽ അടയ്ക്കുകയും ചെയ്തു.

വാതിൽ അടയ്ക്കുന്നതിന് മുൻപ് വേഗം നിങ്ങൾ എണ്ണ വാങ്ങിക്കൊള്ളണം. വാതിൽ അടയ്ക്കുന്നതിന് മുൻപ് വേഗം വീഞ്ഞു സംഭരിച്ചുകൊള്ളണം. വാതിൽ അടയ്ക്കുന്നതിന് മുൻപ് വേഗം പാല് വാങ്ങിക്കൊള്ളണം. അതിന് ദ്രവ്യം കൊടുക്കേണ്ട, ഒരു പരിശ്രമവും ചെയ്യണ്ട.

നിങ്ങളാൽ അസാദ്ധ്യമായ കാര്യങ്ങൾ ഒന്നും ചെയ്വാൻ പറയുന്നില്ലല്ലൊ. നിങ്ങൾ തപസ്സനുഷ്ഠിച്ച്, തപോ നിരതരായി ഏകാന്തമായി ഒരിടത്ത് ഇരിക്കണ്ട.

നിങ്ങൾ വിവാഹബന്ധം വിടർത്തണ്ട. ഭാര്യയും ഭർത്താവും ഒരുമിച്ച് സന്തോഷമായി കുഞ്ഞുങ്ങളോട് കൂടി നിങ്ങളുടെ വീട്ടിൽ ജീവിയ്ക്കാം.

നിങ്ങൾക്ക് ജോലികൾ ചെയ്യാം. കൃഷികൾ ചെയ്യാം, ഉപജീവന മാർഗ്ഗങ്ങൾ തേടാം. നിങ്ങൾക്ക് നല്ലപോലെ അദ്ധ്വാ

നിക്കാം. അതിലൊന്നും തെറ്റില്ല.

എന്നാൽ നിങ്ങൾ എണ്ണ സംഭരിച്ചുകൊള്ളണം. എണ്ണ കിട്ടേണ്ട സമയത്ത് എണ്ണ വാങ്ങിക്കൊള്ളണം. എണ്ണ പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിനെ ഇന്നേ പ്രാപിച്ചുകൊള്ളണം.

അവർ എണ്ണ വാങ്ങാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അകത്ത് പ്രവേശിച്ചു. വാതിൽ അടയ്ക്കുകയും ചെയ്തു.

വാതിൽ അടയ്ക്കുന്ന ഒരുദിവസമുണ്ട്. ഇപ്പോൾ പെട്ടകത്തിന്റെ വാതിൽ തുറന്നു വെച്ചിരിക്കുകയാണ്. നോഹയുടെ കാലത്ത് പെട്ടകത്തിന്റെ വാതിൽ തുറന്നു വെച്ചുകൊണ്ട് നോഹ പ്രസംഗിച്ചുകൊണ്ടിരുന്നു. നീതിപ്രസംഗിയായ നോഹ, പ്രളയം വരുന്നേ, രക്ഷപ്പെടണേ എന്ന് കെഞ്ചി യാചിച്ചുകൊണ്ട് നിന്നു.

അന്ന് ആർക്കും നോഹയെ വിലയില്ല. നോഹ വൃദ്ധനായോരു മനുഷ്യൻ! മണ്ടത്തരം വിളിച്ചു പറയുന്നു. ഒരു ബോധവുമില്ലാത്ത മനുഷ്യൻ എന്നേ ജനം കരുതിയുള്ളൂ.

ലോകം ഇതുവരെ മഴ കണ്ടിട്ടില്ല, ഈ ഭൂമിയിൽ മഴ പെയ്തിട്ടില്ല. അതുവരേയും ഭൂമിയിൽ മഴ പെയ്തിട്ടില്ലാത്തതുകൊണ്ട് നോഹ പറഞ്ഞതാരും ഗൗനിച്ചില്ല, ഇതെല്ലാം സംഭവിക്കാൻ പോകുന്നുണ്ടോ എന്നേ ചിന്തിച്ചുള്ളൂ. അതുവരെ മഴ പെയ്തിരുന്നില്ല.

> *"യഹോവയായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല.... ഭൂമിയിൽ നിന്ന് മഞ്ഞു പൊങ്ങി, നിലം ഒക്കെയും നനച്ചു വന്നു."* *ഉല്പത്തി 2 : 5*

നോഹ പറഞ്ഞുകൊണ്ടേയിരുന്നു: മഴപെയ്യും. ആകാശത്തുനിന്ന് ഭൂമിയിലേയ്ക്ക് വെള്ളം വരും, വെള്ളം വന്ന് നിറഞ്ഞ് ഈ ഭൂമിയിൽ വെള്ളം മെത്തുമ്പോൾ നാം എന്തു ചെയ്യും കൂട്ടരെ? അതിനാണ് പെട്ടകം പണിതുവെച്ചിരിക്കുന്നത്. "പെട്ടകത്തിൽ കയറിക്കൊള്ളുവിൻ" ആരും ഗൗനിച്ചില്ല.

ഇന്നും അങ്ങനെതന്നെയാണ്, അനേകർ ഗൗനിക്കുന്നില്ല. ഇത് ചില കൂട്ടായ്മക്കാരുടെ ജോലിയാണ് എന്ന് പറഞ്ഞ്

തള്ളിക്കളയുകയാണ്. ഇത് ചില ആളുകളുടെ ഉപജീവന മാർഗ്ഗമാണ്, പണം സമാഹരിക്കാനുള്ള സൂത്രമാണ് എന്നൊക്കെ പറയുന്ന ആളുകളുണ്ട്.

പൈസയ്ക്ക് വേണ്ടിയല്ല സത്യസുവിശേഷകർ പ്രസംഗിക്കുന്നത്. ഏതെങ്കിലും സ്ഥാപിത താൽപര്യത്തോടു കൂടിയല്ല, വേല ചെയ്യുന്നത്, ഒരേ ഒരു ലക്ഷ്യം മാത്രം.

നരകത്തിലേയ്ക്ക് പോകുന്ന ആളുകൾ എല്ലാം നരകത്തിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗത്തിന്റെ അവകാശികൾ ആയിത്തീരണം. നരകം ഒഴിവായി കിട്ടണം. അതാണ് നിർമ്മല സുവിശേഷം ഘോഷിക്കുന്നതിന്റെ ഉദ്ദേശം.

വേറെ ലക്ഷ്യമില്ല, നരകത്തിലേക്ക് കൂട്ടം കൂട്ടമായി ജനതതി ഒഴുകിക്കൊണ്ടിരിക്കുന്നു. നരക ഭീകരതയിലേക്ക് അനേകർ ഒഴുകിക്കൊണ്ടിരിക്കുന്നു.

എന്തെല്ലാം വൃത്തികേടിലേക്കാണ് പോകുന്നത്, മന്ത്രവാദത്തിലേക്കും, ആഭിചാര പ്രവൃത്തികളിലേയ്ക്കും, വേണ്ടാത്ത ജീവിതത്തിലേയ്ക്കും കൊലപാതകങ്ങളിലേയ്ക്കും, ഗർഭച്ഛിദ്രങ്ങളിലേയ്ക്കും മനുഷ്യതതി ഒഴുകിക്കൊണ്ടിരിക്കുന്നു.

കുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. മദ്യപാനത്തിലേയ്ക്കും, കഞ്ചാവിലേയ്ക്കും യുവതലമുറ ഒഴുകിക്കൊണ്ടിരിക്കുന്നു. റാഗിംഗ് എന്നു പറയുന്ന ഭീകരപ്രവൃത്തിയിലകപ്പെട്ട് യൗവ്വനക്കാർ നശിച്ചുകൊണ്ടിരിക്കുന്നു. കോളേജുകൾ സംസ്ക്കാര ശൂന്യമായിക്കൊണ്ടിരിക്കുന്നു. പഠിത്തം മുടങ്ങിക്കൊണ്ടിരിക്കുന്നു. അനേക കുടുംബങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. ശാപയോഗ്യരായി തീർന്നുകൊണ്ടിരിക്കുന്നു.

യുവതലമുറ ചേതന നഷ്ടപ്പെട്ടവരായി തീർന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ രക്ഷപ്പെടുവാൻ ജീവനുള്ള ദൈവം ഒരു വഴി കാണിച്ചു തരുന്നു. പ്രളയം വരുന്നേ എന്ന് പറയുന്നു.

അന്ന് നോഹയുടെ കാലത്ത് ജല പ്രളയം വരുന്നു എന്ന് പറഞ്ഞ് ആളുകൾ നോഹയെ ഭ്രാന്തനെന്ന് വിളിച്ചു, മണ്ടനെന്ന് വിളിച്ചു, നോഹ മറുപടി പറഞ്ഞില്ല.

പക്ഷേ നോഹ പറഞ്ഞു: അയ്യോ നിങ്ങൾ ഒന്നു മാത്രം കേൾക്കണെ, മഴപെയ്യും. നിങ്ങൾക്ക് രക്ഷപ്പെടാൻ നിർവ്വാഹമില്ലാതെ വരും. പെട്ടകം പണിതുനിർത്തിയിട്ടുണ്ട്. നിത്യനായ ദൈവത്തിന്റെ കൽപ്പനപ്രകാരം പെട്ടകം ഒരുക്കി നിർത്തിയിട്ടുണ്ട്. ഒരു വാതിലേയുള്ളു, നിങ്ങൾ വേഗം വന്ന് അകത്ത് കയറിക്കൊൾവിൻ എന്ന്. ആളുകൾ മടിച്ചുനിന്നു.

മഴപെയ്തു. വെള്ളം പൊങ്ങി. വെള്ളം പൊങ്ങിപ്പൊങ്ങി വന്നപ്പോൾ അവർ വീടുകളിൽ കയറിയിരുന്നു. അവിടേയും വെള്ളം പൊങ്ങി. അവർ മേൽത്തട്ടിൽ ചെന്നഭയം പ്രാപിച്ചു. അവിടേയും വെള്ളം പൊങ്ങി. അവർ മരത്തിൽ കയറി രക്ഷപ്പെട്ടു. അവിടേയും വെള്ളം പൊങ്ങി. മരത്തലപ്പുകളിൽ വെള്ളം പൊങ്ങി. അവർ വെള്ളത്തിൽ പതച്ചു നീന്താൻ തുടങ്ങി.

അപ്പോൾ അവർക്ക് മനസ്സിലായി, നോഹ പറഞ്ഞത് സത്യമാണ്. അയ്യോ ഇനി എന്താ ചെയ്ക? അവർ നീന്തിത്തുടിച്ച്, പെട്ടകത്തിന് ചുറ്റും നിന്ന് കരയാൻ തുടങ്ങി.

സ്വർഗ്ഗത്തിലെ ദൈവം പെട്ടകത്തിന്റെ വാതിൽ അടച്ചുകഴിഞ്ഞിരുന്നു. അവർ വളരെ വളരെ വേദനയോടെ ഉച്ചത്തിൽ കരഞ്ഞു. പെട്ടകം പണിത ആശാരിമാർ ആ കൂട്ടത്തിലുണ്ട്. ശിൽപികൾ ആ കൂട്ടത്തിലുണ്ട്. പെട്ടകത്തിന്റെ പണിക്കാർ ആ കൂട്ടത്തിലുണ്ട്. പെട്ടകത്തിന്റെ കണക്കറിയാവുന്നവർ ആ കൂട്ടത്തിലുണ്ട്.

സ്നേഹിതരേ, ഞാനൽപം ഭയത്തോടെ പറഞ്ഞുകൊള്ളട്ടെ. പല സുവിശേഷകൻമാരും പുറത്തു നിന്ന് കരയേണ്ടിവരുമോ? പല തീയോളജിക്കൽ ബിരുദധാരികളും പുറത്തുനിന്നു കരയേണ്ടി വരുമോ? പല ഉന്നത ശുശ്രൂഷകന്മാരും നിന്ന് പ്രലപിക്കേണ്ടി വരുമോ?

കണക്കറിയാവുന്നവർ ആണ് അവർ. പെട്ടകത്തെക്കുറിച്ച് വിവരിക്കാൻ അറിയാവുന്നവരാണ്. പെട്ടകത്തിന് മൂന്നു തട്ടുണ്ട് എന്ന് അറിയാവുന്നവരാണ്. മൂന്ന് തട്ടിന്റേയും പ്രതീകാത്മകങ്ങളായ ആശയങ്ങളെക്കുറിച്ച് പൊരുളു തിരിച്ചു പറയാൻ കഴിവുള്ളവരാണ് അവർ.

Theology യുടെ ആഴങ്ങൾ പഠിച്ചവരാണ്, പക്ഷേ അവർ

അകത്തു കടന്നില്ലാ. അവർക്ക് പഠനം ഉണ്ട്. അവർക്ക് പാണ്ഡിത്യം ഉണ്ട്. പക്ഷേ അവർക്ക് അകത്ത് കടക്കാൻ കഴിഞ്ഞില്ലാ.

എന്നാൽ വാതിൽ അടയ്ക്കുന്നതിന് മുൻപ് ഏതാനും പേർ മാത്രം പെട്ടകത്തിൽ അൽപജനം എന്നുവെച്ചാൽ എട്ടു പേർ മാത്രം അകത്ത് കടന്നു. 1 പത്രോസ് 3 : 20

എനിക്ക് വിനയ പൂർവ്വം നിങ്ങളോട് ഒന്നപേക്ഷിക്കാനുണ്ട്. ആ അല്പ ജനത്തിന്റെ കൂടെ അകത്തു കടക്കാൻ നിങ്ങൾ എത്ര പേരുണ്ട്. അൽപ ജനം! അധികം പേരില്ല!

സഹോദരങ്ങളെ, എനിക്ക് കൂടുതൽ കാര്യങ്ങൾ അറിയാൻ വയ്യായിരുന്നു. ഞാൻ അന്ന്, 17-ാമത്തെ വയസ്സിൽ, വചനം കേട്ടപ്പോൾ ഞാനിത്രയേ പറഞ്ഞുള്ളൂ.

എന്റെ കർത്താവേ, എനിക്ക് യേശുവിനെ ആവശ്യമാണ്. എനിക്ക് യേശു കൂടിയേ കഴിയൂ. എനിക്ക് യേശു ഇല്ലാതെ ജീവിയ്ക്കാൻ വയ്യാ. യേശുവേ, തകർന്നു പോയൊരു ജീവിതം! നിരാശപ്പെട്ടൊരു ജീവിതം! അപകർഷതാ ബോധം തകർത്തു കളഞ്ഞ ഒരു ജീവിതം.

ഞാൻ നിങ്ങളോട് പറയട്ടെ, ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചതുകൊണ്ട് അനാഥമായിപ്പോയ എന്റെ ജീവിതം, എനിക്ക് രണ്ടുവയസ്സുള്ളപ്പോൾ എന്റെ ചേട്ടൻ മരിച്ചതുകൊണ്ട് ആരോരുമില്ലാതെ പോയ ഒരു ജീവിതം, എന്റെ പാവപ്പെട്ട അമ്മ കരഞ്ഞ് കരഞ്ഞ് എന്നെ വളർത്തി.

ഞാനങ്ങനെ ഏതാണ്ട് ഒരനാഥനെപ്പോലെ വളർന്നു വന്നതുകൊണ്ടായിരിക്കണം ഇന്ന് അപ്പനില്ലാത്ത മക്കളോട് എനിയ്ക്ക് പ്രത്യേക സഹതാപവും സ്നേഹവും ഉണ്ട്. ഇന്ന് ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീകളെക്കുറിച്ച് ഒരു കനിവും കരുണയും കർത്താവ് തന്നിട്ടുണ്ട്.

കാരണം അതിനും വചനമാണ് അടിസ്ഥാനം. മറ്റൊന്നുമല്ല, അനാഥരേയും വിധവമാരേയും സംരക്ഷണം ചെയ്യുന്നവനാണ് കർത്താവ്. അപ്പനില്ലാത്തവർക്ക് അപ്പനായി യേശു കടന്നുവരുന്നു. മനസ്സ് തകർന്ന് നിരാശപ്പെട്ട്, ജീവിതം വിരസമായി,

ജീവിതം മടുത്താണ് ഞാൻ ഞങ്ങളുടെ പള്ളിയിൽ വചനം കേൾക്കാൻ പോയത്. അന്ന് വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ഞാനിത്രയെ പറഞ്ഞുള്ളൂ.

എന്റെ കർത്താവേ ലാസറിനെ നീ വിളിച്ചതുപോലെ എന്നെ നീ ഒന്ന് ഉയിർത്തെഴുന്നേൽപ്പിക്കണമെ.

ലാസറെ പുറത്തുവരിക എന്ന്, അന്ന് എന്റെ കരുണയുള്ള കർത്താവ് പറഞ്ഞ വാക്ക്, ആ പ്രസംഗകന്റെ നാവിൽക്കൂടി വന്ന ഉടനെ, ഇടി വെട്ടുന്നതുപോലെയുള്ള ഒരു ചലനം എന്റെ ഉള്ളിലുണ്ടായി. ഞെട്ടലോടെ ഞാൻ കേട്ടു. ലാസറെ പുറത്തു വരിക. മരിച്ചവൻ പുറത്തു വന്നു.

ഞാൻ പറഞ്ഞു: കർത്താവേ, ലാസർ ചീഞ്ഞു കിടന്ന പ്പോൾ അകത്ത് ദുർഗന്ധം, പുറത്ത് ദുർഗ്ഗന്ധം ഒന്നുമില്ലാ. എനിക്ക് പുറമെ പാപമൊന്നുമില്ല. അകത്ത് ദുർഗ്ഗന്ധമാണ്.

കർത്താവേ, അകത്ത് എല്ലാ അഴുക്കും ഉണ്ട്. ചിന്തയിൽ അഴുക്കുണ്ട്. ആഗ്രഹത്തിൽ അഴുക്കുണ്ട്. എന്റെ ചിന്തകളിലും വിചാരങ്ങളിലും മോഹങ്ങളിലും ആഗ്രഹങ്ങളിലും എല്ലാം വളരെ അശുദ്ധമായ മ്ലേച്ഛമായ കാര്യങ്ങൾ ഉണ്ട്. കർത്താവേ പകയുണ്ട്, എനിക്ക് ചിലരോട് വലിയ വൈരാഗ്യം ഉണ്ട്.

കർത്താവേ, കഴിവില്ലാത്തതുകൊണ്ട് പ്രതികാരം ചെയ്യു ന്നില്ല എന്നേ ഉള്ളൂ. കർത്താവേ, ഞാനൊരു ഭീരുവും ബലഹീ നനും ആയിപ്പോയതുകൊണ്ട് പ്രതികാരം ചെയ്യുന്നില്ല എന്നേ ഉള്ളൂ. ഉള്ളിൽ നല്ല പകയുണ്ട്. എന്റെ അകം ചീഞ്ഞിരിക്കുന്നു. എന്നൊക്കെ അന്ന് ഞാനവിടെ പള്ളിയകത്തിരുന്നുകൊണ്ട് പറഞ്ഞു.

അന്ന് എന്റെ ഹൃദയത്തിനകത്തേയ്ക്ക് ദൈവത്തിന്റെ ശബ്ദം കടന്നുവന്നു. ലാസറിന്റെ കല്ലറയ്ക്കുള്ളിലേക്ക് തല നീട്ടിക്കൊണ്ട്, ലാസറെ പുറത്തു വരിക എന്നു പറഞ്ഞ കർത്താ വായ യേശുവിന്റെ ആ അനുഗൃഹീതമായ സ്വരം എന്റെ ചങ്കിന്റെ ഭിത്തികളിൽ മാറ്റൊലിക്കൊണ്ടു. ലാസർ പുറത്തു വന്നതു പോലെ ഞാൻ അന്ന് ഉയിർത്തെഴുന്നേറ്റു.

ആത്മാവിൽ മരിച്ചിരുന്ന ഈ സാധു മനുഷ്യൻ അന്ന്

ഉയിർത്തെഴുന്നേറ്റു. അനാഥനായി വലഞ്ഞുപോയിരുന്ന ഈ നിസ്സാര മനുഷ്യൻ അന്ന് ജീവൻ പ്രാപിച്ചു. അന്നു തുടങ്ങി ഭാഗ്യത്തിന്റെ ഉദയം. അന്നു തുടങ്ങി സ്വർഗ്ഗീയ അനുഗ്രഹ ങ്ങൾ!

കരുണയുള്ള കർത്താവ് ഉള്ളിൽ ആനന്ദഘോഷം നിറ യ്ക്കാൻ തുടങ്ങി. കരുണയുള്ള കർത്താവ് ചുണ്ടിന്മേൽ മധുര സ്വരം, തരാൻ തുടങ്ങി. ഉല്ലാസ ധ്വനി തരാൻ തുടങ്ങി. ഹൃദയ ത്തിൽ സമാധാനം തരാൻ തുടങ്ങി. നാവിന്മേൽ സ്തുതി തരാൻ തുടങ്ങി.

“നിൻ സ്തുതിയും ഹാലേലൂയ്യായും കർത്താവേ ഞാൻ നിർത്തരുതേ” എന്ന് പാടിയ പിതാക്കന്മാരുടെ പാരമ്പര്യത്തിൽ നിന്നുകൊണ്ട് പിതാക്കന്മാർ സ്തുതിച്ചതുപോലെ “മേൽപ്പെട്ട ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ഭൂമിയിൽ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിക്കു ന്നു” എന്ന് പാടുവാൻ കർത്താവ് കൃപതരാൻ തുടങ്ങി.

ആ സ്തുതിയുടെ ശബ്ദവുമായി ഓടിനടക്കാൻ ഈ കാലമത്രയും കർത്താവ് കൃപ തന്നു. ഇന്ന് ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങളോട് പറയട്ടെ, പെട്ടകത്തിന്റെ വാതിൽ അടയുന്നതിന് മുൻപ് നിങ്ങൾ ഇന്ന് അതിവേഗം പെട്ട കത്തിൽ പ്രവേശിച്ചു കൊൾവിൻ.

# അഞ്ച്

*"അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും."*

*ഇയ്യോബ് 8 : 21*

ഏതാനും പേർ പെട്ടകത്തിനു പുറത്തു നിന്ന് കരയുന്നു, ഏതാനും പേർ അകത്ത് സന്തോഷത്തോടെ മണവാളനോടൊരുമിച്ച് കഴിയുന്നു.

ചരിത്രത്തിന്റെ ചക്രവാളത്തിലേയ്ക്ക് നിങ്ങൾ നോക്കിയാൽ കാണാം, ഗോഗുൽത്തായിലെ കുരിശിന്മേൽ ഹൃദയം തുറന്ന് ഇതാ, ഏവരേയും മാടിവിളിക്കുന്ന യേശുവിന്റെ സ്വരം നിങ്ങൾക്ക് കേൾക്കാം. കാലത്തിന്റെ, യുഗത്തിന്റെ പിറവിയിൽ ഈ ശബ്ദം മുഴങ്ങുകയാണ്. യുഗത്തിന്റെ ഭിത്തികളിൽ ഈ ശബ്ദം അലയടിച്ചുകൊണ്ടിരിക്കുകയാണ്. ഏതു പാപിക്കും കടന്നുവരാം.

യേശു വിളിക്കുകയാണ്. മകനേ, എന്റെ ചങ്കു തുറന്നിരിക്കുന്നു. മകളേ, എന്റെ ഹൃദയം തുറന്നിരിക്കുന്നു. ചോരയും നീരും ഒഴുകുന്നു. നിനക്കു വേണ്ടിയാണ് എന്റെ ചങ്കു തുറന്നത്. നിന്നെ ഉൾക്കൊള്ളാനാണ് എന്റെ ചങ്കുതുറന്നത് മോനെ നിന്നെ സ്വീകരിപ്പാനാണ് എന്റെ ഹൃദയം തുറന്നത്. യൗവ്വനക്കാരാ നിന്നെ എന്റെ ഉള്ളത്തിലേക്ക് സ്വീകരിക്കാനാണ് എന്റെ ഉള്ളം തുറന്നത്.

അഞ്ച് കന്യകമാർ വന്നു മുട്ടിത്തുടങ്ങി. കർത്താവേ, കർത്താവേ ഞങ്ങൾക്ക് തുറക്കണമെ. ഞങ്ങളോട് കനിവ് തോന്നണമെ. അവർ പ്രാർത്ഥിക്കാൻ തുടങ്ങി. ഇങ്ങനെയാണ് നാം വായിക്കുന്നത്.

*"അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ*

*വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്ല്യാണസദ്യയ്ക്ക് ചെന്നു. വാതിൽ അടയ്ക്കയും ചെയ്തു.” മത്തായി 25 : 10*

അതിന്റെശേഷം മറ്റെ കന്യകമാരും വന്നു, കർത്താവേ, കർത്താവേ ഞങ്ങൾക്ക് തുറക്കേണമെ എന്ന് പറഞ്ഞു. അതിന് അവൻ “ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന് സത്യമായിട്ട് നിങ്ങളോട് പറയുന്നു” എന്ന് പറഞ്ഞു.

ഇപ്പോൾ യേശു നിങ്ങളുടെ അരികത്ത് വന്നിട്ടുണ്ട്. യേശു നിങ്ങളുടെ സമീപത്ത് നിൽക്കുന്നുണ്ട്. കർത്താവ് നിങ്ങളോട് ചോദിക്കുന്നു. നാളെ ഈ ഭൂമുഖത്ത് ജീവനോടെ കാണുമെന്ന് നിനക്കുറപ്പുണ്ടൊ? നാളെ ഈ നേരത്ത് നീ ഈ ഭൂമിയിൽ ജീവനോടുകൂടി ഉണ്ടായിരിക്കുമെന്ന് ഉറപ്പുപറയാൻ ഒക്കുമോ.

ഓർക്കുക; സമയം കളയരുത്. ഒരു നിമിഷം പോലും മാറ്റിവെയ്ക്കരുത്. ഇപ്പോൾ ഹൃദയം തുറന്ന് കർത്താവിനെ സ്വീകരിയ്ക്കാം.

പെട്ടകത്തിന്റെ വാതിൽ തുറന്നു വെച്ചിരിക്കുന്നു. വേഗം അകത്തേയ്ക്ക് ഓടിക്കയറുവിൻ. രക്ഷപ്രാപിപ്പിൻ. അല്ലെങ്കിലൊ നിങ്ങൾ നിലവിളിക്കേണ്ടി വരും.

ഇന്ന് ക്രിസ്തുവിന്റെ രക്തത്താലുള്ള പാപമോചനം പ്രാപിക്കൂ. എങ്കിൽ നിങ്ങളുടെ നാവിന്മേൽ ഇനിയും ചിരി തരും. നിങ്ങളുടെ അധരങ്ങളിൽ ഇനിയും ഉല്ലാസഘോഷം നിറയ്ക്കും. അവൻ നിങ്ങൾക്ക് ഇനിയും അഭിവൃദ്ധി വരുത്തും. നിങ്ങൾക്ക് സന്തോഷധ്വനി തരും. ആനന്ദം ഇനിയും തുടങ്ങാം.

സൽക്കാലങ്ങൾ ആരംഭിയ്ക്കാം. ആനന്ദൈശ്വര്യമെഴുന്ന മാസങ്ങളും ആണ്ടുകളും നിങ്ങൾക്ക് തുടങ്ങാം. നിങ്ങൾക്ക് നല്ല കുടുംബ ജീവിതം തുടങ്ങാം. നിങ്ങളുടെ കുടുംബം ഐശ്വര്യമാകും. നിങ്ങളുടെ മക്കൾ അനുഗ്രഹിക്കപ്പെടും. ശാപങ്ങൾ മാറിപ്പോകും. പാപങ്ങൾ നീങ്ങിപ്പോകും. ബന്ധനങ്ങൾ അഴിഞ്ഞുപോകും. കുടുംബശാന്തി ലഭിക്കും. നിങ്ങളുടെ രോഗങ്ങൾക്കു സൗഖ്യമുണ്ടാകും.

നിങ്ങളുടെ സ്വഭാവം മാറും. നിങ്ങളുടെ ദുശ്ശീലങ്ങൾ മാറും. ദുസ്വഭാവങ്ങൾ മാറും. മദ്യപാനം മാറും. ജീവിതത്തിലേക്ക് സന്തോഷവും സമാധാനവും കടന്നുവരും. നിങ്ങളുടെ കുടും ബങ്ങൾ അനുഗൃഹീതമാകും. കുടുംബത്തിൽ പ്രാർത്ഥനയുണ്ടാകും. നിങ്ങൾ വേദപുസ്തകം വായിക്കാൻ തുടങ്ങും, നിങ്ങൾ ദൈവത്തെ സ്തുതിക്കാൻ തുടങ്ങും.

അവൻ ഇനിയും നിങ്ങളുടെ നാവിൽ ഉല്ലാസാഘോഷം നിറയ്ക്കും, ഇനിയും നിങ്ങളുടെ വായിൽ ചിരിതരും. അതിനായി നിങ്ങൾ ഇപ്പോൾ എന്തു തീരുമാനിക്കുന്നു?

ഒന്നു മാത്രം മതി. പ്രാർത്ഥിക്കൂ: യേശുവേ, ഇതുവരെ വന്നുപോയ പാപങ്ങൾ എല്ലാം കഴുകിത്തരണമെ.

നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ചോരയാലും നീരിനാലും എന്നെ കഴുകണമേ.

ഒരാൾ കുറെ അധികം ദൂരെ ഒരു ഹോസ്പിറ്റലിൽ നിന്ന് എന്നെ വിളിച്ചു. അദ്ദേഹത്തിന്റെ ഭാര്യയാണ് ഫോൺ വിളിച്ചു തന്നത്. ഞാൻ ഭർത്താവിന് കൊടുക്കട്ടെ എന്ന് ചോദിച്ചു. കൊടുക്കാൻ പറഞ്ഞു. ഭർത്താവിന് കൊടുത്തു. എന്നിട്ട് അദ്ദേഹം എന്നോട് പറഞ്ഞു.

സാറെ ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കാമൊ? ഞാൻ പറഞ്ഞു. ഞാൻ കേൾക്കുന്നുണ്ട്. സാറെ, ഞാൻ ലജ്ജകൂടാതെ ചില പാപങ്ങൾ പറയുകയാണ്. എനിക്കിനി അവസരം കിട്ടിയില്ലെങ്കിലൊ? ഞാൻ ആശുപത്രി കിടക്കയിലാണ്. സാറെ എനിക്ക് വളരെ ഭയം തോന്നുന്നു. മരണം അടുത്തു എന്നൊരു തോന്നൽ.

സാറെനിക്കുവേണ്ടി പ്രാർത്ഥിക്കണം. ഞാനൊന്നു പറഞ്ഞോട്ടെ? ഞാൻ ചോദിച്ചു ആരാ അവിടെയുള്ളത്? എന്റെ സാറെ ചിലരെല്ലാം ഇവിടെയുണ്ട്. എന്റെ ഭാര്യ അടുത്തുണ്ട്. പക്ഷേ ഞാൻ ലജ്ജിക്കുന്നില്ല. ഞാൻ തുറന്നു പറയുകയാണ്. അദ്ദേഹം അവിടെ ഫോണിൽക്കൂടി, ആ മുറിയിലുള്ള, ഭാര്യ ഉൾപ്പെടെയുള്ളവർ കേട്ടുകൊണ്ടിരിയ്ക്കെ, ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇതുവരേയും ഏറ്റുപറയാത്ത പാപങ്ങൾ അദ്ദേഹം അപ്പോൾ ഉറക്കെ എന്നോട് ഏറ്റു പറഞ്ഞു കൊണ്ടിരുന്നു.

സമാധാനം കിട്ടാൻ വേണ്ടിയാണ്. മരണം അടുത്തു വെന്ന് മനസ്സിലായി. ദൈവം കൃപ ചെയ്തുകൊടുത്ത സമയമായിരുന്നു ആ അവസരം.

ഏതാനും മണിക്കൂറുകൾക്കകം അദ്ദേഹം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടു.

നിങ്ങളുടെ ജീവിതത്തിൽ ഇനിയും ഏറ്റപറയാൻ പാപങ്ങൾ ബാക്കിയിരിക്കരുത്. ഉപേക്ഷിക്കാൻ പാപങ്ങൾ ബാക്കിയിരിക്കരുത്.

നിങ്ങൾ ഓരോ പാപങ്ങൾ എണ്ണിയെണ്ണി കണ്ടുപിടിച്ചു ഏറ്റുപറഞ്ഞ് രക്ഷപ്പെട്ടുകൊള്ളണം. നാളത്തെ ദിവസം നമുക്കാർക്കും ഉള്ളതല്ല. ഒന്നും ബാക്കിയിരിക്കരുത്. എല്ലാ കറയും കഴുകാൻ യേശുവിന്റെ തിരുരക്തം മതിയായതാണ്.

ശിശുപ്രായം മുതൽ വന്നുപോയ സകലപാപങ്ങളും സകല അശുദ്ധികളും സകല ബന്ധനങ്ങളും, സകല ശാപങ്ങളും, സകല ദോഷങ്ങളും, പൈശാചികൻ അവകാശം പറയുന്ന എല്ലാ തിന്മകളും എല്ലാം കഴുകിത്തരാൻ യേശു ക്രിസ്തുവിന്റെ രക്തം മതിയായതാണ്. പാപങ്ങൾ കഴുകപ്പെട്ടാൽ വായിൽ ചിരി ഉണ്ടാകും.

പ്രാർത്ഥിക്കൂ :

ഗോഗുൽത്തായിലെ കുരിശിൽ ജീവൻ വെടിഞ്ഞവനെ, നീ എന്റെ ചങ്കിലേക്ക് എഴുന്നെള്ളി വന്ന് എന്റെ ഹൃദയത്തിൽ വിശ്രമിക്കേണമെ. എന്നെ നിന്റെ മകനും നിന്റെ അവകാശിയും ആക്കിത്തീർക്കണമെ.

നിന്റെ രാജ്യത്തിൽ, എന്റെ കർത്താവേ, നിന്റെ വിശുദ്ധന്മാരെ ചേർക്കാൻ നീ വരുമ്പോൾ എന്നേയും ഓർത്തുകൊള്ളേണമെ. യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നേയും കൂടെ ഓർത്തുകൊള്ളേണമെ.

# ആറ്

*"അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും."*

*ഇയ്യോബ് 8 : 21*

ഇനിയും ഉല്ലാസഘോഷം ഉണ്ടാകും. ഇന്ന് നിന്ദയുണ്ട്, ഇന്ന് ലജ്ജയുണ്ട്, ഇന്ന് പരാധീനതയുണ്ട്, ഇന്ന് കഷ്ടതകൾ ഉണ്ട്, ഇന്ന് വീട്ടിൽ വഴക്കുണ്ട്, ഇന്ന് അയൽക്കാരുമായി ശണ്ഠയുണ്ട്, ഇന്ന് കുടുംബത്തിൽ സ്വൈര്യമില്ല, ഇന്ന് മക്കളേക്കുറിച്ചുള്ള ആവലാധികളുണ്ട്, ഇന്ന് പല പല കെടുതികൾ ഉണ്ട്.

എന്നാൽ ദൈവത്തിന് നാം ഓരോരുത്തരോടും ഇന്നു പറയാനുള്ള ഒരു വാഗ്ദത്തമുണ്ട്.

അവൻ ഇനിയും നിന്റെ വായിൽ ചിരിയും, നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും. അത് വേണമെന്ന് നമുക്ക് എല്ലാവർക്കും ആഗ്രഹമുണ്ട്. എനിക്ക് ചിരിയുണ്ടാകുമൊ? എന്റെ ചിരി മാഞ്ഞുപോയില്ലേ? എന്റെ പ്രിയപ്പെട്ട ഭർത്താവ് എന്നെ വിട്ട് കടന്നുപോയില്ലെ? എന്റെ പ്രിയപ്പെട്ട ഭാര്യ എന്നെ വിട്ട് പോയില്ലെ? എന്റെ മക്കൾ എന്നോട് എതിർത്ത്, എന്നോട് വഴക്കടിച്ച് മാറിയില്ലേ? ഇതുവരെയും കിട്ടാത്ത ജോലി ഇനി കിട്ടുമെന്ന് പ്രതീക്ഷിക്കേണ്ട ആവശ്യമുണ്ടൊ?

എന്റെ ആരോഗ്യം തകർന്നില്ലേ? എനിക്ക് വാർദ്ധക്യമായില്ലെ? എനിക്ക് മാരകമായ രോഗം വന്നിരിക്കുകയല്ലെ? എന്റെ കടമുണ്ടൊ തീരാൻ പോകുന്നു. ഇത്രയും കാലം വിദ്യാഭ്യാസമില്ലാതെ കഴിഞ്ഞ എനിക്കുണ്ടൊ ഇനി വിദ്യാഭ്യാസം കിട്ടാൻ പോകുന്നു?

നമുക്ക് പലതിനേക്കുറിച്ചും നിരാശകളുണ്ട്. പലതിനേക്കുറിച്ചും മനസ്സിൽ ആകുലങ്ങളുണ്ട്. എന്റെ ജീവിതത്തിൽ

ഞാൻ എല്ലാം നഷ്ടപ്പെടുത്തിയവനല്ലേ? ഞാൻ എല്ലാം കളഞ്ഞുകുളിച്ചവനല്ലേ? ഇനിയുണ്ടോ എനിയ്ക്കൊരു നല്ലകാലം.

എന്റെ ജീവിതത്തിൽ എനിക്ക് ഒരു സമയത്ത് ഒരു സമർപ്പണമുണ്ടായിരുന്നു. അതുപോലും പോയില്ലെ? എന്റെ ആത്മീയ വീര്യമെല്ലാം പോയില്ലെ? പാപം എന്നെ വശീകരിച്ചില്ലേ? പൈശാചികൻ എന്റെ ഹൃദയത്തിൽ പ്രവേശിച്ചില്ലേ? ഞാൻ പാപത്തിനിടം കൊടുത്തുപോയില്ലെ? ഇനിയുണ്ടോ എനിയ്ക്കൊരു നല്ലകാലം.

അവൻ നിന്റെ വായിൽ ഇനിയും ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും. ഇത് കർത്താവെ, ഇന്ന് നീയെനിക്ക് തരുന്ന സന്ദേശമാണെങ്കിൽ ഇനിയുള്ള കാലങ്ങളിൽ ഞാനത് അനുഭവിയ്ക്കാൻ പോവുകയാണ് എന്ന് നിങ്ങൾ ദൈവത്തോട് പറഞ്ഞുകൊണ്ടിരിക്കുക. ഇനിയുള്ള കാലങ്ങളിൽ കർത്താവ് സന്തോഷത്തിന്റേയും സൗഭാഗ്യത്തിന്റേയും കാലങ്ങൾ തരുമെന്ന് വിശ്വസിച്ചുകൊണ്ട് നിങ്ങൾ ഈ വചനം വായിക്കുക.

*"സർവ്വശക്തങ്കലേയ്ക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിയ്ക്കും."* *ഇയ്യോബ് 22 : 23*

എന്റെ ഭാവി ഇരുളടഞ്ഞു എന്ന് നിങ്ങൾ ആരെങ്കിലും ചിന്തിക്കുന്നുണ്ടെങ്കിൽ നിങ്ങൾ കേൾക്കൂ. ഇനിയും നിങ്ങളുടെ വായിൽ ചിരിയുണ്ടാകും, ആനന്ദഘോഷമുണ്ടാകും. അവൻ ഇനിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷം നിറയ്ക്കും.

നിങ്ങളുടെ ജീവിതത്തിന്റെ ചുക്കാൻ ക്രിസ്തു ഏറ്റെടുക്കും. നിങ്ങളുടെ ജീവിതത്തിന്റെ ഭരണം മുഴുവനും ക്രിസ്തുവിന്റെ കരങ്ങളിലാകും. ക്രിസ്തു നിങ്ങളെ തലോടാൻ തുടങ്ങും. ക്രിസ്തു നിങ്ങളുടെ കണ്ണുനീര് തുടയ്ക്കാൻ തുടങ്ങും. ക്രിസ്തു നിങ്ങളെ അനുഗ്രഹിയ്ക്കാൻ തുടങ്ങും. നിങ്ങളെ ദിനംപ്രതി ക്രിസ്തു നയിക്കാൻ തുടങ്ങും. അത്യുന്നതനായ ക്രിസ്തു നിങ്ങളെ നേർപാതയിൽ, നേർ നിലത്തിൽ, നടത്താൻ തുടങ്ങും.

നിങ്ങൾ വലത്തോട്ടോ, ഇടത്തോട്ടോ തിരിയുമ്പോൾ

വഴിയിതാകുന്നു. ഇതിൽ നടന്നുകൊൾവിൻ എന്ന് ഒരു വാക്ക് പിറകിൽ നിന്ന് കേൾക്കത്തക്കവണ്ണം ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളിൽ വൻകാര്യങ്ങൾ ചെയ്യും.

യെശയ്യാവ് 30 : 21

*"അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും"*

*ഇയ്യോബ് 8 : 21*

"വായിൽ ചിരി ലഭിക്കുവാൻ നാവിന്മേൽ ഉല്ലാസഘോഷം നിറയുവാൻ, എന്താണ് ചെയ്യേണ്ടത് എന്ന്; ദൈവത്തിന്റെ വചനം വ്യക്തമായി പറഞ്ഞുതരുന്ന ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

*"ഏശാവ് പിതാവിനോട്: നിനക്ക് ഒരനുഗ്രഹം മാത്രമേയുള്ളുവോ, അപ്പാ? എന്നെ, എന്നെയും കൂടെ അനുഗ്രഹിക്കേണമെ, അപ്പാ എന്നു പറഞ്ഞു പൊട്ടിക്കരഞ്ഞു. "* *ഉല്പത്തി 27 : 38*

ഏശാവ് ഇസഹാക്കിന്റെ മുൻപിൽ പൊട്ടിക്കരഞ്ഞു. അപ്പന്റെ ആദ്യജാതനായിരുന്നു ഏശാവ്.

അപ്പന് കണ്ണിന്റെ കാഴ്ച മങ്ങിയിട്ടുണ്ട്. എന്നാൽ അപ്പൻ മരിക്കുന്നതിന് മുൻപ് മക്കളെ രണ്ടുപേരെയും അനുഗ്രഹിക്കണമെന്നുണ്ട്. മക്കളെ അനുഗ്രഹിച്ചിട്ട് വേണം കടന്നു പോകാൻ.

നിങ്ങൾക്ക് അനുഗ്രഹം വേണമെങ്കിൽ നിങ്ങൾ അനുഗ്രഹിക്കണം. നിങ്ങൾ അനുഗ്രഹിക്കുന്നവരായിത്തീരണം.

ഇഷ്ടക്കുറവ് പാടില്ലാ, വീട്ടിൽ അഭിപ്രായ വ്യത്യാസം വച്ചുകൊണ്ടിരിക്കരുത്. ഭാര്യയെ അനുഗ്രഹിയ്ക്കണം, ഭർത്താവിനെ അനുഗ്രഹിക്കണം, മക്കളെ അനുഗ്രഹിക്കണം, മാതാപിതാക്കളെ അനുഗ്രഹിക്കണം. അല്പം പോലും ഇഷ്ടക്കുറവ് വെച്ചുകൊണ്ടിരിക്കരുത്. കണ്ണടച്ചു പൊറുക്കുക. നിങ്ങൾക്ക് അനുഗ്രഹം വേണമെങ്കിൽ, സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അനുഗ്രഹം വേണമെങ്കിൽ നിങ്ങൾ അനുഗ്രഹിക്കുന്നവരായിത്തീരണം.

നിങ്ങളുടെ ഉള്ളംകൊണ്ട് നിങ്ങൾ അനുഗ്രഹിക്കണം. പുറമെ അനുഗ്രഹിച്ചാൽ പോരാ, ഉള്ളംകൊണ്ട് അനുഗ്രഹി

ക്കണം. ഇന്ന് നമ്മുടെ പലരുടേയും ഭവനങ്ങൾ എങ്ങനെയാണ്? പരസ്പരമുള്ള ഭിന്നതയല്ലേ? എത്ര വീട്ടിലുണ്ട് ഐക്യം. എത്ര കുടുംബങ്ങളിലുണ്ട് സമാധാനം. നമ്മുടെ കുടുംബങ്ങൾ ഒരു അഗ്നിഗോളം പോലെയല്ലെ? പലപ്പോഴും ഇഷ്ടക്കുറവ്, പിറുപിറുപ്പ്, പരിഭവം, മുഷിച്ചില്.

പള്ളിയിൽ പോകുന്നുണ്ട്. നമസ്കാരം ചൊല്ലുന്നുണ്ട്. നോമ്പ് നോക്കുന്നുണ്ട്. നാം കുമ്പിട്ടു നമസ്കരിക്കുന്നുണ്ട്.

അൻപതു നോമ്പിലും, അതല്ലെങ്കിൽ കഷ്ടാനുഭവാഴ്ചയിൽ എല്ലാം, സുറിയാനിയിൽ നാം കൗമാ ചൊല്ലുകയില്ലേ? അർത്ഥമറിഞ്ഞിട്ടല്ല, എന്നാലും ചൊല്ലുമല്ലൊ, അങ്ങനെ ഒരു തഴക്കം നമുക്ക് കിട്ടിയിട്ടുണ്ട്. ഒരു പരിശീലനം നമുക്കുണ്ട്.

നാം ഞായറാഴ്ചകളിൽ പള്ളിയിൽ പോകുന്നുണ്ട്. കുമ്പസാരിക്കുന്നുണ്ട്. കുർബ്ബാനകൊള്ളുന്നുണ്ട്.

പക്ഷേ, വീട്ടിൽ ഐക്യം ഉണ്ടോ? ഉള്ളു പുകയുകയല്ലേ?

അമ്മായിയമ്മയ്ക്ക് മരുമകളോട് നീരസം, മരുമകൾക്ക് അമ്മായിയമ്മയോട് അഭിപ്രായവ്യത്യാസം, നാത്തൂന്മാര് പരസ്പരം പോര്.

പുറമേയില്ല, പുറമേ കണ്ടാൽ ചിരിയുണ്ട്. പുറമെ വർത്തമാനമുണ്ട്, ഒരുമിച്ച് എവിടെയെങ്കിലും ഷോപ്പിങ്ങിന്, പോകും. എല്ലാം ഉണ്ട്, പക്ഷേ അകത്ത് ഒരു കൂറിണക്കം ഉണ്ടൊ?

നമ്മൾ ഒരു കല്ല്യാണാവശ്യം വന്നാൽ ബന്ധപ്പെട്ട വീടുകളിൽ പോകും. പക്ഷേ ഉള്ളിന്റെ ഉള്ളിൽ ചില കിറുകിറുപ്പുകളില്ലേ? ചില പരിഭവങ്ങളില്ലേ? അതെല്ലാമാണ് ദൈവത്തിന്റെ അനുഗ്രഹം ലഭിക്കുന്നതിന് തടസ്സം.

നാം അനുഗ്രഹിക്കുന്നവരായിത്തീരണം കഴിവുള്ളേടത്തോളം നാം മറ്റുള്ളവരെ അനുഗ്രഹിക്കണം. നാം വാരിക്കോരി അനുഗ്രഹിക്കണം.

ദക്ഷിണാഫ്രിക്കയിൽ രണ്ടുതലയുള്ള പാമ്പ്. ഒരു പാമ്പിന് രണ്ടുതല. ഇതുപോലെ രണ്ടുതലയുള്ള പാമ്പിനെ നേര്യമംഗലത്ത് കണ്ടതായി പത്രത്തിൽ വായിച്ചു.

ദക്ഷിണാഫ്രിക്കയിലെ കാഴ്ചബംഗ്ലാവിൽ അതിനെ സൂക്ഷിച്ചു. അതിന് പ്രത്യേകിച്ച് ഭക്ഷണം കൊടുക്കാൻ, അതിനെ ശുശ്രൂഷിയ്ക്കാൻ, ഒരു ജോലിക്കാരനെ ആക്കി.

ധാരാളം ധാരാളം ആളുകൾ ഈ കാഴ്ചബംഗ്ലാവിൽ പാമ്പിനെ കാണാൻ വന്നുകൂടി. ഒരു ദിവസം രണ്ടുതലയുള്ള പാമ്പിന് ഭക്ഷണം കൊടുക്കുന്നയാള്, അതിന് തീറ്റകൊടുക്കാൻ വൈകിപ്പോയി. പാമ്പിന് വിശപ്പ് കയറിയപ്പോൾ ഒരു തല മറ്റേ തലയെ വിഴുങ്ങാൻ തുടങ്ങി. രണ്ടു കഴുത്ത്, രണ്ടുതല, ഒരു ഉടല്.

ഒരു തല വിഴുങ്ങുകയാണ് മറ്റേ തലയെ. ഉടനെ ജോലിക്കാരൻ തട്ടിയും മുട്ടിയും ബഹളം വെച്ചും ആ തലയെ രക്ഷിച്ചു. പക്ഷേ ആ തലയ്ക്ക് ചില പരുക്കുകൾ പറ്റിയിരുന്നു. മരുന്ന് പുരട്ടി അസുഖം ഒക്കെ മാറ്റി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു. പക്ഷേ പാമ്പിന് പകയുണ്ടായിരുന്നുപോലും. ഈ മുറിവേറ്റ തലയ്ക്ക് വിഴുങ്ങിയ തലയോട് പകയുണ്ടായിരുന്നു.

ഒരു ദിവസം ഈ സൂക്ഷിപ്പുകാരൻ നോക്കിനിൽക്കെ, ആ മുറിവുപറ്റിയ തല പകയോടുകൂടി, ആ വിഴുങ്ങിയ തലയെ കൊത്തി. ഉടനെ വിഷം കലർന്നു. വിഷം ഏറ്റു കഴിഞ്ഞപ്പോൾ ആ വിഷം തലയിൽ നിന്ന് കഴുത്തിലൂടെ ഉടലിലേയ്ക്ക് പോന്നു.

സംഭവിച്ചതെന്താണ്? ഉടലിൽ നിന്ന് ഇങ്ങേ കഴുത്തിൽകൂടി കൊത്തിയ തലയിലേയ്ക്കും വിഷം വന്നു. കൊത്തുകൊണ്ട തല ചത്തു. കൊത്തിയ തലയും ചത്തു. പാമ്പും ചത്തു.

ഓർക്കുക, നാം കൊത്തുമ്പോൾ ഉദ്ദേശിച്ച ഫലം സാധിക്കും. കൊത്തുകൊണ്ട ആൾക്ക് അപകടം വരും. പക്ഷേ കൊത്തിയ ആൾക്കും അപകടം ഉണ്ട്.

നാം മറ്റുള്ളവരെ ഉപദ്രവിയ്ക്കുമ്പോൾ, നാം കാര്യം അറിഞ്ഞോ, അറിയാതെയോ ആരെയെങ്കിലും പരിഹസിക്കുമ്പോൾ അത് ആരെക്കുറിച്ച് പരിഹസിക്കുന്നുവൊ, ആരെക്കുറിച്ച് ദുഷിക്കുന്നുവൊ ആ ആൾക്ക് കേടുവരും ശരിയാണ്. മനസ്സിലെങ്കിലും വ്രണമുണ്ടാകും. പക്ഷേ അതു പുച്ഛിയ്ക്കുകയോ വ്രണപ്പെടുത്തുകയോ ചെയ്യുന്നവനും ദോഷമായിത്തീരും. അത്

ശാപമായിത്തീരും.

ഇന്ന് അനേകർ കുടുംബങ്ങളിൽ പരസ്പരം ശണ്ഠയിൽ കഴിയുന്നു. അയൽക്കാരും അയൽക്കാരും ശണ്ഠയിൽ കഴിയുന്നു. ഒരാഫീസിൽ തന്നെ ജോലിചെയ്യുന്നവർ, കിറുകിറുപ്പിലും കിടമത്സരത്തിലും തൊഴുത്തിൽകുത്തിലും കഴിയുന്നു.

ഒരിടവകയിൽ തന്നെ (Parish) മനുഷ്യർ പരസ്പരം മത്സരിക്കുന്നു. എന്തിന് സഭകളിൽ വൈരാഗ്യം? എന്തിന് കൂട്ടായ്മകൾക്ക് പരസ്പരം വൈരാഗ്യം?

ഫെല്ലോഷിപ്പുകൾ തമ്മിൽ മത്സരം എന്തിന്? മനുഷ്യർ പരസ്പരം ആദരിക്കുന്നവരായിത്തീരട്ടെ. ഞാൻ എന്റെ കാര്യങ്ങൾ അല്ല, മറ്റുള്ളവരുടെ കാര്യങ്ങൾ കൂടി നോക്കുന്നവരായിത്തീരട്ടെ. മറ്റുള്ളവരുടെ നല്ല വശങ്ങൾ കാണുന്നവനായിത്തീരട്ടെ.

എന്റെ തെറ്റുകൾ ഞാൻ കാണണം. അന്യന്റെ തെറ്റുകൾ ഞാൻ കാണരുത്. എന്റെ നന്മ ഞാൻ കാണരുത്. മറ്റുള്ളവരുടെ നന്മ ഞാൻ കാണണം.

അനുഗ്രഹത്തിനുള്ള വഴിയതാണ്. എനിക്ക് എന്റെ തെറ്റുകൾ നോക്കിക്കാണാം. എനിക്കെന്തെല്ലാം തെറ്റുണ്ടെന്ന് എനിക്ക് നോക്കാം. എന്റെ തെറ്റുകൾ കണ്ടുപിടിച്ച് എനിക്കനുതപിക്കാം.

പക്ഷേ വേറെ ആരുടേയും തെറ്റ് ഞാൻ പറയരുത്. കാണരുത്, മറ്റാരുടേയും തെറ്റ് കാണാൻ എനിക്ക് സാധിക്കരുത്. അവരുടെ നന്മമാത്രം. എന്തെല്ലാം നന്മയുണ്ടെന്ന് കണ്ടുകൊള്ളണം. എന്റെ പക്ഷത്ത് എന്തെങ്കിലും നന്മയുണ്ടെങ്കിൽ നന്മയുണ്ടെന്ന് ഭാവിയ്ക്കുകയൊ, അതിൽ ഞാൻ പ്രശംസിക്കുകയൊ ചെയ്യരുത്.

മക്കളെ അനുഗ്രഹിക്കണം. മക്കൾ തെറ്റുചെയ്തുകാണും. ഒരു പക്ഷേ അവർ വീട്ടിൽ പ്രശ്നം ഉണ്ടാക്കിക്കാണും, ക്ഷമിക്കുക. തെറ്റുകൾ പൊറുക്കുക, മാപ്പുകൊടുക്കുക, ഉള്ളം കൊണ്ട് ക്ഷമിക്കുക.

സ്നേഹമുണ്ടെങ്കിൽ നിങ്ങൾ ക്ഷമിക്കും. സ്നേഹമു

ള്ളേടത്ത് ക്ഷമയുണ്ട്. "forgetting and forgiving love" മറക്കുകയും പൊറുക്കുകയും ചെയ്യുന്ന സ്നേഹം നമ്മുടെ കൈമുതലായിരിക്കട്ടെ.

ഏശാവ് അനുഗ്രഹത്തിനുവേണ്ടി അപ്പന്റെ മുൻപിൽ ചെന്ന് നിന്ന് യാചിക്കുകയാണ്. ആ വാക്യം ഇങ്ങനെയാണ്?

*"ഏശാവ് പിതാവിനോട്: നിനക്ക് ഒരനുഗ്രഹം മാത്രമെയുള്ളുവൊ, അപ്പാ? എന്നെ, എന്നെയും കൂടി അനുഗ്രഹിക്കണമെ അപ്പാ എന്നു പറഞ്ഞു പൊട്ടിക്കരഞ്ഞു." ഉല്പത്തി 27 : 38*

ഏശാവ് അപ്പന്റെ വാക്കുകേട്ടപ്പോൾ അതി ദു:ഖിതനായി ഉറക്കെ നിലവിളിച്ചു: അപ്പാ, എന്നെ, എന്നെയും കൂടെ അനുഗ്രഹിക്കണമെ എന്നു അപ്പനോട് പറഞ്ഞു.

പുതിയ നിയമത്തിൽ ഇപ്രകാരം കാണുന്നു.

*"ഒരു ഊണിന് ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനൊ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ." എബ്രായർ 12 : 16*

ഒരു ഊണിന്, ഒരു വയർ പായസത്തിന്, ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ നിങ്ങൾ ആരും അഭക്തരായിത്തീരരുത്. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിക്കുവാൻ ആഗ്രഹിച്ചു, കണ്ണുനീരോടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു. മാനസാന്തരത്തിന് ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലൊ. പിന്നത്തേതിൽ അനുതപിച്ചു. പക്ഷേ തള്ളപ്പെട്ടുപോയി.

ഇന്ന് അനുഗ്രഹം ലഭിക്കുവാൻ, ഹൃദയത്തിൽ സന്തോഷം ഉണ്ടാകുവാൻ, വായിൽ ചിരി നിറയുവാൻ, ചുണ്ടിൽ ആനന്ദഘോഷം നിറയുവാൻ വീണ്ടും അഭിവൃദ്ധി ലഭിക്കുവാൻ എന്താണ് മാർഗ്ഗം എന്ന് കരുണയുള്ള കർത്താവ് പറഞ്ഞുതരികയാണ്.

# ഏഴ്

*"അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും."*

*ഇയ്യോബ് 8 : 21*

യേശുവിന് നിന്റെ ഹൃദയത്തിലേയ്ക്ക് വരാൻ ആഗ്രഹ മുണ്ട്. നിന്റെ വായിൽ ചിരി നിറയ്ക്കാൻ നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷം നിറയ്ക്കാൻ ഇനിയും നിനക്ക് അഭിവൃദ്ധി തരാൻ – യേശുവിന് മനസ്സുണ്ട്.

അപ്പന് വാസ്തവത്തിൽ ഏശാവിനെ അനുഗ്രഹിക്കണ മെന്നുണ്ടായിരുന്നു. പക്ഷേ സാധിച്ചില്ല, കാരണം ഏശാവ് തന്നെ കുഴപ്പം വരുത്തിവെച്ചിരുന്നു.

*ഒരിക്കൽ യാക്കോബ് ഒരു പായസം വെച്ചു, ഏശാവ് വെളിമ്പ്രദേശത്ത് നിന്ന് വന്നു, അവൻ നന്നെ ക്ഷീണിച്ചിരുന്നു. ഏശാവ് യാക്കോബി നോട് ആ ചുവന്ന പായസം കുറെ എനിക്ക് തരേണം, ഞാൻ നന്നെ ക്ഷീണിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതുകൊണ്ട് അവന് ഏദോം (ചുവന്നവൻ) എന്നു പേരായി. നിന്റെ ജ്യേഷ്ഠാവകാശം ഇന്ന് എനിക്ക് വിൽക്കുക എന്ന് യാക്കോബ് പറഞ്ഞു. അതിന് ഏശാവ്: ഞാൻ മരിക്കേണ്ടിവരുമല്ലൊ, ഈ ജ്യേഷ്ഠാ വകാശം എനിക്ക് എന്തിന്? എന്നു പറഞ്ഞു. ഇന്ന് എന്നോട് സത്യം ചെയ്ക എന്ന് യാക്കോബ് പറഞ്ഞു. അവൻ അവനോട് സത്യം ചെയ്തു. തന്റെ ജ്യേഷ്ഠാ വകാശം യാക്കോബിനു വിറ്റു...... ഇങ്ങനെ ഏശാവ് ജ്യേഷ്ഠാവകാശത്തെ അലക്ഷ്യമാക്കിക്കളഞ്ഞു.*

*ഉല്പത്തി 25 : 29 – 34*

ഏശാവ് തന്റെ പദവിയെ അലക്ഷ്യമാക്കിക്കളഞ്ഞു. ഏശാവിന് ജന്മനാ തന്നെ ഒരു പദവി ഉണ്ടായിരുന്നു. ഏശാവിന് ജ്യേഷ്ഠാവകാശം ഉണ്ടായിരുന്നു.

ജ്യോഷ്ഠാവകാശം എന്നു പറഞ്ഞാൽ എന്താണ്? അത് ഉല്പത്തി പുസ്തകത്തിൽ കാണാം.

*"മൂത്തവൻ മുതൽ ഇളയവൻ വരെ പ്രായത്തിനൊത്തവണ്ണം അവരെ അവന്റെ മുൻപാകെ ഇരുത്തി."*

*ഉല്പത്തി 43 : 33*

മൂത്തവനാണ് ഒന്നാം സ്ഥാനം. മൂത്തവന് ഒന്നാം സ്ഥാനം ഉള്ളതാണ്. ഒന്നാമത്തെ അനുഗ്രഹം, മറ്റുള്ളവരേക്കാൾ ഇരട്ടി പങ്ക് അനുഗ്രഹം, വീണ്ടും വചനത്തിലേക്ക് നോക്കാം.

*"അവരുടെ അപ്പൻ അവർക്ക് വെള്ളിയും പൊന്നും വിശേഷവസ്തുക്കളായ വലിയ ദാനങ്ങളും യഹൂദയിൽ ഉറപ്പുള്ള പട്ടണങ്ങളും കൊടുത്തു."*

*2 ദിനവൃത്താന്തം 21 : 3*

എല്ലാ മക്കൾക്കും ദാനങ്ങൾ കൊടുത്തു, ഉറപ്പുള്ള പട്ടണങ്ങൾ കൊടുത്തു. എന്നാൽ യെഹോരാം ആദ്യജാതനായിരിക്കയാൽ രാജത്വം അവന് കൊടുത്തു. രാജത്വം മൂത്തവന് കൊടുത്തു.

അത് ദൈവം നിയോഗിച്ച പദവിയാണ്. അത് മോശയുടെ ന്യായപ്രമാണ പുസ്തകത്തിൽ ദൈവം നിയോഗിച്ചു വെച്ചിരിക്കുന്ന പദവിയാണ്. മൂത്തവന് ഉള്ളതായ ആ പദവി ഏശാവ് അലക്ഷ്യമാക്കിക്കളഞ്ഞു.

എന്തിനുവേണ്ടി? അല്പം പായസത്തിനുവേണ്ടി. പായസം കണ്ടപ്പോൾ ഏശാവിന്റെ നാവിൽ കൊതിയൂറി.

യാക്കോബ് ഉപായി ആയിരുന്നു. അവൻ ആ സാഹചര്യം മുതലെടുത്തു. ഞാൻ പായസം തരണമെങ്കിൽ നീ നിന്റെ ജ്യേഷ്ഠാവകാശം എനിക്ക് വിൽക്കണം. എനിക്ക് ജ്യേഷ്ഠാവകാശം തന്നാൽ ഞാൻ നിനക്ക് ആവശ്യമുള്ള പായസം തരാം.

ഞാൻ മരിക്കേണ്ടി വരുമല്ലൊ. ജ്യേഷ്ഠാവകാശം എനി

യ്ക്കെന്തിന്?

ജ്യേഷ്ഠാവകാശം ഉണ്ടെന്നുള്ളത് ശരി. പക്ഷേ ഇപ്പോൾ പെട്ടെന്ന് വിശപ്പുമാറുകയല്ലേ വേണ്ടത്. വലിയ പദവിയുണ്ട്. വലിയ അവകാശം ഉണ്ട് എന്നൊക്കെ പറഞ്ഞിരുന്നിട്ട് എന്താ പുണ്യം. ഇവിടെ ഇപ്പോൾ നല്ല ഒന്നാന്തരം പായസം, രുചികരമായ പായസം കിട്ടുന്നു. പിന്നെ പദവിയൊ, അതൊക്കെ ആർക്കു വേണം? ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞു.

> *"അതിന് ഏശാവ് ഞാൻ മരിക്കേണ്ടി വരുമല്ലൊ. ഈ ജ്യേഷ്ഠാവകാശം എനിയ്ക്കെന്തിന്? എന്നു പറഞ്ഞു." ഉല്പത്തി 25 : 32*

ചരിത്രത്തിന്റെ ഗതി നോക്കിയാൽ കാണാം ഏശാവിന്റെ വംശപരമ്പര ഇന്നും അടിമത്തത്തിൽ കഴിഞ്ഞു കൂടുന്ന ഏദോമ്യവംശമാണ്.

എന്നാൽ യാക്കോബിന്റെ സന്തതി പരമ്പര, അപ്പന്റെ അനുഗ്രഹം പ്രാപിച്ച യാക്കോബിന്റെ സന്തതി പരമ്പര, യിസ്രായേൽ ജാതി ആയി ഇന്ന് ലോകത്തെ വളരെ അത്ഭുതകരമായ രീതിയിൽ സ്വാധീനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ലോകചരിത്രത്തിന്റെ ഗതിയെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു.

ആത്മീയമായി പറഞ്ഞാൽ ഒന്നാം ലോകമഹായുദ്ധമുണ്ടായത് വാസ്തവത്തിൽ യിസ്രായേൽക്കാർക്ക് വേണ്ടിയാണ്. ആ യുദ്ധത്തിന്റെ പരിണതഫലമായി യിസ്രായേൽക്കാർ നാനാദേശങ്ങളിൽ നിന്ന് അവിടെ വന്നുകൂടുന്നതിന് കാരണമായിത്തീർന്നു.

നമ്മുടെ കേരളത്തിൽ നിന്നു തന്നെയും എത്രയോ യഹൂദന്മാരാണ് അവിടെ യെരുശലേമിൽ ചെന്ന് പാർക്കാനിടയായത്. യാക്കോബിന് കിട്ടിയ അന്നത്തെ അനുഗ്രഹമാണ് യിസ്രായേൽ ഒന്നിച്ചു കൂട്ടുവാൻ കാരണമായത്, അനുഗ്രഹം പിൻതുടരുകയാണ്.

രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞ്, യിസ്രായേൽ രാഷ്ട്രം സ്ഥാപിക്കപ്പെട്ടു. അഡ്രസ് ഇല്ലാതിരുന്ന യിസ്രായേല്യർക്ക് അ

ഡ്രസ് ഉണ്ടായി. ഒരു രാഷ്ട്രമായി, രാഷ്ട്രം സ്ഥാപിയ്ക്കപ്പെട്ടു. അങ്ങനെ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ പരിണതഫലമായി, യിസ്രായേലിന് സുസ്ഥിരതയും, നിലനിൽപും വന്നു. എങ്കിൽ മൂന്നാം ലോകമഹായുദ്ധം യിസ്രായേലിനെ കേന്ദ്രീകരിച്ചു തന്നെയായിരിക്കും.

നിങ്ങൾ മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങിച്ചുകൊള്ളണം. അവരുടെ ഉള്ള് തണുപ്പിച്ചുകൊള്ളണം. മാതാപിതാക്കളുടെ ഹൃദയത്തിൽ നിങ്ങൾ മൂലമൊരു വേദന വരാൻ ഇടയാകാതെ നിങ്ങൾ സൂക്ഷിച്ചുകൊള്ളണം. അത് നിങ്ങളുടെ മക്കൾക്ക് നല്ലതാണ്, നിങ്ങളുടെ തലമുറകൾക്ക് നല്ലതാണ്.

മാതാപിതാക്കളെ നൊമ്പരപ്പെടുത്താതെ നോക്കണം. മാതാപിതാക്കളെ അനുസരിക്കണം, ആദരിക്കണം. മാതാപിതാക്കൾക്ക് കീഴ്പ്പെട്ടുകൊള്ളണം.

അവർ ഒരു പക്ഷേ തെറ്റായകാര്യമാണ് പറഞ്ഞതെങ്കിലും ചോദ്യം ചെയ്യരുത്. നിങ്ങൾക്ക് വിനയത്തോടെ അവരോട് കാര്യം പറഞ്ഞ് മനസ്സിലാക്കുന്നതിന് കുഴപ്പമില്ല. പക്ഷേ നിങ്ങൾ അവരെ ചോദ്യം ചെയ്യുകയോ നൊമ്പരപ്പെടുത്തുകയോ ചെയ്യരുത്. അവരുടെ അഭിമാനത്തെ വ്രണപ്പെടുത്തരുത്. ദൈവമക്കളെ നല്ലതാണത്.

ചില ചെറുപ്പക്കാർ തുറന്നു പറഞ്ഞ ചില കാര്യങ്ങൾ ഞെട്ടിപ്പിക്കുന്നവയാണ്. അപ്പനെ ഞാൻ തല്ലിയിട്ടുണ്ട് എന്നുപറഞ്ഞു. ഒരാൾ അപ്പന്റെ മുഖത്ത് ബ്ലെയ്ഡുകൊണ്ട് വരഞ്ഞു എന്നു പറഞ്ഞു. മറ്റൊരാൾ വാക്കത്തികൊണ്ട് പേടിപ്പിച്ച് കൊല്ലുമെന്ന് പറഞ്ഞ് അപ്പനെ വീടിനു ചുറ്റും ഓടിച്ചു.

അപ്പൻ മദ്യപിച്ചു വന്നതാണ് കാര്യം. അപ്പൻ അമ്മയെ ഉപദ്രവിച്ചു. മോന് സഹിച്ചില്ലാ. അപ്പൻ എന്റെ അമ്മയെ തൊട്ടാൽ കൊല്ലുമെന്ന് പറഞ്ഞു.

ഈ ചെറുപ്പക്കാരൻ മാനസാന്തരപ്പെട്ടപ്പോൾ അപ്പനോട് കാലുപിടിച്ച് മാപ്പു ചോദിച്ചു. അവൻ സഭമാറിയില്ലാ, സമുദായം മാറിയില്ലാ. ഇന്നും യാക്കോബായ സഭയിൽ ഉറച്ചു നിൽക്കുന്നു.

ബന്ധനങ്ങൾ എല്ലാം അഴിഞ്ഞുപോകുന്ന ഭാഗ്യം നിങ്ങൾ അനുഭവിച്ചുപോകണം. ഇനി ഈ ബന്ധനങ്ങൾ വെച്ചു കൊണ്ട് മുന്നോട്ട് പോകരുത്. ഈ ശാപങ്ങൾ നിങ്ങളുടെ തല മേൽ നിൽക്കരുത്. മാതാപിതാക്കളുടെ ഉള്ളു നോവിച്ച ദോഷ ങ്ങൾ നിങ്ങൾ വെച്ചുകൊണ്ടിരിക്കരുത്.

അപ്പനെ വഞ്ചിച്ചവരുണ്ട്. അപ്പനെ കൗശലത്താൽ ചതി ച്ചവരുണ്ട്. അപ്പന്റെ പൈസാ മോഷ്ടിച്ചവരുണ്ട്. എത്രയോ പേരുണ്ട് അപ്പന്റെ അടുക്കൽ പോയി മാപ്പു ചോദിച്ച് ഏങ്ങല ടിച്ച് കരഞ്ഞവർ!

മാതാപിതാക്കളുടെ അനുഗ്രഹം പ്രാപിച്ചുകൊള്ളണം. അനു ഗ്രഹം അലക്ഷ്യമാക്കിക്കളയരുത്. ജ്യേഷ്ഠാവകാശം അലക്ഷ്യമാ ക്കിക്കളയരുത്.

ലൂയി പതിനാലാമൻ ആണെന്ന് തോന്നുന്നു. ഫ്രാൻസിലെ ഒരു വിശ്രുതനായ ചക്രവർത്തി, അദ്ദേഹത്തെ വിപ്ലവകാരികൾ വധിച്ചു.

അവർക്ക് അദ്ദേഹത്തോടുള്ള വൈരാഗ്യം തീർക്കാനാ യിട്ട്, അദ്ദേഹത്തിന്റെ മകനെ അവർ പിടികൂടി. എട്ടു വയസ്സ് മാത്രമുള്ള മകൻ. വിപ്ലവകാരികളായ ആ ക്രൂരന്മാർ ആ മോനെ നശിപ്പിക്കണമെന്ന് തീരുമാനിച്ചു. കൊന്നാൽ അതോ ടുകൂടി തീർന്നുപോകുമല്ലോ എന്നവരോർത്തു. അവനെ ഏറ്റവും കൊള്ളരുതാത്തവനായി വളർത്തണമെന്നവർ തീരുമാനിച്ചു. ഏറ്റവും ഹീനനായി തീർക്കണമെന്ന്. ഏറ്റവും മ്ലേച്ഛനാക്കിത്തീർക്ക ണമെന്ന്. അതിന് ഒരു ദുർമന്ത്രവാദിനി ആയ സ്ത്രീയുടെ പരി ചരണത്തിൽ അവനെ ആക്കി, അവന് ആ സ്ത്രീയുടെ വീട്ടിൽ താമസിക്കേണ്ടിവന്നു. ആ സ്ത്രീ അവനെ മ്ലേച്ഛതയെല്ലാം ചെയ്യാൻ പ്രേരിപ്പിക്കുകയും അവനെ അരുതാത്ത കാര്യങ്ങളിലേയ്ക്ക് പ്രലോഭിപ്പിക്കുകയും ചെയ്തു. അവൻ അപ്പോഴെല്ലാം ഉള്ളിൽ പറഞ്ഞുകൊണ്ടിരുന്നു. എനിക്കിത് പാടില്ലാ, ഞാൻ ചക്രവർത്തിയുടെ മകനാണ്. എനിക്കിത് പാടില്ല, ഞാൻ ചക്രവർത്തിയുടെ മകനാണ്.

ആ ബാല്യക്കാരൻ തെറ്റിലേക്ക് പോയില്ല. നിങ്ങളും പറ യണം, എനിയ്ക്കിത് പാടില്ല. ഞാൻ യേശുക്രിസ്തുവിന്റെ

രക്തത്തിന്റെ വകയാണ്, ക്രിസ്തു എന്നെ വിലയ്ക്കുവാങ്ങിയതാണ്. എനിയ്ക്ക് ഇത് പാടില്ല.

നിങ്ങൾ തീരുമാനിക്കൂ:

എനിയ്ക്ക് മദ്യം തൊടാൻ പാടില്ല. എനിക്ക് സിനിമ കാണാൻ പാടില്ല. എനിക്ക് നീലച്ചിത്രങ്ങൾ കാണാൻ പാടില്ല. എനിക്ക് കഞ്ചാവടിക്കാൻ പാടില്ല. എനിക്ക് ഈ പുകവലി പാടില്ല, എന്റെ ശരീരം മലിനമാക്കാൻ പാടില്ല. ഞാൻ മനസ്സറിഞ്ഞ് തിന്മയ്ക്കെന്നെ വിട്ടുകൊടുക്കുകയില്ല. രോഗത്തെ ഞാൻ ക്ഷണിച്ചു വരുത്തുകയില്ല. ഇല്ല എനിയ്ക്കത് പാടില്ല.

നിങ്ങളുടെ ജീവിതത്തിൽ ചില തീരുമാനങ്ങൾ വരണം. എനിക്കിത് പാടില്ല എന്ന്, ഞാൻ ദൈവത്തിന്റെ വകയാണ്, ഞാൻ യേശുവിന്റെ സ്വത്താണ്. ഞാൻ യേശുവിന്റെ വകയാണ്. എനിക്ക് നുണപറയാൻ പറ്റുകയില്ല. എനിക്കാരെയും ദ്രോഹിക്കാൻ പറ്റുകയില്ല; കാരണം ഞാൻ യേശുവിന്റെ വകയാണ്.

എനിക്ക് പണാപഹരണം നടത്താൻ പറ്റുകയില്ല, ഞാൻ യേശുവിന്റെ വകയാണ്. എനിയ്ക്ക് അന്യായമായി സമ്പാദിയ്ക്കാൻ പാടില്ല, ഞാൻ യേശുവിന്റെ വകയാണ്.

ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കികളയരുത്. ഏശാവ് ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞു. എന്തുണ്ടായി? അവനാഗ്രഹിച്ചു കണ്ണുനീരോടെ അപേക്ഷിച്ചു. അപ്പാ, അപ്പാ, എന്നേയും കൂടി അനുഗ്രഹിക്കണമെ, അപ്പാ എന്നേയും കൂടി അനുഗ്രഹിക്കണമെ.

ഏശാവ് അനുഗ്രഹം നഷ്ടപ്പെടത്തക്കവിധത്തിൽ അനുഗ്രഹത്തിന്റെ വാതായനം അടച്ചുകളഞ്ഞു.

വാതിൽ അടച്ചുകളഞ്ഞു. ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കികളഞ്ഞു. എന്തിന്? അല്പനേരത്തെ സുഖത്തിന് വേണ്ടി, അല്പനേരത്തെ രസത്തിന് വേണ്ടി, ക്ഷണിക സൗഭാഗ്യങ്ങൾക്കു വേണ്ടി, നിത്യസന്തോഷം നഷ്ടപ്പെടുത്തി.

അല്പനേരത്തെ ഒരു രസം, അല്പനേരത്തെ ഒരു സുഖം, നൈമിഷികമായ ആനന്ദം. അതിനുവേണ്ടി വിലയേറിയ നിത്യ

ജീവൻ നഷ്ടമാക്കിക്കളയരുത്. വിലയേറിയ സമ്പത്ത് നഷ്ട മാക്കിക്കളയരുത്.

ഇതെല്ലാം നഷ്ടപ്പെടില്ലേ? ഈ സമ്പത്ത് പോകില്ലേ? ഈ സൗകര്യങ്ങൾ പോകില്ലേ? ഇന്നത്തെ ആരോഗ്യം പോകില്ലേ? എല്ലാം പോകാൻ എത്രനേരം വേണം?

ഇന്ന് നിനക്ക് വിദ്യാഭ്യാസമുണ്ട്. അതിന്റെ പൊങ്ങച്ചം എത്ര കാലത്തേയ്ക്ക്? പ്രിയപ്പെട്ടവനെ, ഇന്ന് നിനക്ക് പണമു ണ്ട്. അത് എത്ര കാലത്തേക്ക്? മരണത്തിൽ എല്ലാം തീരു മല്ലൊ? ആറടി മണ്ണേ വേണ്ടൂ എന്ന് മഹാനായ ടോൾസ്റ്റോയ് ഒരു കഥ എഴുതിയിട്ടുണ്ട്. "ആറടി മണ്ണേ വേണ്ടൂ." അത്രയ്ക്ക് മതി.

ഒരു മനുഷ്യൻ ഒരു ജന്മിയുടെ മുമ്പിൽ ചെന്ന് സങ്കടമു ണർത്തിച്ചു. എനിക്ക് ഒരല്പം ഭൂമി കിട്ടിയിരുന്നെങ്കിൽ അദ്ധ്വാ നിച്ച് കൃഷി ചെയ്ത് ജീവിക്കാമായിരുന്നു എന്ന് പറഞ്ഞു.

അദ്ദേഹം പറഞ്ഞു: "നാളെ രാവിലെ വരൂ. നീ നടന്ന് വള ഞ്ഞെടുക്കുന്ന ഭൂമിയൊക്കെയും നിന്റെ സ്വന്തമാകും." വൈകു ന്നേരമാകുന്നതിന് മുമ്പ് നടന്ന് തിരികെ എത്തണം.

അവന് വലിയ സന്തോഷമായി പിറ്റേന്ന് രാവിലെ തന്നെ എത്തി. നടന്നു തുടങ്ങി. ധാരാളം ഭൂമി, വെറുതെ നടന്നാൽ മതിയല്ലൊ.

കുറെ ഭാഗം പിന്നിട്ടപ്പോൾ കൂടുതൽ ഫലപുഷ്ടിയുള്ള ഭൂമി കണ്ടു. അതും നേടിക്കൊണ്ട് പിന്നെയും നടന്നു.

പിന്നെ ഓട്ടമായി. ഉച്ച കഴിഞ്ഞു. കൂടുതൽ നല്ല സ്ഥല ങ്ങൾ, അവയും പിടിച്ചടക്കണം എന്നാഗ്രഹിച്ചോടുകയാണ്. കിതച്ചും വിയർത്തും. വൈകുന്നേരം വരെ ഓടി. ഒടുവിൽ ലക്ഷ്യസ്ഥാനത്തെത്താൻ നിമിഷങ്ങൾ മാത്രമേ ബാക്കിയു ള്ളൂ. കുതിച്ചോടി. ഒടുവിൽ ജന്മിയുടെ മുമ്പിൽ തളർന്നു വീണു. അന്ത്യശ്വാസം വലിച്ചു. എല്ലാം നേടിയെടുത്തു. ജന്മി പറഞ്ഞു. "ആറടി മണ്ണേ വേണ്ടൂ."

നിസ്സാരമല്ലേ ഈ ലോകജീവിതം? ക്ഷണികമല്ലേ ഈ

ലോകജീവിതം? എല്ലാം വിട്ടു പറന്നുപോകില്ലേ? നാം എന്തിന് വഴക്കടിക്കണം. നാം എന്തിന് തിന്മയിലേയ്ക്ക് പോകണം. നാം എന്തിന് നമ്മുടെ ശരീരത്തെ അശുദ്ധമാക്കണം. നിങ്ങളുടെ ജീവിതത്തിൽ അശുദ്ധിക്ക് ഇടം കൊടുക്കരുത്.

ബാല്യം മുതലുള്ള ജീവിതത്തിലേയ്ക്ക് തിരിഞ്ഞു നോക്കൂ, എവിടെയെല്ലാം കേടുകൾ സംഭവിച്ചു? നിങ്ങളുടെ ശരീരത്തെ എവിടെയെല്ലാം മലിനപ്പെടുത്തി?

ഓർമ്മവെച്ചകാലം മുതലുള്ള ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കൂ. ഏതെല്ലാം തരത്തിൽ നിങ്ങൾക്ക് ദോഷം വരുത്തിവെച്ചു. എല്ലാം എല്ലാം ഓരോന്നായി ഓർത്ത് ദൈവസന്നിധിയിൽ ഇരുന്ന് അനുതപിക്കൂ.

കർത്താവേ പാപങ്ങൾ ഏറെ വന്നുപോയി. പാതകങ്ങൾ ഏറെ വന്നുപോയി. യേശുവേ അതുമൂലമുള്ള ശാപങ്ങൾ എല്ലാം വന്നുപോയത് എന്റെ തലമേൽ നിന്ന് മാറ്റിത്തരണമെ.

എല്ലാ ശാപവും മാറ്റുവാൻ എനിക്കുവേണ്ടി ക്രൂശിൽ ശാപമായിത്തീർന്നവനെ, ഞാനിതാ നിന്റെ അരികിലേയ്ക്ക് വരികയാണ്. എന്നെ ഒന്ന് തൊടണമെ, എന്നെ നീ ഒന്ന് തലോടണമെ, എന്നെ നീ അനുഗ്രഹിക്കണമെ. എന്റെ മേൽ നിന്റെ തൃക്കരം വെയ്ക്കണമെ. തിരുരക്തത്താൽ എന്നെ കഴുകണമെ.

*"ഒരു ഊണിന് ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ, അഭക്തനൊ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന് ഇടകണ്ടില്ലാ എന്നു നിങ്ങൾ അറിയുന്നുവല്ലോ." എബ്രായർ 12 : 16 – 17*

ഏശാവിന് പറ്റിയ അബദ്ധങ്ങൾ എന്തെല്ലാമാണ്? ഒന്ന് : ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞു. രണ്ട്: നൈമിഷിക സുഖത്തിനുവേണ്ടി നിത്യസൗഭാഗ്യം നഷ്ടപ്പെടുത്തി.

*"ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു." ഗലാത്യർ 5 : 17*

*"ജഡ സ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വ ഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു"*

*റോമർ 8 : 5*

*"ജഡത്തിന്റെ ചിന്തമരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ. ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു.....ജഡസ്വഭാവ മുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല."*

*റോമർ 8 : 6 – 9*

പ്രസ്തുത വേദവാക്യങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോഴാണ് ഏശാവ് അഭക്തനായിരുന്നു എന്ന് പറയുന്നതിന്റെ കാരണം നമുക്ക് മനസ്സിലാകുന്നത്.

ജഡപ്രകൃതി, ലോകസ്നേഹം എന്നിവമൂലം മുൻഗണന ശാരീരികാവശ്യങ്ങൾക്ക് നൽകി. ശരീരത്തിന്റെ വിശപ്പ് പാപമല്ല. എന്നാൽ ഭക്ഷണത്തോടുള്ള കൊതി, ഭോജനപ്രിയം, സുഖഭക്ഷണാസക്തി എന്നിവയ്ക്ക് ഒന്നാംസ്ഥാനം നൽകുന്നത് പാപമാണ്. ഏശാവിന്റെ പ്രാർത്ഥനയും നിലവിളിയും ഫലപ്പെടാതെപോകാൻ കാരണമതാണ്. തിരുവചനം പറയുന്നു.

*"നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ."*

*ലൂക്കോസ് 21 : 34*

പിന്നത്തേതിൽ അനുതപിപ്പാൻ ആഗ്രഹിച്ചു. Late prayers പ്രയോജന രഹിതമാണ്, വൈകിപ്പോകരുത്. സമയം കളയരുത്, വൈകരുത്.

ഒരിക്കൽ നല്ല പ്രൗഢനായ ഒരു മനുഷ്യൻ വൈകുന്നേരം നടക്കാനിറങ്ങി. വൈകുന്നേരമാണ്. മൂന്ന് നാല് കിലോമീറ്റർ നടക്കും. രണ്ടു കിലോമീറ്ററോളം നടന്നിട്ട് തിരിച്ചുവരും.

നടക്കാൻ പോയിട്ട് തിരിച്ച് ഏതാണ്ട് പതിനഞ്ച് മിനിറ്റ് നടന്നപ്പോഴേയ്ക്കും ഭയങ്കരമായിട്ട് മഴക്കാറ് കണ്ടു. ഉടനെ ശക്ത

മായി മഴ പെയ്യാൻ തുടങ്ങി, എന്താ ചെയ്ക? അദ്ദേഹം നടന്നാണ് വന്നത്. നടന്നുതന്നെ തിരിച്ചുപോകണം. കാറുണ്ട്, പക്ഷേ കാറങ്ങ് വീട്ടിലാണ്. എന്തുചെയ്യും?

അടുത്ത് ഒരു വീട്, അദ്ദേഹം ആ വീട്ടിലേയ്ക്ക് കയറി ച്ചെന്ന്, വീടിന്റെ ഗേറ്റ് തള്ളിത്തുറന്നു. അദ്ദേഹം അകത്തു ചെന്നു. അപ്പോഴേയ്ക്കും മഴ പെയ്തുകഴിഞ്ഞു. ഭയങ്കരമായി കോരിച്ചൊരിയുന്ന മഴ. കുറച്ചൊക്കെയെ നനഞ്ഞുള്ളൂ. അദ്ദേഹം ആ വീടിന്റെ വരാന്തയിൽ കയറി. ഒരു വീട്ടിലേയ്ക്ക് ചെല്ലുകയല്ലേ? വീട്ടിലുള്ളവരെ ഒന്നറിയിക്കാതെ ചുമ്മാ കയറിയിരിക്കാൻ പാടി ല്ലല്ലൊ. മഴ മാറിയിട്ട് വേണം പോകാൻ.

അദ്ദേഹം ആ വീട്ടിലെ വാതിൽക്കൽ മുട്ടി. ഒരു സ്ത്രീ വാതിൽ തുറന്നു ചോദിച്ചു. 'എന്താ കാര്യം?'

"ഞാൻ നടക്കാനിറങ്ങിയതാണ്. മഴയൊന്നു തീർന്നിട്ട് പോകാമെന്ന് വിചാരിച്ചു."

ആ സ്ത്രീ – ഇവിടെ ഇരിക്കാമല്ലൊ?

അവിടെ ഒരു തിണ്ണയുണ്ട്. കസേരപോലും ഇട്ടുകൊടു ത്തില്ല. ആ തിണ്ണയിൽ ഇരുന്നാൽ മതിയല്ലോ? ഒരു യാത്രക്കാ രൻ, നടക്കാനിറങ്ങിയ ഒരു മനുഷ്യൻ, ആരുമാകട്ടെ, അദ്ദേഹം, മഴപെയ്തതുകൊണ്ട് മാത്രം കയറിയ മനുഷ്യൻ. മഴമാറു മ്പോൾ പൊയ്ക്കൊള്ളുമല്ലൊ. അവരു വേഗം വാതിലടച്ചു കുറ്റിയിട്ടു. അവര് അകത്തേയ്ക്ക് പോയി.

കുറെ നേരം കഴിഞ്ഞപ്പോഴേയ്ക്കും മഴ ഏതാണ്ട് ശമിച്ചു തുടങ്ങി. അപ്പോഴേയ്ക്കും ഒരു കാറു വന്നു. അവിടെ ഗേറ്റിങ്കൽ നിന്നു. കാറിന്റെ ഡ്രൈവർ വന്ന് ഇദ്ദേഹത്തെ വിളിച്ച് കാറി ലേക്ക് കൊണ്ടുപോകുകയാണ്. കൊണ്ടുപോകുന്ന സമയത്ത് ഈ സ്ത്രീ പെട്ടെന്ന് വാതിൽ തുറന്നു. ഇദ്ദേഹം നന്ദി പറ യാനൊ മറ്റൊ വാതിൽ മുട്ടിയതായിരിക്കണം. പോകാൻ സമ യത്ത് സ്ത്രീ ഡ്രൈവറോട് ചോദിച്ചു. ആരാ ഇത്? അറിയില്ലേ? ഇദ്ദേഹം ഇന്ന ഹോസ്പിറ്റലിലെ ഏറ്റവും പ്രസിദ്ധനായ ഡോക്ട റാണ്.

ആണൊ? അയ്യൊ ഞാനദ്ദേഹത്തെ കാണാനായിട്ട് എത്ര

ദിവസമായി ശ്രമിക്കുന്നു. അദ്ദേഹത്തെ കണ്ട് ഈ മാസം appointment കിട്ടാനായിട്ട് ഞാനെത്ര ശ്രമിച്ചതാണ്. ഈ മാസം appointment ഇല്ലെന്നാണല്ലോ പറഞ്ഞിരുന്നത്. എനിക്കത്യാവശ്യമായിട്ട് കാണണ്ട ഒരു കാര്യമുണ്ടായിരുന്നല്ലോ? അദ്ദേഹമായിരുന്നോ?

അപ്പോഴേയ്ക്കും അദ്ദേഹം നടന്ന് കാറിൽ കയറിക്കഴിഞ്ഞു, കാറ് വിട്ടുപോയി. അയ്യോ കഷ്ടം, എത്രയോ സമയം അദ്ദേഹം എന്റെ വീട്ടിൽ എന്റെ തിണ്ണയിൽ വന്നിരുന്നതാണ്, എത്രയോ നേരം! എനിയ്ക്കൊന്ന് അദ്ദേഹത്തോട് മിണ്ടാൻ തോന്നിയില്ലല്ലോ. അദ്ദേഹം ആരാണെന്ന് ഒന്ന് ചോദിക്കാൻ തോന്നിയില്ലല്ലോ. എങ്കിൽ എനിക്ക് പറയാനുള്ളത് എല്ലാം പറയാൻ നേരമുണ്ടായിരുന്നല്ലോ; ആ മഴയത്ത് മുഴുവനും അദ്ദേഹം ഇവിടെ വന്നിരുന്നതായിരുന്നുവല്ലോ. കഷ്ടം, ഇനി എന്നാ ചെയ്ക?

പെട്ടെന്ന് ഒന്നും appointment ഇല്ലതാനും, അത്രയും പ്രശസ്തനായ ഒരു ഡോക്ടർ സ്വന്തം വീട്ടിൽ വന്ന് തിണ്ണയിൽ ഇരുന്നു. ഒന്നിരിക്കാൻ ഒരു ഇരിപ്പിടം പോലും കൊടുത്തില്ലാ. വേണ്ടാ അദ്ദേഹത്തെ മാന്യമായി സ്വീകരിച്ചിട്ട്, ഡോക്ടർ ആണെന്ന് അറിഞ്ഞിരുന്നെങ്കിൽ, അദ്ദേഹത്തോട് വേണമെങ്കിൽ തുറന്ന് കാര്യങ്ങൾ പറയാമായിരുന്നു. വിശദമായി കാര്യങ്ങൾ പറയാമായിരുന്നു. ഡോക്ടറുടെ ഉപദേശം തേടാമായിരുന്നു. നല്ല ചികിത്സ കിട്ടുമായിരുന്നു. നല്ല ഉപദേശം കിട്ടുമായിരുന്നു.

പക്ഷേ സമയം നഷ്ടപ്പെടുത്തി. late prayers, സമയം കഴിഞ്ഞുള്ള പ്രാർത്ഥനകൾ നിരർത്ഥകം, നിഷ്പ്രയോജനം

നിങ്ങൾ ആരും വൈകിപ്പോകരുത്. ഇന്നു നിങ്ങളുടെ ഹൃദയത്തിന്റെ വാതിലിൽ മുട്ടുന്നത് നിങ്ങളുടെ നിത്യ വൈദ്യനായ ക്രിസ്തു ആണ്. നിങ്ങളുടെ കുടുംബ ജീവിതം ഐശ്വര്യമാക്കിത്തരാമെന്നു വാക്കുപറയുന്ന ക്രിസ്തു. അധരങ്ങളിൽ ആനന്ദം തരാൻ, വായിൽ ചിരി തരാൻ, നിങ്ങളുടെ നാവിന്മേൽ സന്തോഷത്തിന്റെ ഉല്ലാസഘോഷം നിറയ്ക്കാൻ, നിങ്ങൾക്കിനിയും നല്ല അഭിവൃദ്ധി തരാൻ, യേശു വന്നിരിക്കുകയാണ്.

ഈ സമയം നിങ്ങൾ വിളിച്ചുകൊള്ളൂ. ഇല്ലെങ്കിൽ ഏശാ

വിന് പറ്റിയ അപകടം നിങ്ങൾക്ക് വരും. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ അഗ്രഹിച്ചു. കണ്ണുനീരോടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു. മാനസാന്തരത്തിന് ഇടം കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലൊ.

രണ്ടാമത് നാം കാണുന്നത് late realisation ആണ്. വൈകിപ്പോയി. അവിടെ ഒരാൾക്ക് അനുഗ്രഹം ലഭിപ്പാൻ വൈകിപ്പോയി. എന്താണ് അവിടെ കാണുന്നത്? ഏശാവിന് അനുഗ്രഹം പ്രാപിക്കേണ്ട സമയം വൈകിച്ചുകളഞ്ഞു. അവൻ ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞു.

അല്പനേരത്തെ രസത്തിനുവേണ്ടി നിത്യമായ സൗഭാഗ്യം നഷ്ടപ്പെടുത്തി.

# എട്ട്

*“അവനെ ശിക്ഷയ്ക്കു വിധിച്ചു എന്ന് അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു; അനുതപിച്ചു, ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടേയും മൂപ്പൻമാരുടേയും അടുക്കൽ മടക്കിക്കൊണ്ടുവന്നു: ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അത് ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക എന്ന് അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു ചെന്നു കെട്ടി ഞാന്നു ചത്തുകളഞ്ഞു.” മത്തായി 27 : 3 – 5*

ഇവിടെ കാണുന്നത് ഈസ്ക്കര്യോത്ത യൂദയെ കുറിച്ചാണ്. ഈസ്ക്കര്യോത്ത യൂദാ, അവൻ എന്താണ് ചെയ്തത്?

അവൻ യേശുവിനെ ഒറ്റിക്കൊടുത്തു. യേശുവിന്റെ കൂടെ മൂന്നര വർഷം നടന്നതാണ്. ആ പന്ത്രണ്ടുപേരിൽ ഒരുത്തരവാദപ്പെട്ട ജോലി അവനുണ്ടായിരുന്നു. യേശു അവനെയാണ് ഒരു വലിയ ചുമതല ഏൽപ്പിച്ചിരുന്നത്.

ആ കൂട്ടായ്മയുടെ പൈസാ സൂക്ഷിക്കുവാനുള്ള ചുമതല ഈസ്ക്കര്യോത്ത യൂദയെയാണ് ദൈവം ഏൽപ്പിച്ചിരുന്നത്.

എന്നാൽ യൂദാ, അവന് ലഭിച്ച സമയം നഷ്ടപ്പെടുത്തി. യേശുവിനെ കാണിച്ചുകൊടുത്തു, യേശുവിനെ യഹൂദന്മാർ പിടികൂടി.

അനേക പ്രാവശ്യം യേശു യൂദയ്ക്ക് മുന്നറിയിപ്പ് കൊടുത്തതാണ്. അന്ന് യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയും യേശു ഈസ്ക്കര്യോത്ത യൂദായ്ക്ക് മുന്നറിയിപ്പ് കൊടുത്തതാണ്. എന്നോടുകൂടെ കൈ താലത്തിൽ മുക്കുന്നവൻ എന്നെ

കാണിച്ചുകൊടുക്കുമെന്ന് യേശു പറഞ്ഞതാണ്. യൂദയ്ക്ക് മാനസാന്തരത്തിന് കുറഞ്ഞത് എട്ടു സന്ദർഭങ്ങൾ ലഭിച്ചു.

ഒന്നാമതായി "യേശു അവരോട്, നിങ്ങളിൽ പന്ത്രണ്ടു പേരെ ഞാൻ തെരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാച് ആകുന്നു.... ഇത് അവൻ ശീമോൻ ഈസ്ക്കര്യോത്താവിന്റെ മകനായ യൂദയെക്കുറിച്ച് പറഞ്ഞു."
യോഹന്നാൻ 6 : 70

രണ്ടാമതായി, "അവർ ഇരുന്ന് ഭക്ഷിക്കുമ്പോൾ യേശു, നിങ്ങളിൽ ഒരുവൻ, എന്നോടു കൂടെ ഭക്ഷിക്കുന്നവൻ തന്നെ എന്നെ കാണിച്ചു കൊടുക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്ന് പറഞ്ഞു. മർക്കോസ് 14 : 18

മൂന്നാമതായി, "അവൻ അവരോട്, പന്തിരുവരിൽ ഒരു വൻ എന്നോടു കൂടെ താലത്തിൽ കൈ മുക്കുന്നവൻ തന്നെ." മർക്കോസ് 14 : 20. അവർ ഭക്ഷിക്കുമ്പോൾ അവൻ, നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചു കൊടുക്കും എന്ന് ഞാൻ സത്യമാ യിട്ട് നിങ്ങളോടു പറയുന്നു എന്ന് പറഞ്ഞു. അപ്പോൾ അവർ അത്യന്തം ദുഃഖിച്ചു. ഞാനോ, ഞാനോ കർത്താവേ എന്ന് ഓരോരുത്തൻ പറഞ്ഞു തുടങ്ങി. അവൻ ഉത്തരം പറഞ്ഞത്: എന്നോടു കൂടെ കൈ താലത്തിൽ മുക്കുന്നവൻ തന്നേ എന്നെ കാണിച്ചു കൊടുക്കും." മത്തായി 26 : 21 – 23

നാലാമതായി: "തന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ മനുഷ്യപുത്രൻ പോകുന്നു സത്യം. മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്ന മനുഷ്യന്നോ ഹാ കഷ്ടം! ആ മനുഷ്യൻ ജനി ക്കാതിരുന്നു എങ്കിൽ അവന്നു കൊള്ളായിരുന്നു. എന്നാറെ അവനെ കാണിച്ചു കൊടുക്കുന്ന യൂദാ, ഞാനോ റബ്ബീ എന്ന് പറഞ്ഞതിന്ന് നീ തന്നേ എന്ന് അവൻ പറഞ്ഞു.
മത്തായി 26 : 24 – 25

അഞ്ചാമതായി: "അത് ആർ എന്നു ചോദിച്ചു. ഞാൻ അപ്പ ഖണ്ഡം മുക്കിക്കൊടുക്കുന്നവൻ തന്നേ എന്ന് യേശു ഉത്തരം പറഞ്ഞു, ഖണ്ഡം മുക്കി ശീമോൻ ഈസ്ക്കര്യോത്താവിന്റെ മക നായ യൂദയ്ക്കു കൊടുത്തു." യോഹന്നാൻ 13 : 26 – 27

ആറാമതായി: "ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ

അവനിൽ കടന്നു. യേശു അവനോട്, നീ ചെയ്യുന്നത് വേഗത്തിൽ ചെയ്ക എന്ന് പറഞ്ഞു.” യോഹന്നാൻ 13 : 27. വേഗം അനുതപിച്ച് തെറ്റ് തിരുത്തുക എന്നാണ് യേശു പറഞ്ഞത്.

ഏഴാമതായി: “അവൻ യേശുവിന്റെ അടുക്കൽ വന്നു. റബ്ബീ, വന്ദനം എന്നു പറഞ്ഞ് അവനെ ചുംബിച്ചു. യേശു അവനോട്, സ്നേഹിതാ, നീ വന്ന കാര്യമെന്ത്? എന്നു പറഞ്ഞപ്പോൾ അവർ അടുത്തു, യേശുവിന്മേൽ കൈവച്ച് അവനെ പിടിച്ചു”

മത്തായി 26 : 49 - 50

എട്ടാമതായി: “യേശു അവനോട് യൂദയേ, മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചു കൊടുക്കുന്നത് എന്ന് പറഞ്ഞു.” ലൂക്കോസ് 22 : 48

യൂദാ യേശുവിനോട്കൂടി കൈ തലത്തിൽ മുക്കിയവനാണ്. ആദ്യത്തെ കുർബ്ബാന സ്വീകരിച്ചവനാണ്. ദൈവം മുന്നറിയിപ്പുകൊടുത്തിട്ടും അവൻ മാനസാന്തരപ്പെട്ടില്ല.

അവൻ യേശുവിനെ കാണിച്ചുകൊടുക്കാൻ വന്നപ്പോൾ, യേശുവിനെ ചുംബിക്കുകയാണ് ചെയ്തത്. “യൂദയേ, നീ ചുംബനം കൊണ്ടോ, മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്” കർത്താവ് ചോദിച്ചു. സ്നേഹിതാ നീ വന്ന കാര്യം എന്ത് എന്ന്? അപ്പോഴും യേശു അവന് സ്നേഹം കൊടുത്തു.

യേശു സ്നേഹം തരുന്നു എന്നുള്ളതുകൊണ്ട് അത് നിന്റെ യോഗ്യതയാണെന്ന് ഓർക്കരുത്.

നിനക്ക് ദൈവം അവസരങ്ങൾ നൽകുകയാണ്. സമയം തക്കത്തിൽ ഉപയോഗിക്കുന്നത് നിനക്ക് നല്ലത്.

എന്നാൽ യേശുവിനെ ക്രൂശിലേറ്റി. ക്രൂശിലേറ്റിക്കഴിഞ്ഞപ്പോൾ യൂദായ്ക്ക് പശ്ചാത്താപം ഉണ്ടായി.

അയ്യോ ഞാൻ കുറ്റമില്ലാത്ത രക്തത്തെയാണല്ലോ ഒറ്റിക്കൊടുത്തത്. അവന് കുറ്റബോധം ഉണ്ടായി, അയ്യോ ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു.

സത്യ കുമ്പസാരം നടത്തുകയാണ്. ഞാൻ പാപം ചെയ്തു എന്ന് നാമമാത്രമായിട്ടല്ല പറഞ്ഞത്. ഞാൻ ഇന്ന പാപം ചെയ്തു

പോയി എന്ന് ശരിയായ കുമ്പസാരം നടത്തി. ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തതിനാൽ പാപം ചെയ്തു എന്നു കൃത്യമായി ഏറ്റുപറഞ്ഞു.

നമ്മിൽ പലരും കുമ്പസാരിക്കുന്നത് ഞാനെല്ലാ പാപവും ചെയ്തുപോയി എന്ന് ഏറ്റു പറഞ്ഞാണ്. ഞാൻ പാപി ആണെന്നാണ് ഏറ്റുപറയുന്നത്. അത് ശരിയായ കുമ്പസാരമല്ല. ശരിയായ ഏറ്റുപറച്ചിലല്ല. ഇന്ന പാപം, ഇന്നവിധത്തിൽ ഇന്ന സമയത്ത് ഇന്നിന്ന കാര്യങ്ങളിൽ എല്ലാം എനിക്ക് വന്നുപോയി എന്ന്, എണ്ണി, എണ്ണി പാപം ഏറ്റുപറയണം. യൂദാ പാപം ഏറ്റുപറഞ്ഞു.

അവനെ ശിക്ഷയ്ക്ക് വിധിച്ചു എന്ന് അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു, അനുതപിച്ചു. ആ മുപ്പത് വെള്ളിക്കാശ് മഹാപുരോഹിതന്മാരുടേയും, മൂപ്പന്മാരുടേയും അടുക്കൽ മടക്കിക്കൊണ്ടുവന്നു. അവന് കിട്ടിയതായ ആ രൂപാ അവൻ മടക്കിക്കൊണ്ടുവന്നു. പ്രായ്ശ്ചിത്തം ചെയ്യാൻ തയ്യാറായി.

അന്യായമായി സമ്പാദിച്ചത് തിരിച്ചുകൊടുക്കാൻ തയ്യാറായി. ആരിൽ നിന്നുകിട്ടിയോ, അവർക്കു തിരിച്ചു കൊടുക്കാൻ തയ്യാറായി. “ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു” എന്നു പറഞ്ഞു.

അവൻ പ്രായശ്ചിത്തം ചെയ്യാൻ തയ്യാറായി വന്നു. എല്ലാം നല്ല കാര്യങ്ങളാണ് അവൻ ചെയ്തത്. ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു.

“അതിന് ഞങ്ങൾക്ക് എന്ത്? തീ തന്നെ നോക്കിക്കൊൾക എന്ന് അവർ പറഞ്ഞു” അവർ കൈ മലർത്തി. നീ പാപം ചെയ്തെങ്കിൽ, അതിന് ഞങ്ങൾക്ക് എന്താണ്? അത് നിന്റെ കാര്യം. ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക.

മോനെ, നിന്നെക്കൊണ്ട് പാപം ചെയ്യിച്ചവര് നിന്നെ കൈവിടും. യൗവനക്കാരാ, നിന്നെ അപകടത്തിൽ ചാടിച്ചവർ, തിന്മയിലേക്ക് വശീകരിച്ചവർ, അവർ കൈമലർത്തും. അത് നിന്റെ കാര്യം, നീ നോക്കിക്കൊൾക എന്നു പറയും.

നിന്നെ ഉഴപ്പാൻ പ്രേരിപ്പിച്ചവർ, പഠിക്കുന്നസമയത്ത് നിന്നെ

ഉഴപ്പാൻ പ്രേരിപ്പിച്ചവർ, ജോലി ചെയ്യുന്ന സമയത്ത് നിന്നെ അലസനാകാൻ പ്രേരിപ്പിച്ചർ, നിന്നെ തെറ്റിലേക്ക് വശീകരിച്ച വർ, അവർ കൈവിടും ആർക്കും നിന്നെ സഹായിപ്പാൻ സാദ്ധ്യ മല്ലാത്ത ഒരു സ്ഥിതി വരും.

അത് നിന്റെ കാര്യം, നിന്റേത് നീ നോക്കിക്കൊൾക എന്നു പറഞ്ഞ് അവർ കൈവിടും. ഓർക്കുക, ആർക്കും നിത്യജീവൻ തരാൻ സാധ്യമല്ല. നിന്റെ പാപം പൊറുക്കാൻ ലോകത്താർക്കും സാധ്യമല്ല, മറക്കരുത്.

പുരാണത്തിൽ വളരെ ശ്രദ്ധേയമായ ഒരു കഥയുണ്ട്, വാല്മീകി മുനിയെക്കുറിച്ചുള്ള ഒരു പുരാണ കഥയാണത്. അദ്ദേഹം വരുണ ഭഗവാന്റെ പത്താമത്തെ പുത്രനായിരുന്നു. ആദ്യം പേര് രത്നാകരൻ എന്നായിരുന്നു. ചെറുപ്പത്തിൽ തന്നെ ദുർവൃത്തന്മാരുടെ കൂട്ടുകെട്ടിലകപ്പെട്ട് ഒരു കൊള്ളക്കാരനാ യിത്തീർന്നു. കാട്ടിലാണ് പാർപ്പ്, ഭാര്യയെയും മക്കളെയും പുലർത്തുന്നതിന് വഴിയാത്രക്കാരുടെ ധന ധാന്യങ്ങൾ പിടിച്ചു പറിച്ച് അവരെ കൊല്ലുവാൻ പോലും മടിക്കാതെ ഭീകരനായി കഴിഞ്ഞു വന്നു.

ഒരിക്കൽ സപ്തർഷികൾ ആ വഴിയ്ക്കു വന്നു. അവരെ അയാൾ പിടികൂടി.

കൊള്ളയും കൊലയും നടത്തുന്ന പാപത്തിന്റെ പങ്ക് കളത്രപുത്രാദികൾ അനുഭവിക്കുമോ എന്ന് സപ്തർഷികൾ അയാ ളോട് ചോദിച്ചു.

ചോദ്യത്തിന്റെ മുന്നിൽ പതറിയ ആ കാട്ടാളൻ വീട്ടി ലോടിച്ചെന്ന് ഞാൻ ചെയ്ത പാപത്തിന്റെ പങ്കുകൂടി നിങ്ങൾ വഹിക്കുമോ എന്ന് കുടുംബാംഗങ്ങളോട് ചോദിച്ചു.

പക്ഷേ, പാപത്തിന്റെ പങ്കുവഹിക്കാൻ അവർ തയ്യാറല്ലാ യിരുന്നു. ക്ഷണനേരംകൊണ്ട് ആ കാട്ടാളൻ മാനസാന്തര പ്പെട്ടു. അയാൾ ഓടി വന്ന് സപ്തർഷികളുടെ മുമ്പിൽ മുട്ടു കുത്തി വിതുമ്പിക്കരഞ്ഞു. അവർ അയാൾക്ക് ബ്രഹ്മജ്ഞാനം ഉപദേശിച്ചു. അയാൾ അടുത്തുള്ള മരത്തിന്റെ ചുവട്ടിൽ പോയി രുന്ന് പൂജാമന്ത്രങ്ങൾ ജപിക്കാൻ തുടങ്ങി.

ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്നുപോയത് അയാൾ അറിഞ്ഞില്ല. അയാൾക്ക് ചുറ്റും ചിതൽപ്പുറ്റുകൊണ്ട് ആവരണമുണ്ടായി. തപോനിരതനായി അവിടെ നിശ്ചലനായി ഇരുന്ന അദ്ദേഹത്തിന്റെ മേൽ വള്ളിപ്പടർപ്പുകൾ പടർന്നു കയറി. ചെറു കിളികൾ കൂടുണ്ടാക്കി. പാമ്പുകൾ ഇഴഞ്ഞു കയറി.

യുഗങ്ങൾക്കുശേഷം സപ്തർഷികൾ ആ വഴിക്ക് മടങ്ങി വന്നു. അവർ ചിതൽപ്പുറ്റു ഭേദിച്ച് മുനിയെ വെളിയിലെടുത്തു. വല്മീകത്തിൽ നിന്ന് വെളിയിൽ വന്നതിനാൽ വാല്മീകി എന്ന് പേരായി. അങ്ങനെ ഒരു മാമുനി ശ്രേഷ്ഠൻ, ആദികവി യായ വാല്മീകി ഉണ്ടായി. അതിന് കാരണം നിന്റെ പാപ ത്തിന്റെ ഫലം നീ തന്നെ അനുഭവിക്കണം എന്ന് കേട്ടതാണ്.

അത് നിന്റെ കാര്യം നീ നോക്കിക്കൊൾക എന്നവർ പറ ഞ്ഞു. അവൻ ചെന്ന് ആ മുപ്പത് വെള്ളിക്കാശ് മന്ദിരത്തി ലേയ്ക്ക് എറിഞ്ഞു.

വേണ്ടാ, എനിക്കുവേണ്ടാ, ഈ പാപത്തിന്റെ കൂലി എനി ക്കുവേണ്ടാ, അവൻ എറിഞ്ഞു. നിരാശയോടെ പോയി കെട്ടി ഞാന്നു ചത്തു കളഞ്ഞു. കർത്താവിന്റെ ആദ്യത്തെ കുർബ്ബാന യിൽ, ആദ്യ കുർബ്ബാനയുടെ ദിവസം തന്നെ കുർബ്ബാനകൊ ണ്ട ആളാണ് ഈ യൂദാ.

ശീമോൻ പത്രോസ് അവനോട് ആംഗ്യം കാട്ടി, അവൻ പറഞ്ഞത് ആരെക്കൊണ്ട് എന്നു ചോദിക്കുവാൻ പറഞ്ഞു. അവൻ യേശുവിന്റെ നെഞ്ചോട് ചാഞ്ഞു: കർത്താവേ, അത് ആർ എന്ന് ചോദിച്ചു. ഞാൻ അപ്പഖണ്ഡം മുക്കിക്കൊടുക്കുന്ന വൻ തന്നേ എന്ന് യേശു ഉത്തരം പറഞ്ഞു.....

യോഹന്നാൻ 13 : 24

ഞാൻ അപ്പഖണ്ഡം മുക്കിക്കൊടുക്കുന്നവൻ, ഞാൻ കുർബ്ബാന കൊടുക്കുന്നവൻ തന്നെ എന്ന്. ഞാനിപ്പോൾ ആർക്കാണൊ കുർബ്ബാന കൊടുക്കുന്നത്, അവനാണ് എന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നത് എന്ന് കർത്താവ് പറഞ്ഞു.

*"ഖണ്ഡം മുക്കി ശീമോൻ ഇസ്കരിയോത്താവിന്റെ മകനായ യൂദയ്ക്ക് കൊടുത്തു."*

*യോഹന്നാൻ 13 : 26*

*"ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു..."* *യോഹന്നാൻ 13 : 27*

കുർബ്ബാന കൊണ്ട ഉടനെ സാത്താൻ അവനിൽ കടന്നു. ദൈവജനമെ, നിങ്ങൾ മറക്കരുത്. വിശുദ്ധ കുർബ്ബാന ആരാധനയാണ്. വിശുദ്ധ കുർബ്ബാന കൊള്ളുന്നത് ആവശ്യമാണ്. കാരണം, അത് വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രം കൊടുക്കുന്ന ശുദ്ധതകളാണ്. അത് നിങ്ങൾ കളിയായി കഴിക്കേണ്ടതല്ല. നിങ്ങൾ കളിച്ച് രസിച്ച് വാങ്ങേണ്ടതല്ല.

പട്ടക്കാരന്റെ പ്രഖ്യാപനം, മദ്ബഹായിൽ നിന്ന് അങ്ങനെയാണ് പറയുന്നത്. "വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രം ഈ വിശുദ്ധതകൾ നൽകപ്പെടുന്നു."

അപ്പോൾ വിശ്വാസികൾ വിനയപൂർവ്വം ഏറ്റു പറയുന്നു : "പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ ഏക പുത്രനും പരിശുദ്ധനായ ഏക റൂഹായും അല്ലാതെ പരിശുദ്ധനില്ല. ആമേൻ."

വീണ്ടും പറയുന്നു. "ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി. ആമ്മീൻ. അപ്പോഴാണ് മദ്ബഹായിൽ നിന്നുള്ള ആശ്വാസകരമായ പ്രഖ്യാപനം.

"തന്റെ മനോഗുണത്താൽ ലോകത്തെ സൃഷ്ടിച്ചു എന്ന പരിശുദ്ധനായ ഏക പിതാവ് നമ്മോടുകൂടെ" ആമ്മീൻ.

"തന്റെ തിരുമേനിയുടെ വിലയേറിയ കഷ്ടാനുഭവത്താൽ നമ്മെ രക്ഷിച്ചു എന്ന പരിശുദ്ധനായ ഏക പുത്രൻ നമ്മോടുകൂടെ." ആമ്മീൻ.

"ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പരിപൂർണ്ണമാക്കുന്നവനായ ജീവനുള്ള ഏക പരിശുദ്ധ റൂഹായും നമ്മോടു കൂടെ." ആമ്മീൻ.

നീ വിശുദ്ധിയും വെടിപ്പുമില്ലാതെ, പാപത്തോട് യാത്രപറയാതെ, ചെന്ന് കുർബ്ബാന വാങ്ങിച്ചാൽ അത് അപകടമാണ്.

യൂദാ പാപം വിടാതെയാണ് വിശുദ്ധ കുർബ്ബാന കൊള്ളാൻ പോയത്. വിശുദ്ധ കുർബ്ബാനകൊണ്ടു. എന്നിട്ട് അപ്പഖണ്ഡം വാങ്ങിയ ഉടനെ അവനിൽ സാത്താൻ കടന്നു. കുർബ്ബാന കൊണ്ട

ഉടനെ സാത്താൻ കടന്നു.

ഇന്നത്തെ അനേകം അനേകം ആളുകൾക്ക് ചടങ്ങുകളുണ്ട്, ആചാരങ്ങളുണ്ട്, നമസ്കാരങ്ങളുണ്ട്, പള്ളിയാരാധനകളുണ്ട്, വളരെ ഇമ്പകരമായ പ്രൊമിയോനുകളുണ്ട്. വളരെ ഹൃദയഹാരിയായ ഗാനങ്ങളും ഗീതങ്ങളുമുണ്ട്. സുറിയാനിയിലും മലയാളത്തിലുമുള്ള അർത്ഥഗംഭീരമായ സുന്ദരമായ ഗാനങ്ങൾ ഉണ്ട്, എല്ലാം നല്ലത്.

എന്നാൽ നിങ്ങളുടെ ജീവിതത്തിലെ പാപം മാറാതെ നിങ്ങൾ വിശുദ്ധ കുർബ്ബാന കൊണ്ടാൽ അത് ശിക്ഷാവിധിക്ക് കാരണമായിത്തീരും.

ഇതുമൂലം അനേകർ രോഗികളാകുന്നു. അനേകർ നിദ്ര കൊള്ളുന്നു.

> *"അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും."*
>
> *1 കൊരിന്ത്യർ 11 : 27–28*

യൂദാ അനുതപിച്ചു. യൂദാ കുമ്പസാരിച്ചു. യൂദാ കുമ്പസാരിക്കേണ്ടതുപോലെ കുമ്പസാരിച്ചു. അനുതാപത്തോടെ കുമ്പസരിച്ചു. പാപം ഏറ്റുപറഞ്ഞ് കുമ്പസാരിച്ചു. പാപത്തിന്റെ പ്രായശ്ചിത്തം ചെയ്യാൻ തയ്യാറായി, കുമ്പസാരിക്കേണ്ടവരുടെ അടുക്കൽതന്നെ, മഹാപുരോഹിതൻമാരുടേയും കശീശൻമാരുടേയും അടുക്കൽ കുമ്പസാരിച്ചു. എന്നാൽ യൂദായ്ക്ക് ക്ഷമ കിട്ടിയില്ല.

സമയം കഴിഞ്ഞുള്ള മാനസാന്തരമാണ്, സമയം കഴിഞ്ഞുള്ള അനുതാപമാണ്. കൃപയുടെ വാതിൽ പൂട്ടാൻ തുടങ്ങുന്നു. വാതിൽ പൂട്ടുന്നതിന് മുൻപ് അതിവേഗം, അതിവേഗം അകത്തേയ്ക്ക് ഓടിക്കയറിക്കൊള്ളുവിൻ. പെട്ടകത്തിന്റെ വാതിൽ ഇപ്പോൾ തുറന്നു വെച്ചിട്ടുണ്ട്. ആർക്കും പ്രവേശിക്കാം.

നസ്രായനായ യേശുവിന്റെ തിരുവിലാവ് തുറന്നിട്ടുണ്ട്. മകനെ നിനക്കും കടന്നുവരാം, മകളെ നിനക്കും ഓടിവരാം.

യേശുവിന്റെ തിരുഹൃദയം മുറിയ്ക്കപ്പെട്ട്, നിനക്കുവേണ്ടി തുറന്നിരിക്കുകയാണ്. ഏതു പാപിയ്ക്കും അകത്തേയ്ക്കു വരാം.

പതിനേഴാമത്തെ വയസിൽ ഈ പാവപ്പെട്ട മനുഷ്യൻ ഹൃദയം കർത്താവിന് കൊടുത്തു, കർത്താവ് ഹൃദയത്തിലേയ്ക്ക് എഴുന്നെള്ളിവന്നു. എത്രയോ ആക്ഷേപങ്ങൾ ഉണ്ടായി, എന്തെല്ലാം തെറ്റിദ്ധാരണകൾ ഉണ്ടായി. ഏതെല്ലാം പരിഹാസ ങ്ങൾ ഉണ്ടായി. എല്ലാം എല്ലാം പുഞ്ചിരിയോടെ ഏറ്റുവാങ്ങി ക്കൊണ്ട് കരുണയുള്ള കർത്താവിന്റെ കൃപയാൽ ഇന്നുവരെ ജീവിപ്പാൻ കർത്താവ് ഭാഗ്യം തന്നു.

നാളെ എന്ത്? എന്ന് ഞാൻ അറിയുന്നില്ല. പക്ഷേ ഒന്നെ നിക്കറിയാം. യേശു വീണ്ടും വരുമ്പോൾ അവന്റെ സന്നിധിയി ലേയ്ക്ക് മദ്ധ്യാകാശത്തിലേയ്ക്ക് പറക്കുന്ന വിശുദ്ധന്മാരുടെ നിര യിൽ എനിക്കും പറക്കാൻ, എന്റെ കരുണയുള്ള കർത്താവ് വിശുദ്ധ സ്തുതിയുടെ ചിറക് തന്നിരിക്കയാണെന്ന് എനിയ്ക്ക റിയാം.

വിശുദ്ധസ്തുതിയുടെ ചിറകിന്മേൽ പറന്ന് ചെന്ന് മദ്ധ്യാ കാശത്തിൽ രാജാധിരാജനെ എതിരേൽക്കുവാനും വിശുദ്ധന്മാ രുടെ നിരയിൽ നിൽക്കുവാനും എന്നേയും അവൻ യോഗ്യനാ ക്കികൊണ്ടിരിക്കുകയാണ് എന്ന് ഞാനറിയുന്നു.

ഇന്ന് നിങ്ങൾക്ക് ഈ ഭാഗ്യം വേണമൊ? എങ്കിൽ അവന്റെ തിരുരക്തം നിങ്ങളോട് സംസാരിക്കുകയാണ്. അവന്റെ ഹൃദയം നിങ്ങൾക്കുവേണ്ടി തുറന്നിരിക്കുകയാണ്. പെട്ടകത്തിന്റെ വാതിൽ നിങ്ങൾക്കുവേണ്ടി തുറന്നുവെച്ചിരിക്കയാണ്.

ദൈവപൈതലേ നീ ഓടി വരികാ, പാപത്തിന്റെ ഇമ്പ ത്തിൽ രസിച്ചുകൊണ്ട് ജീവിച്ചവനേ നീ അതിവേഗം മടങ്ങിവ രിക.

പെട്ടകത്തിന്റെ വാതിൽ തുറന്നുവെച്ചിരിക്കുന്നു. പെട്ടക ത്തിലേയ്ക്ക് കടന്നുകൊള്ളുക, സ്നേഹത്തിന്റെ പെട്ടകത്തി ലേയ്ക്ക് കയറിക്കൊള്ളുക.

പ്രളയം വരാൻ പോകുന്നു. പ്രളയം വരുന്നതിന് മുൻപ് അതിവേഗം പെട്ടകത്തിൽ കയറിക്കൊള്ളുക. വാതിൽ അട

യ്ക്കാറായി. ഇനിയും വൈകരുത്. ഇനിയും വൈകാതെ നിങ്ങളിപ്പോൾ പെട്ടകത്തിൽ കടന്നാൽ അവൻ നിങ്ങൾക്ക് ചുണ്ടുകളിൽ ആനന്ദഘോഷം തരും.

ചുണ്ടിൽ ആനന്ദഘോഷം വേണമോ? നല്ല കാലങ്ങൾ വേണമോ? യഹോവയിങ്കലേക്ക് തിരിഞ്ഞാൽ നീ വീണ്ടും അഭിവൃദ്ധി പ്രാപിക്കും. അഭിവൃദ്ധി വേണമൊ? കടന്നു വരുവിൻ, ഓടി വരുവിൻ, ഹൃദയം തുറന്നു വരുവിൻ, യേശുവിനെ ഹൃദയത്തിലേയ്ക്ക് സ്വീകരിപ്പിൻ.

രക്ഷകന്റെ തിരുരക്തം പാപക്കറകൾ കഴുകാനായി നിങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ സമയം നഷ്ടപ്പെടുത്താതെ ഓടി വരുവിൻ, യേശുവിന്റെ പാദത്തിൽ വീഴുവിൻ. യേശുവിനുവേണ്ടി ഉള്ളു തുറക്കുവിൻ.

യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവിനോട് പറയുവിൻ. അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും.

കർത്താവിന്റെ കൃപയുടെ പെട്ടകത്തിൽ പ്രവേശിച്ച് സമാധാനത്തോടെ യേശുവിനെ എതിരേറ്റ് യേശുവിനായി ജീവിതം വേർതിരിച്ച് മുന്നോട്ട് പോകുവാനുള്ള ഭാഗ്യം നൽകണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

## ഒമ്പത്

*“അബ്രാഹാം പിതാവേ, എന്നോട് കനിവുണ്ടാകേണമേ, ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്ന് അവനെ അയയ്ക്കേണമേ. ഞാൻ ഈ ജ്വാലയിൽ കിടന്ന് വേദന അനുഭവിക്കുന്നു.” ലൂക്കോസ് 16 : 24*

ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാരുടെ യാചനപോലെയും ഏശാവിന്റെ പ്രാർത്ഥനപോലെയും തന്നെ ഈ അപേക്ഷയും തള്ളപ്പെട്ടു. ധനവാൻ പാതാളത്തിൽ യാതന അനുഭവിക്കുകയാണ്. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ദിനംപ്രതി പട്ടും ധൂമ്രവസ്ത്രവും ധരിച്ച് ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നതാണ്.

പക്ഷേ അന്ന് മാനസാന്തരപ്പെട്ടില്ല. അന്ന് പ്രവാചക ശബ്ദത്തിന് ചെവികൊടുത്തില്ല. വചനം വിശ്വസിച്ചതുമില്ല. ഇന്നിപ്പോൾ കൊടിയ യാതനയിലാണ് ഒരിറ്റുവെള്ളത്തിനുവേണ്ടി യാചിക്കുകയാണ്. പക്ഷേ സമയം കഴിഞ്ഞുള്ള ആ നിലവിളി തള്ളപ്പെട്ടു.

ഭൂമിയിൽവെച്ച് ഒന്നിനും പഞ്ഞമില്ലായിരുന്നു. ശുദ്ധജലം മാത്രമല്ല, വീര്യമുള്ള, ലഹരിപ്പിക്കുന്ന ഏതു തരം പാനീയം വേണമെങ്കിലും സുലഭമായിരുന്നു. എന്തും ആവശ്യം തോന്നുമ്പോൾ മുമ്പിലെത്തുമായിരുന്നു. അന്നു വചനം കേൾക്കാൻ മനസ്സില്ലായിരുന്നു. ഒരു നിത്യതയുണ്ടെന്ന് വിശ്വാസമില്ലായിരുന്നു. മരണശേഷം നിത്യത ഒന്നുകിൽ സ്വർഗ്ഗം, അല്ലെങ്കിൽ നരകം എന്നൊന്നും വിശ്വസിച്ചിരുന്നില്ല.

കാരണം മോശയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാൻ കൂട്ടാക്കിയിരുന്നില്ല. ഒരു പക്ഷേ അതിന്റെ ആവശ്യം

തോന്നിയില്ലായിരിക്കാം. അതത്ര വിലയേറിയതാണെന്ന് തോന്നിയില്ലായിരിക്കാം. നിത്യയാതന ഒഴിവാക്കുവാൻ പ്രവാചകശബ്ദം വിശ്വസിച്ച് സ്വീകരിച്ച് മാനസാന്തരപ്പെടേണ്ടതുണ്ട് എന്ന് ഗ്രഹിക്കാൻ മനസ്സില്ലായിരുന്നിരിക്കാം. അതുകൊണ്ടു തന്നെ വചനത്തോടും പ്രവാചകന്മാരോടും പുച്ഛം പുലർത്തിയിരിക്കാം.

എന്നാൽ ഒരു പ്രത്യേകത കാണാനുണ്ട്. അബ്രാഹാം പിതാവിനെ പരിചയമുണ്ടായിരുന്നു. പരിശുദ്ധന്മാരെ പരിചയമുണ്ടായിരുന്നു. അവർ പറഞ്ഞ വചനം കേൾക്കാൻ മനസ്സില്ലായിരുന്നു. അവർ എന്തുകൊണ്ട് എങ്ങനെ പരിശുദ്ധന്മാരായി എന്ന് തിരിച്ചറിഞ്ഞില്ലായിരുന്നു. പണമുണ്ടാക്കുന്നതിനുള്ള തിടുക്കത്തിൽ ആത്മാവിന്റെ കാര്യം അഗണ്യമാക്കിക്കളഞ്ഞു.

പക്ഷേ, ഇപ്പോൾ മരണശേഷം യാഥാർത്ഥ്യത്തെ നേരിടേണ്ടിവന്നു. നിത്യതയുണ്ട്. ഭൂമിയിൽ വെച്ച് എല്ലാം ഉണ്ടായിരുന്നെങ്കിലും പാതാളത്തിൽ ആത്മാവ് എരിപൊരികൊള്ളുകയാണ് എന്ന യാഥാർത്ഥ്യം, ന ിത്യയാതന ഒടുങ്ങാത്ത കരച്ചിലും പല്ലുകടിയും. വേദനയുടെ കരച്ചിലും, നല്ല കാലങ്ങൾ നഷ്ടപ്പെടുത്തിയല്ലോ എന്ന നിരാശയുടെ പല്ലുകടിയും. അണയാത്ത തീജ്ജ്വാലയിൽ യാതനയേറ്റു പിടഞ്ഞുകൊണ്ടാണ് അബ്രാഹാം പിതാവിനെ വിളിക്കുന്നത്.

യാതനയിൽ കിടന്നുകൊണ്ട് മുകളിലേക്കു നോക്കുന്നുണ്ട്. മുകളിലേക്ക് നോക്കേണ്ടകാലത്ത് താഴെ ഭൂമിയിലേക്കും ഭൂമിയിൽ പണം സ്വരൂപിക്കാനുള്ള വഴികളിലേക്കും ഭൂമിയിലെ മനുഷ്യരിലേക്കും മാത്രമേ നോക്കിയിട്ടുള്ളൂ. ഇപ്പോൾ സമയം കഴിഞ്ഞ് മുകളിലേക്ക് നോക്കുകയാണ്. അത് നിഷ്ഫലമായിപ്പോയി.

മുകളിലേക്ക് നോക്കിയപ്പോൾ അബ്രാഹാം പിതാവിനെയും വിശുദ്ധന്മാരുടെ നിരയിൽ ലാസറിനെയും കണ്ടു. മരണാനന്തരാവസ്ഥയിലും ഭൂമിയിലെ കാര്യങ്ങളും വ്യക്തികളെയും ഓർക്കാം, അറിയാം. ലാസറിനെയും അബ്രാഹാം പിതാവിനെയും തിരിച്ചറിഞ്ഞു. പക്ഷേ പ്രയോജനമുണ്ടായില്ല.

ലാസറിനെ ഒന്ന് എന്റെ അടുക്കലേയ്ക്ക് അയയ്ക്കണമേ എന്നാണ് പ്രാർത്ഥന. ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ

മുക്കി നാവിനെ തണുപ്പിക്കേണ്ടിന്ന് ലാസറിനെ അയയ്ക്കണമേ എന്നാണ് അപേക്ഷിക്കുന്നത്. പരലോകത്തിൽവെച്ച് തിരിച്ചറിയുന്നത് വേദന വർദ്ധിപ്പിക്കുകയേയുള്ളൂ.

> *"ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും; കഴിയുകയില്ല താനും എന്ന് ഞാൻ നിങ്ങളോടു പറയുന്നു. വീട്ടുടയവൻ എഴുന്നേറ്റ് കതകടച്ചശേഷം നിങ്ങൾ പുറത്തുനിന്ന്: കർത്താവേ, തുറന്നുതരേണമേ എന്ന് പറഞ്ഞുകൊണ്ട് കതകിന് മുട്ടിത്തുടങ്ങുമ്പോൾ: നിങ്ങൾ എവിടെനിന്ന് എന്ന് ഞാനറിയുന്നില്ല എന്നു അവൻ ഉത്തരം പറയും. അന്നേരം നിങ്ങൾ: നിന്റെ മുമ്പിൽ ഞങ്ങൾ തിന്നുകയും കുടിക്കുകയും ഞങ്ങളുടെ തെരുക്കളിൽ നീ പഠിപ്പിക്കുകയും ചെയ്തുവല്ലോ എന്നു പറഞ്ഞുതുടങ്ങും. അവനോ, നിങ്ങൾ എവിടെനിന്ന് എന്ന് ഞാനറിയുന്നില്ല എന്ന് ഞാൻ നിങ്ങളോടു പറയുന്നു; അനീതി പ്രവൃത്തിക്കുന്ന ഏവരുമായുള്ളോരേ, എന്നെ വിട്ടുപോകുവിൻ എന്ന് പറയും. അവിടെ അബ്രഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും."   ലൂക്കോസ് 13 : 24–28*

മരണം കഴിയുമ്പോൾ 'ഞങ്ങളും നിങ്ങളും' എന്ന് മാറിപ്പോവുകയാണ്. അവിടെ രണ്ടായി തിരിയുകയാണ്. ഈ ഭൂമിയിൽ നെല്ലും കളയും ഒരുമിച്ച് വളരുന്നു, ഇവിടെവെച്ച് നെന്മണിയും പതിരും ഒരുമിച്ച് കാണപ്പെടുന്നു. എന്നാൽ രണ്ടും രണ്ടായി തിരിയുന്ന സമയം വരുന്നു. അന്ന് കളകൾ കെട്ടുകെട്ടായി കെട്ടി തീയിലിടുന്നു. പതിര് കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുന്നു.

ലൂക്കോസ് 3 : 17, മത്തായി 13 : 24 – 30 കാണുക.

പരസ്പരം കാണാൻ പറ്റും. പക്ഷേ അടുക്കാൻ പറ്റുകയില്ല. "ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പു

ണ്ടാക്കിയിരിക്കുന്നു. ഇവിടെ നിന്ന് നിങ്ങളുടെ അടുക്കൽ കട ന്നു വരുവാൻ ഇച്ഛിക്കുന്നവർക്ക് കഴിവില്ല; അവിടെ നിന്ന് ഞങ്ങളുടെ അടുക്കൽ കടന്നുവരുവാനും പാടില്ല."

ലൂക്കോസ് 16:26.

അപ്പോഴാണ് ധനവാന്റെ അടുത്ത യാചന "എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയയ്ക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എനിക്ക് അഞ്ച് സഹോദരന്മാർ ഉണ്ട്. അവരും ഈ യാതനാസ്ഥലത്ത് വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ." ലൂക്കോസ് 16 : 27 – 28

മരണാനന്തരാവസ്ഥയിൽ ഭൂമിയിലുള്ള പ്രിയപ്പെട്ടവരെ പ്പറ്റി ഓർമ്മയുണ്ട്. പരിഗണനയുണ്ട്. സാക്ഷ്യം പറയാനും സാക്ഷ്യം കേൾക്കാനും ആവശ്യമുണ്ട് എന്ന ബോദ്ധ്യമുണ്ട്. പക്ഷേ സമയം തെറ്റിപ്പോയി. സമയം വൈകിപ്പോയി.

സമയം വൈകിപ്പോകുന്ന അവസ്ഥ നമുക്കാർക്കും വരാ തിരിക്കട്ടെ. ഇപ്പോൾത്തന്നെ മാനസാന്തരപ്പെടുക.

*"ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോഴാ കുന്നു. രക്ഷാദിവസം." 2 കൊരിന്ത്യർ 6 : 2*

ഏതെങ്കിലും പാപം ചെയ്തതുകൊണ്ടാണ് ധനവാൻ യാതനാസ്ഥലത്തേക്ക് പോയത് എന്ന് തിരുവചനത്തിൽ തെളി വില്ല. എന്നാൽ വ്യക്തമായി നമ്മുടെ കർത്താവും പറയുന്നുണ്ട്, അവൻ മാനസാന്തരപ്പെട്ടിരുന്നില്ല; അവൻ വിശ്വസിച്ചിരുന്നില്ല.

*"എനിക്ക് അഞ്ചു സഹോദരന്മാർ ഉണ്ട്. അവരും ഈ യാതനാസ്ഥലത്ത് വരാതിരിപ്പാൻ അവൻ (ലാ സർ) അവരോട് സാക്ഷ്യം പറയട്ടെ എന്ന് പറഞ്ഞു. അബ്രാഹാം അവനോട്: അവർക്ക് മോശെയും പ്രവാ ചകന്മാരും ഉണ്ടല്ലോ, അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്ന് പറഞ്ഞു. അതിന്ന് അവൻ: അല്ലല്ല അബ്രാഹാം പിതാവേ, മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്ന് പറഞ്ഞു. അവൻ അവനോട്: അവർ മോശയുടെയും പ്രവാ ചകന്മാരുടെയും വാക്കുകേൾക്കാഞ്ഞാൽ മരിച്ച*

*വരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്ന് പറഞ്ഞു.” ലൂക്കോസ് 16 : 28 – 31*

ദൈവവചനം കേൾക്കുക; വിശ്വസിക്കുക; മാനസാന്തരപ്പെടുക, താമസിക്കരുത്. വൈകിയാൽ നിരാശപ്പെടേണ്ടിവരും. അപ്പോസ്തലനായ പൗലോസ് പറയുന്നു.

*“കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും” എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും?......... ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു” റോമർ 10 : 13 – 17*

## പത്ത്

*"...ഞാൻ ജനത്തെ ഭയപ്പെട്ട് അവരുടെ വാക്ക് അനുസരിച്ചതിനാൽ യഹോവയുടെ കല്പനയും നിന്റെ വാക്കും ലംഘിച്ച് പാപം ചെയ്തിരിക്കുന്നു. എങ്കിലും എന്റെ പാപം ക്ഷമിച്ച് ഞാൻ യഹോവയെ നമസ്ക്കരിക്കേണ്ടതിന്ന് എന്നോടുകൂടെ പോരേണമേ....."*

*1 ശമുവേൽ 15 : 24 – 25*

*"...ഞാൻ പാപം ചെയ്തിരിക്കുന്നു, എങ്കിലും ജനത്തിന്റെ മൂപ്പന്മാരുടെയും യിസ്രായേലിന്റെയും മുമ്പാകെ ഇപ്പോൾ എന്നെ മാനിച്ച്, ഞാൻ നിന്റെ ദൈവമായ യഹോവയെ നമസ്ക്കരിക്കേണ്ടതിന്ന് എന്നോടുകൂടെ പോരേണമേ..." 1 ശമുവേൽ 15 : 30*

പഴയനിയമത്തിലെ ശൗൽ യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായിരുന്നു. എല്ലാവരെക്കാളും തോൾ മുതൽ പൊക്കമുള്ള ആജാനുബാഹുവായ ഒരു യോദ്ധാവായിരുന്നു. ദൈവം തെരഞ്ഞെടുത്ത ഒരഭിഷിക്തനായിരുന്നു. ശമുവേൽ പ്രവാചകൻ ശൗലിനെ കണ്ടുമുട്ടിയ ആദ്യദിവസം തന്നെ പറഞ്ഞത് ശ്രേഷ്ഠമായ ഒരു സ്വർഗ്ഗീയവാഗ്ദത്തമായിരുന്നു.

*"..യിസ്രായേലിന്റെ ആഗ്രഹമൊക്കെയും ആരുടെ മേൽ? നിന്റെമേലും നിന്റെ സർവ്വപിതൃഭവനത്തിന്മേലും അല്ലയോ...?" 1 ശമുവേൽ 9 : 20*

അതിന്ന് ശൗൽ പറയുന്ന മറുപടി അവന്റെ എളിമയുടെയും സമർപ്പണത്തിന്റെയും വ്യക്തമായ ചിത്രം തരുന്നുണ്ട്.

*"ഞാൻ യിസ്രായേൽ ഗോത്രങ്ങളിൽ ഏറ്റവും ചെറുതായ ബെന്യാമീൻ ഗോത്രത്തിലുള്ളവനും എന്റെ കുടുംബം ബെന്യാമീൻ ഗോത്രത്തിലെ സകല*

*കുടുംബങ്ങളിലും വെച്ച് ഏറ്റവും ചെറിയതുമായി രിക്കെ നീ ഇങ്ങനെ എന്നോടു പറയുന്നതെന്ത്...?"*

*1 ശമുവേൽ 9 : 21*

ശമുവേൽ പ്രവാചകൻ ശൗലിനെ അഭിഷേകം ചെയ്തതിനുശേഷം പറയുന്ന വാക്കുകളിൽ ശൗലിന് ലഭിക്കാൻപോകുന്ന ആത്മീയാനുഗ്രഹങ്ങളെ വിവരിക്കുന്നുണ്ട്.

*"യഹോവയുടെ ആത്മാവ് ശക്തിയോടെ നിന്റെ മേൽ വന്നിട്ട് നീയും അവരോടുകൂടെ പ്രവചിക്കുകയും ആൾമാറിയതുപോലെ ആയിത്തീരുകയും ചെയ്യും..... ദൈവം നിന്നോടുകൂടെയുണ്ട്."*

*1 ശമുവേൽ 10 : 6–7*

തുടർന്ന് ദൈവം ശൗലിനു വേറൊരു ഹൃദയം കൊടുത്തു.

1 ശമുവേൽ 10 : 9

*"ദൈവത്തിന്റെ ആത്മാവ് ശക്തിയോടെ അവന്റെ മേൽ വന്നു. അവൻ അവരുടെ ഇടയിൽ പ്രവചിച്ചു."* *1 ശമുവേൽ 10 : 10*

എന്നാൽ ശൗൽ ദൈവത്തോടു പാപം ചെയ്തു. ദൈവിക അരുളപ്പാടുകൾ വ്യക്തമായിട്ടുണ്ടായിരുന്നെങ്കിലും അവയ്ക്ക് വേണ്ട ഗൗരവം കൊടുക്കാതെ ശൗൽ ദൈവവചനത്തെ ലംഘിക്കുകയും അനുസരണക്കേടു കാണിക്കുകയും ചെയ്തു. ശൗലിനോടു ശമുവേൽ വ്യക്തമായി കല്പിച്ചിരുന്നു:

*"നീ എനിക്കുമുമ്പെ ഗില്ഗാലിലേക്ക് പോകേണം, ഹോമയാഗങ്ങളും സമാധാനയാഗങ്ങളും കഴിപ്പാൻ ഞാൻ നിന്റെ അടുക്കൽ വരും, ഞാൻ നിന്റെ അടുക്കൽ വന്ന് നീ ചെയ്യേണ്ടതെന്തെന്ന് പറഞ്ഞുതരുവോളം ഏഴുദിവസം അവിടെ കാത്തിരിക്കേണം."* *1 ശമുവേൽ 10 : 8*

ഈ വ്യക്തമായ അരുളപ്പാട് ഉണ്ടായിരുന്നിട്ടും ശൗൽ സ്വന്തമായി യാഗം കഴിച്ചു.

*ഹോമയാഗവും സമാധാനയാഗവും ഇവിടെ എന്റെ*

*അടുക്കൽ കൊണ്ടുവരുവിൻ... അവൻ തന്നേഹോമയാഗം കഴിച്ചു."* *1 ശമുവേൽ 13 : 9*

ശമുവേൽ വന്നപ്പോൾ "നീ ചെയ്തത് എന്ത്" എന്ന് ചോദിച്ചു. ചില സ്വന്തം ന്യായങ്ങൾ ശൗൽ പറഞ്ഞുവെങ്കിലും, ശമുവേൽ പറഞ്ഞു:

*"നീ ചെയ്തതു ഭോഷത്വം, നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ച കല്പന നീ പ്രമാണിച്ചില്ല, യഹോവ യിസ്രായേലിന്മേൽ നിന്റെ രാജത്വം എന്നേക്കുമായി സ്ഥിരമാക്കുമായിരുന്നു. ഇപ്പോഴോ നിന്റെ രാജത്വം നിലനില്ക്കയില്ല."*

*1 ശമുവേൽ 13 : 13 – 14*

ഈ സംഭവത്തിനുശേഷം മറ്റൊരവസരത്തിൽ ശൗൽ രാജാവിനോട് ശമുവേൽ പറഞ്ഞു.

*"നീ ചെന്ന് അമാലേക്യരെ തോല്പിച്ച് അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളക, അവരോടു കനിവ് തോന്നരുത്, പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും മുലകുടിക്കുന്നവരെയും കാള, ആട്, ഒട്ടകം, കഴുത എന്നിവയെയും സംഹരിച്ചു കളക."*

*1 ശമുവേൽ 15 : 3*

എന്നാൽ ഇവിടെയും ശൗൽ കല്പന അതേപടി അനുസരിച്ചില്ല. സ്വന്തം ബുദ്ധിയിൽ ശരിയെന്ന് തോന്നിയ വിധത്തിൽ ശൗൽ പ്രവർത്തിച്ചു.

*"ശൗൽ... അമാലേക്യരെ സംഹരിച്ചു. അമാലേക്യരുടെ രാജാവായ ആഗാഗിനെ ജീവനോടെ പിടിച്ചു, ജനങ്ങളെ ഒക്കെയും വാളിന്റെ വായ്ത്തലയാൽ നിർമ്മൂലമാക്കി. എന്നാൽ ശൗലും ജനവും ആഗാഗിനെയും ആട്, മാട്, തടിച്ച മൃഗം എന്നിവയിൽ മേത്തരമായവയെയും കുഞ്ഞാടുകളെയും ഉത്തമമായവയെ ഒക്കെയും നിർമ്മൂലമാക്കുവാൻ മനസ്സില്ലാതെ ജീവനോടെ സൂക്ഷിച്ചു. ഹീനവും നിസ്സാരവുമായവയെ ഒക്കെയും നിർമ്മൂലമാക്കി*

*ക്കളഞ്ഞു.”* *1 ശമുവേൽ 15 : 7 – 9*

സ്വന്തം ബുദ്ധിയിൽ ആശ്രയിക്കാതെ അനുസരിക്കേണ്ട തായിരുന്നു. അതിൽ പരാജയപ്പെട്ടതുകൊണ്ട് ദൈവം പ്രവാച കനോട് അരുളിച്ചെയ്തു :

*“ഞാൻ ശൗലിനെ രാജാവായി വാഴിച്ചതിനാൽ എനിക്ക് മനസ്താപമായിരിക്കുന്നു. അവൻ എന്നെ വിട്ടുമാറിയിരിക്കുന്നു. എന്റെ കല്പനകളെ നിവർത്തി ച്ചതുമില്ല....”* *1 ശമുവേൽ 15 : 11*

നാമോരോരുത്തരും നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കേണ്ടതല്ലേ ഇത്? നമ്മെ തെരഞ്ഞെടുത്തതുകൊണ്ട് ദൈവം ദു:ഖിക്കുന്നുണ്ടോ? സമ്പൂർണ്ണമായി നാം അനുസരിക്കുന്നുണ്ടോ?

ദൈവവചനം അനുസരിച്ചില്ല എന്നതുമാത്രമല്ല ശൗലിന്റെ പാപം. അനുസരിച്ചില്ല എന്ന കാര്യം മനസ്സോടെ മറന്നു കളയു കയും ചെയ്തു. തന്മൂലം കുറ്റബോധമുണ്ടായില്ല. ന്യായീക രണം വരികയും ചെയ്തു. ശമുവേലിനോട് ശൗൽ പറയുന്നത് നോക്കൂ:

*“....ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരി ക്കുന്നു.”* *1 ശമുവേൽ 15 : 13*

ശമുവേൽ പ്രവാചകൻ ഉടനെ ചോദിച്ചു.

*“എന്റെ ചെവിയിലെത്തുന്ന ആടുകളുടെ ഈ കര ച്ചലും ഞാൻ കേൾക്കുന്ന കാളകളുടെ മൂക്കുറയും എന്ത്?* *1 ശമുവേൽ 15 : 14*

*“അവയെ അമാലേക്യരുടെ പക്കൽനിന്ന് അവർ കൊണ്ടുവന്നതാകുന്നു. ജനം ആടുകളിലും കാള കളിലും മേൽത്തരമായവയെ നിന്റെ ദൈവമായ യഹോവയ്ക്ക് യാഗം കഴിപ്പാൻ ജീവനോടെ സൂക്ഷി ച്ചു. ശേഷമുള്ളവയെ ഞങ്ങൾ നിർമ്മൂലമാക്കിക്ക ളഞ്ഞു.”* *1 ശമുവേൽ 15 : 15*

ശൗലിന്റെ ഓരോ വാക്കിലും ന്യായീകരണമാണ് നിറ ഞ്ഞുനില്ക്കുന്നത്. ജനമാണ് ആടുമാടുകളെ കൊല്ലാതെ സൂക്ഷി

ച്ചത്. മേൽത്തരമായവയെ മാത്രമേ കൊല്ലാതിരുന്നുള്ളൂ. അവയെ ജീവനോടെ സൂക്ഷിച്ചത് ദൈവത്തിന് യാഗം കഴിയ്ക്കാനാണ്. ഞാൻ ബാക്കിയുള്ളവയെ നിർമ്മൂലമാക്കുക തന്നെ ചെയ്തു എന്നിങ്ങനെ സ്വയനീതീകരണങ്ങൾ പ്രവാചകന്റെ മുമ്പിൽ നിരത്തുകയാണ്.

അമാലേക്യരെയും നിർമ്മൂലമാക്കിക്കളയാനായിരുന്നല്ലോ ദൈവകല്പന. എന്നാൽ അമാലേക്യരാജാവായ ആഗാഗിനെ ജീവനോടെ സൂക്ഷിച്ചു, അതിന്നു ശൗലിന് ന്യായീകരണമുണ്ട്.

*"ഞാൻ യഹോവയുടെ കല്പന അനുസരിച്ച് യഹോവ എന്നെ അയച്ച വഴിക്കു പോയി അമാലേക് രാജാവായ ആഗാഗിനെ കൊണ്ടുവന്ന്, അമാലേക്യരെ നിർമ്മൂലമാക്കിക്കളഞ്ഞു."* *1 ശമുവേൽ 15 : 20*

ഈ വാക്കുകളിൽ വ്യാജമുണ്ട്. എസ്ഥേറിന്റെ പുസ്തകത്തിൽ ദൈവജനത്തിന്റെ ശത്രുവായികാണുന്ന ഹാമാൻ ആഗാഗ്യനാണ്. എസ്ഥേർ 3 : 1

അമാലേക്യനായ ആഗാഗിന്റെ വംശത്തിൽ പിറന്നവനാണ്. അതുമാത്രവുമല്ല, ശൗൽ നശിപ്പിക്കാൻ മടിച്ച അമാലേക്യരിൽ ഒരാളുടെ കൈയാലാണ് ശൗൽ മരിക്കുന്നത്.

ശൗലിനെ വധിച്ചത് ഒരു അമാലേക്യൻ ആയിരുന്നു എന്ന് 2 ശമുവേൽ ഒന്നാം അദ്ധ്യായം വായിക്കുമ്പോൾ കാണാം.

*"ഞാൻ ഒരു അമാലേക്യൻ" 2 ശമുവേൽ 1 : 8*

*"ഞാൻ ഒരു അന്യജാതിക്കാരന്റെ മകൻ, ഒരു അമാലേക്യൻ"* *2 ശമുവേൽ 1 : 13*

ആടുമാടുകളെ നിർമ്മൂലമാക്കാതെ ശേഷിപ്പിച്ചത് യഹോവയ്ക്കു യാഗം കഴിപ്പാനാണ് എന്ന് ശൗൽ പറഞ്ഞതിന് ശമുവേൽ പ്രവാചകൻ പറയുന്ന മറുപടി ശ്രദ്ധേയമാണ്.

*"യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവെയ്ക്ക് പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നത്*

*യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്. മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു. നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തിൽ നിന്ന് തള്ളിക്കളഞ്ഞിരിക്കുന്നു." 1 ശമുവേൽ 15 : 22 – 23*

ഇത് കേട്ടപ്പോൾ ഞാൻ പാപം ചെയ്തിരിക്കുന്നു എന്ന് ശൗൽ ഏറ്റുപറയുന്നുണ്ട്. പക്ഷേ അതിലും പാപബോധത്തിൽനിന്നു ഉണ്ടാകുന്ന അനുതാപം കാണുന്നില്ല. അവിടെയും സ്വന്തം തെറ്റിന് മറ്റുള്ളവരെ പഴി പറയുകയാണ്.

"ഞാൻ ജനത്തെ ഭയപ്പെട്ട് അവരുടെ വാക്ക് അനുസരിച്ചതിനാൽ യഹോവയുടെ കല്പനയും നിന്റെ വാക്കും ലംഘിച്ച് പാപം ചെയ്തിരിക്കുന്നു. എങ്കിലും എന്റെ പാപം ക്ഷമിച്ച് ഞാൻ യഹോവയെ നമസ്ക്കരിക്കേണ്ടതിന്ന് എന്നോട് കൂടെ പോരേണമേ..."
1 ശമുവേൽ 15 : 24 – 25

യഹോവ നിന്നെ തള്ളിക്കളഞ്ഞു എന്നും യിസ്രായേലിന്റെ രാജത്വം ശൗലിന്റേമേൽ നിന്ന് കീറി ഉത്തമനായ മറ്റൊരാൾക്ക് കൊടുത്തിരിക്കുന്നു എന്ന് പിന്നെയും ശമുവേൽ പറഞ്ഞപ്പോൾ ശൗലിന്റെ മറുപടി നാം ഇങ്ങനെ വായിക്കുന്നു.

*"ഞാൻ പാപം ചെയ്തിരിക്കുന്നു. എങ്കിലും ജനത്തിന്റെ മൂപ്പന്മാരുടെയും യിസ്രായേലിന്റെയും മുമ്പാകെ ഇപ്പോൾ എന്നെ മാനിച്ച്, ഞാൻ നിന്റെ ദൈവമായ യഹോവയെ നമസ്ക്കരിക്കേണ്ടതിന്ന് എന്നോടുകൂടെ പോരേണമേ." 1 ശമുവേൽ 15 : 30*

ശൗൽ വചനം അനുസരിക്കാതിരുന്നതിന്റെ മുഖ്യകാരണമെന്താണ്? ശൗലിന്റെ സ്വയം, self - ego. ശൗലിന്റെ പ്രാർത്ഥന നിരസിക്കപ്പെട്ടത് അതുകൊണ്ടാണ്. ജനത്തിന്റെ മുമ്പാകെ എന്നെമാനിക്കണമെന്നാണ് ശൗലിന്റെ അപേക്ഷ. മനുഷ്യരുടെ മുമ്പിലുള്ള അംഗീകരണം, മനുഷ്യരുടെ ബഹുമാനം

മനുഷ്യപ്രീതി, എല്ലാം സ്വയത്തിന്റെ – ego യുടെ – വ്യക്തമായ വ്യാപാരമാണ്.

മദ്യപാനം, വ്യഭിചാരം, കൊലപാതകം അനേകം ഗുരുത രമായപാപങ്ങൾ ചെയ്ത ദാവീദിന് കർത്താവ് പാപക്ഷമ നൽകി. എന്നാൽ ശൗലിന്റെ പ്രാർത്ഥന നിരസിച്ചുകളഞ്ഞു. അതിനുകാരണം ഏറ്റവും ഗുരുതരമായ പാപം, ego (സ്വയം) ആണ് എന്നതാണ്. Ego ഉള്ളതുകൊണ്ടാണ് ശൗലിന് ന്യായീക രണം ഉണ്ടായത്, പാപബോധമില്ലാതിരുന്നത്, പശ്ചാത്താപം വരാതിരുന്നത്. ഈ അത്യാഹിതം നമുക്കാർക്കും വരരുത്. എന്നിൽ സ്വയത്തിന്റെ സ്വാധീനം എത്രമാത്രമുണ്ടെന്ന് പരി ശോധിച്ച് നിരന്തരം പ്രാർത്ഥിക്കുക.

*"ദൈവമേ, എന്നെ ശോധനചെയ്തു എന്റെ ഹൃദ യത്തെ അറിയേണമേ, എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ."*

*സങ്കീർത്തനം 139 : 23 – 24*

# പതിനൊന്ന്

*യഹോവ യോശുവയോട് അരുളിച്ചെയ്തത്: എഴു ന്നേല്ക്ക; നീ ഇങ്ങനെ സാഷ്ടാംഗം വീണുകിട ക്കുന്നത് എന്തിന്? യിസ്രായേൽ പാപം ചെയ്തിരി ക്കുന്നു. ഞാൻ അവരോടു കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു. അവർ ശപഥാ ർപ്പിതം എടുത്തിരിക്കുന്നു. അവർ മോഷ്ടിച്ച് മറ വുചെയ്ത് തങ്ങളുടെ സാമാനങ്ങൾക്കിടയിൽ അതുവെച്ചിരിക്കുന്നു. യിസ്രായേൽ മക്കൾ ശാപ ഗ്രസ്തരായിത്തീർന്നതുകൊണ്ട് ശത്രുക്കളുടെ മുമ്പിൽ നില്പാൻ കഴിയാതെ ശത്രുക്കൾക്ക് പുറം കാട്ടേണ്ടിവന്നു. ശാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടുകൂടെ ഇരി ക്കയില്ല.'*

*യോശുവ 7 : 10 – 12*

യെറീഹോ കോട്ട പിടിച്ച ദൈവജനം കനാൻനാട്ടിൻ ജൈത്രയാത്ര തുടരുകയായിരുന്നു. പക്ഷേ ഹായിക്കോട്ട പിടി ക്കാൻ സാധിച്ചില്ല. അതിന് പ്രധാന കാരണം യിസ്രായേൽജനം ദൈവവചനം അനുസരിച്ചില്ല എന്നതായിരുന്നു. യറീഹോകോട്ട പിടിക്കുന്നതിനു മുമ്പുതന്നെ ദൈവം കല്പിച്ചിരുന്നു.

*"ഈ പട്ടണവും അതിലുള്ളതൊക്കെയും യഹോ വയ്ക്കു ശപഥാർപ്പിതമായിരിക്കുന്നു.....ശപഥാർപ്പി തത്തിൽ വല്ലതും എടുത്തിട്ട് യിസ്രായേൽ പാളയ ത്തിന് ശാപവും അനർത്ഥവും വരുത്താതിരിക്കേ ണ്ടതിന് ശപഥാർപ്പിതമായ വസ്തുവൊന്നും തൊടാ തിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. വെള്ളിയും പൊന്നും ഒക്കെയും ചെമ്പും ഇരിമ്പും കൊണ്ടുള്ള പാത്ര*

*ങ്ങളും യഹോവെയ്ക്കു വിശുദ്ധം, അവ യഹോവ യുടെ ഭണ്ഡാരത്തിൽ ചേരേണം."*

*യോശുവ 6 : 17 – 19*

ഈ കല്പനയാണ് ജനം ലംഘിച്ചത്. ആഖാൻ എന്നൊരുവൻ ശപഥാർപ്പിതവസ്തുവിൽ ചിലത എടുത്തു. ശപഥാർപ്പിതം എന്നത് യഹോവയ്ക്ക് devoted ആണ്, dedicated എന്ന് പറഞ്ഞാൽപോര. Devoted എന്നതിന്റെ എബ്രായ ഭാഷാ പ്രയോഗത്തിന്റെ അർത്ഥം ദൈവത്തിന് കൊടുത്തത് – തിരിച്ചെടുക്കാനൊരിക്കലും പാടില്ലാത്തവണ്ണം കൈമാറിയ വസ്തുവോ – വ്യക്തിയോ എന്നാണ്. (The Hebrew term for 'devoted' refers to the irrevocable giving over of things, or persons to the Lord, often by totally distroying them). സാധാരണഗതിയിൽ അവതീർത്തും നശിപ്പിച്ചു കളഞ്ഞിരിക്കും. അങ്ങനെയുള്ള ശപഥാർപ്പിതവസ്തുവാണ് ആഖാൻ കണ്ട്, മോഹിച്ചെടുത്തത്.

തിരുവെഴുത്ത് പറയുന്നു:

*"യിസ്രായേൽ മക്കൾ ശപഥാർപ്പിത വസ്തു സംബന്ധിച്ച് ഒരു അകൃത്യം ചെയ്തു...ആഖാൻ ശപഥാർപ്പിതവസ്തുവിൽ ചിലത് എടുത്തു. യഹോവയുടെ കോപം യിസ്രായേൽ മക്കളുടെ നേരെ ജ്വലിച്ചു."*

*യോശുവ 7 : 1*

സർവ്വശക്തന്റെ സഹായ ഹസ്തം വിട്ടുമാറിയതുകൊണ്ട് ജനംയുദ്ധത്തിൽ തോറ്റു. മുപ്പത്താറോളംപേർ സംഹരിക്കപ്പെട്ടു. അപ്രതീക്ഷിതമായ പരാജയം ജനത്തെയും യോശുവയെയും അമ്പരപ്പിച്ചു; തീർത്തും തളർത്തി. യിസ്രായേൽ മൂപ്പന്മാരും യോശുവയും ആത്മതപനത്തോടെ സന്ധ്യവരെ സാഷ്ടാംഗം വീണുകിടന്ന് പ്രാർത്ഥിച്ചു. അപ്പോഴാണ് ജീവനുള്ള ദൈവം യോശുവയ്ക്ക് തോൽവിയുടെ രഹസ്യം വെളിപ്പെടുത്തിക്കൊടുത്തത്.

*"...നീ ഇങ്ങനെ സാഷ്ടാംഗം വീണുകിടക്കുന്നത് എന്തിന്? യിസ്രായേൽ പാപം ചെയ്തിരിക്കുന്നു.*

*ഞാൻ അവരോട് കല്പിച്ചിട്ടുള്ള നിയമം അവർ ലംഘിച്ചിരിക്കുന്നു, അവർ ശപഥാർപ്പിതം എടുത്തിരിക്കുന്നു. അവർ മോഷ്ടിച്ച് മറവുചെയ്ത് തങ്ങളുടെ സാമാനങ്ങൾക്കിടയിൽ അത് വെച്ചിരിക്കുന്നു. യിസ്രായേൽ മക്കൾ ശാപഗ്രസ്തരായി തീർന്നതുകൊണ്ട് ശത്രുക്കളുടെ മുമ്പിൽ നില്പാൻ കഴിയാതെ ശത്രുക്കൾക്ക് പുറം കാട്ടേണ്ടിവന്നു. ശാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടുകൂടെ ഇരിക്കയില്ല നീ എഴുന്നേറ്റ് ജനത്തെ ശുദ്ധീകരിച്ച് അവരോട് പറക: നാളത്തേക്ക് നിങ്ങളെതന്നെ ശുദ്ധീകരിപ്പിൻ, യിസ്രായേലേ, നിന്റെ നടുവിൽ ഒരു ശാപം ഉണ്ട്, ശാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കിക്കളയും വരെ ശത്രുക്കളുടെ മുമ്പിൽ നില്പാൻ നിനക്ക് കഴിയുകയില്ല എന്നിങ്ങനെ യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു.”* *യോശുവ 7 : 10 – 13*

ഒരൊറ്റ ആൾ പാപം ചെയ്തത് അനേകം പേർ ശിക്ഷ അനുഭവിക്കാൻ കാരണമായിത്തീർന്നിരിക്കുന്നു. യോന പാപം ചെയ്തു. അനേകരുടെ ചരക്കുകൾക്ക് നാശം വരുത്താൻ ഹേതുവായി. കപ്പലിലുള്ള എല്ലാവരും സംഭ്രാന്തിയിലും ഭീതിയിലും കൂട്ടക്കരച്ചിലിലും നിപതിക്കാൻ ഇടയായി.

“യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?” എന്ന് അന്വേഷിച്ച് പുറപ്പെട്ട വിദ്വാൻമാർ നക്ഷത്രത്തിന്റെ നടത്തിപ്പിന് വിരുദ്ധമായി സ്വന്തബുദ്ധിയിൽ ആശ്രയിച്ച് ഹെരോദാവിന്റെ കൊട്ടാരത്തിൽ കയറിയതുകൊണ്ട് നിരപരാധികളായ എത്രയോ ശിശുക്കൾ വധിക്കപ്പെട്ടു! എന്റെ പാപം കൊണ്ട് ജനത്തിന് ദോഷം വരല്ലേ, അനുഗ്രഹം തടഞ്ഞുപോകരുതേ എന്ന് നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

പാപം ജീവിതത്തിൽ വന്നാൽ നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തുകയില്ല. “ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവ് കേൾക്കയില്ലാ

യിരുന്നു” എന്ന് ദാവീദ് പറയുന്നുണ്ട്. സങ്കീർത്തനം 66:18.

യറീഹോവിലെ ജയം യോശുവായെയും ജനത്തെയും ഒരു പ്രശംസയിലേക്ക് നയിക്കുന്നതിനു കാരണമായോ? സ്വയ ശക്തിയിലുള്ള ആശ്രയവും എല്ലാം പ്രവർത്തിക്കുന്നതും ജയം തരുന്നതും ദൈവത്തിന്റെ കൃപമാത്രമാണെന്നുമുള്ള വിശ്വാസത്തിന്റെ അഭാവവും തോൽവിക്ക് കാരണമായോ? ജനനേതാവ് എന്ന നിലയിൽ ജനത്തിൽ ആർക്കെങ്കിലും തെറ്റു പറ്റിയിട്ടുണ്ടോ എന്ന് ശോധന ചെയ്യുവാനുള്ള ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ യോശുവയ്ക്ക് അലസത വന്നുവോ? ഇവ യെല്ലാം പരാജയകാരണങ്ങൾ ആയിരിക്കാം.

ഒടുവിൽ ആഖാൻ പിടിക്കപ്പെട്ടു. പിടിക്കപ്പെടുന്നതിനു മുമ്പ് ആഖാന് യോശുവയുടെ മുമ്പിൽ ഓടിവരാമായിരുന്നു. ഹായിയുടെ തോൽവിയുടെ കാരണം, യിസ്രായേൽ മക്കൾ പാപം ചെയ്തതും ശാപം വരുത്തിയതുമാണെന്നുള്ള സ്വർഗ്ഗീയ അരുളപ്പാട് കിട്ടിയപ്പോൾ ആഖാന് ഓടിവരാമായിരുന്നു. അനുത പിച്ച് പൊട്ടിക്കരഞ്ഞുകൊണ്ട് പാപങ്ങൾ ഒന്നൊന്നായി ഏറ്റുപ റയാമായിരുന്നു. എങ്കിൽ അനുതാപവും തകർന്ന ഹൃദയവും ആദരിക്കുന്ന ദൈവം ആഖാനെ കഠോരശിക്ഷയിലേക്ക് വിടു മായിരുന്നില്ല.

സമയം കഴിഞ്ഞാണ് ആഖാൻ ഏറ്റുപറഞ്ഞത്. പിടിക്ക പ്പെട്ടപ്പോഴാണ് ഏറ്റുപറഞ്ഞത്. വൈകിപ്പോയി. ന്യായവിധിയുടെ മുമ്പിൽ വരുമ്പോൾ എല്ലാ പാപങ്ങളും വെളിപ്പെടുമല്ലോ. അപ്പോസ്തലനായ യോഹന്നാൻ മുൻകൂട്ടി ദർശിച്ചതുപോലെ “പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു.” വെളിപ്പാട് 20 : 12

മരണവും ന്യായവിധിയും സമീപിക്കുന്നതിനുമുമ്പെ, കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുമു മ്പെ, നാം അനുതപിച്ച് മനം തിരിയണം. താമസിക്കരുത്. സമയം കഴിഞ്ഞുള്ള മാനസാന്തരം പ്രയോജനപ്പെടുകയില്ല. കൃപ യുടെ വാതിൽ തുറന്നിരിക്കുമ്പോൾത്തന്നെ പെട്ടകത്തിൽ പ്രവേശിച്ചുകൊള്ളുക. ഇത് കൃപായുഗമാണ്. എന്നാണ് വാതിൽ

അടയ്ക്കുന്നതെന്ന് അറിയുന്നില്ല.

> *"ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ, എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേ ഉള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും"*
>
> *2 പത്രോസ് 3 : 9 – 10*

സ്നേഹിതരേ, നമുക്ക് നമ്മുടെ നാഥനെ എതിരേല്പാനൊരുങ്ങാം. നമുക്കുവേണ്ടി തുളയ്ക്കപ്പെട്ട പാവന പാദത്തിലണയാനൊരുങ്ങാം. നമ്മുടെ പാപം കഴുകിക്കളയാൻ വേണ്ടി ചിന്തിയ കുറ്റമറ്റ തിരുരക്തത്തിൽ നമുക്കാശ്രയിക്കാം.

# My life in Your Hands

**Note :** I am including a poem, composed by my grand daughter here.

**Prof. M. Y. Yohannan**

I was once like a witch
Inside the deepest of deepest ditch
I was conquered by an inferiority
And I had a feeling of self - pity

Though the reason is still not clear
I found, I had lost something over the year
I did all I knew to recover
But I felt I had no one to deliver
Me from this deep ditch
In which everything was a hitch

Though I was given love in every word
I found no good in this world
I found myself in deep pain
Because all I did was in vain

I found all the future doors closed
And in deep distress I mourned
I felt I was good for nothing
And could find no good in anything
And so I played my life's game
Many days and nights without an aim

Once when I was grieving
Over my life which as breaking
Like a clay pot dropped down
Which once had a beautiful gown

Exactly like my life that
Used to be shining and apt
In every situation
Whatever be the temptation

Then your kind eyes, shone
Saw me, as hard as stone
Your loving hands came down
To take my life in mourn
You got hurt when you took
Me, because I was sharp as a hook

Your hands started bleeding
Though I didn't give it any heeding
You followed me patiently
To transform me completely

You wiped away me tears
Which I had gathered over the years
You took away my burden
And lifted me from all that sadden
In places where I was inferior
You made me great and superior
You showered on me your blessings
Without thinking my past doings

You loved me more than
Every child and man
You gave your blood and paid the penance
For my misbehaviour and violence
How shall with thanks, I return thy love?

Oh! the great sea of love
That sent me the peace and heart of a dove
In this world of sorrows and cries
I will live for thee JESUS, who sighs
Till the last breath of my life flies

I know my life is safe in your arms
For no one can pull me out of thy palms
You'll never forget me nor leave me
Even in all my griefs which flee.
When I leave this world
You'll take me as your word
When I'm here
You'll walk with me through out the year
You have taken over my future
Which I once found a mixture
You gave your life for me
To turn my life towards thee
I'll love you and open my heart's door
To live for you evermore

**Miss Hanna Angel Meleth**
2nd MBBS, Jubily Mission
Medical College, Trichur

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA (English)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. WAY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED? (English)
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH (English)
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE (English)
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS (English)
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH (English)
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS? (English)
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

| | |
|---|---|
| വെള്ളി രാത്രി 9.30<br>ആത്മീയയാത്ര T.V. | ശനി രാവിലെ 6.30<br>സൂര്യ T.V. |
| ഞായർ രാവിലെ 6.30<br>ജീവൻ T.V. | തിങ്കൾ രാവിലെ 6.30<br>ജയ്ഹിന്ദ് T.V. |
| ചൊവ്വ രാവിലെ 6.30<br>ജയ്ഹിന്ദ് T.V. | ചൊവ്വ ഉച്ചയ്ക്ക് 2.00<br>ആത്മീയയാത്ര T.V. |

ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും

**www.crfgospel.org**

**Ph: 9142303096**


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്)** | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം)** | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം** (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |